# കെയ്റോസ്

2013 APRIL | Vol.12 | Issue 4 | ₹15



ഫ്രാൻസിസ് യുഗം

## എഡിറ്റോറിയൽ

# ഓർമകൾ വേണം

പെസഹാ, ഏങ്ങനെയാണ് ആചരിക്കേണ്ടത് എന്നതിനെക്കുറിച്ചുള്ള വിശദമായ നിർദേശങ്ങൾ പുറപ്പാടിന്റെ പുസ്തകം 12-ാം അധ്യായത്തിലുണ്ട്. പെസഹാ എന്താണ് എന്ന് നിങ്ങളുടെ മക്കൾ ചോദിക്കുമ്പോൾ വ്യക്തമായി പറഞ്ഞുകൊടുക്കണം എന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ചെങ്കടലിലും, മരുഭൂമിയിലും, ശത്രുക്കളുടെ ഇടയിലും അഗ്നിസ്തംഭമായും, മേഘത്തൂണായും തങ്ങളെ സംരക്ഷിക്കുകയും വഴി നടത്തുകയും ചെയ്ത ദൈവത്തിന്റെ കരുതലിന്റെ കഥകൾ ജനതകളുടെ അവസാനംവരെ ഓർമിക്കപ്പെടമെന്നതായിരുന്നു ഇസ്രായേലിന്റെ ആഗ്രഹം.

നാമോരോരുത്തരുടെയും ജീവിതത്തിലെ അനുഭവങ്ങളും പ്രധാനപ്പെട്ടതാണ്. നമ്മുടെ ജീവിതത്തിൽ സ്നേഹവും, സാന്ത്വനവും താലോടലുമായി ദൈവം കടന്നുവന്നതിന്റെ ഓർമകൾ തീർച്ചയായും സൂക്ഷിക്കപ്പെടണം.

അനുഭവമാണ് ഏറ്റവും വലിയ ഗുരു എന്നൊക്കെ പറയാറുണ്ടല്ലോ. നല്ലതും, അല്ലാത്തതുമെന്ന് അനുഭവങ്ങളെ തരം തിരിക്കാനാവുമോ. അനുഭവങ്ങളെക്കാളുപരി അതിനോടുള്ള നമ്മുടെ പ്രതികരണമാണ് അതിനെ നല്ലതോ, നല്ലതല്ലാത്തതോ ആക്കുന്നത്. ഏതായാലും അനുഭവങ്ങളെക്കുറിച്ചുള്ള നന്മനിറഞ്ഞ ഓർമകൾ കൃതജ്ഞതയാണ്, നന്ദി പ്രകാശനമാണ്. അത്തരം സ്മരണകൾ സഹോദരങ്ങളെക്കുറിച്ചാകാം, ദൈവത്തെക്കുറിച്ചാകാം. ഓരോ ദിവസവും, അതുവരെയുള്ള ജീവിതത്തിലെ മറ്റുള്ളവരുടെയും ദൈവത്തിന്റെയും ഇടപെടലുകളെക്കുറിച്ചുള്ള കൃതജ്ഞതാ നിർഭരമായ ഓർമകളുമായി പൂർത്തിയാക്കുമ്പോൾ അത് സ്തുതിയുടെ ജീവിതമായിത്തീരുന്നു.

ദൈവം അത്ഭുതകരമായി വഴി നടത്തുകയും കൊണ്ടുനടക്കുകയും ചെയ്യുന്നതിന്റെ ഹൃദയഹാരിയായ അനുഭവങ്ങളുടെയും കൃതജ്ഞതാ നിർഭരമായ ഓർമകളുടെയും തണലിലാണ് കെയ്റോസ് മാസികയും മുന്നോട്ടുനീങ്ങുന്നത്. ധാരാളം പേരുടെ പക്കൽ നിന്ന് നല്ല വാക്കുകളും അഭിനന്ദനങ്ങളും കേൾക്കാനിടയായി. (മാർച്ച് മാസത്തിലെ കെയ്റോസ് നന്നായിരിക്കുന്നു. എന്റെ അമ്മയും അങ്ങനെ തന്നെ പറഞ്ഞു. ഈ കുറിപ്പ് എഴുതുന്നതിനിടിൽ എനിക്ക് കിട്ടിയ ഒരു മൊബൈൽ മെസേജാണിത്. തിരുവനന്തപുറത്തുനിന്ന് അമൽ അയച്ചത്. ഫേസ്ബുക്കിലെ കെയ്റോസ് പേജിൽ ഒരു ആൻസിയുടെ കുറിപ്പ്; കെയ്റോസ് എന്റെ ജീവിതത്തിലെ ഒരു പ്രധാനപ്പെട്ട ഭാഗമാണ്. എന്റെ ചോദ്യങ്ങൾക്കെല്ലാമുള്ള ഉത്തരങ്ങൾ കെയ്റോസിൽ നിന്ന് ലഭിക്കാറുണ്ട്). ധാരാളം പുതിയ വരിക്കാരുണ്ടായിക്കൊണ്ടിരിക്കുന്നു. അനേകരെ പുതുതായി സഹായത്തിന് ലഭിക്കുന്നു. സാമ്പത്തികമായി സഹായിക്കാൻ പലരും മുന്നോട്ടുവരുന്നു. ഞങ്ങളെ സംബന്ധിച്ചിടത്തോളം ദൈവം കൂടെ നടക്കുന്നു എന്നതിന്റെ അടയാളങ്ങളാണിതൊക്കെ. എളിമയോടും വിനയത്തോടുംകൂടി ദൈവതിരുമുമ്പിൽ ഞങ്ങൾ തല കുനിക്കുകയാണ്.



ദൈവത്തിന്റെ സ്നേഹസാന്നിദ്ധ്യം തിരിച്ചറിയാത്ത, ലോകത്തിന്റെയും ലൗകികതയുടെയും ആകർഷണത്തിൽ ജീവിതം നഷ്ടപ്പെടുത്തുന്ന അനേകരുണ്ടെങ്കിലും, മറ്റനേകം യുവജനങ്ങളുടെ ജീവിതത്തിൽ നന്മയുടെ സ്വാധീനമായിത്തീരാൻ കെയ്റോസിനാവുന്നുണ്ട് എന്നത് സന്തോഷകരംതന്നെ. ഇനിയുമേറെ യാത്ര ചെയ്യാനുണ്ട് എന്നത് വാസ്തവം.

ദൈവം നമ്മുടെ ജീവിതത്തിൽ ഇടപെടുകയും, അനുഗ്രഹിക്കുകയും ശിക്ഷണം നൽകുകയും, കൈപിടിച്ച് നടത്തുകയും ചെയ്തതിന്റെ അനുഭവങ്ങൾ കണ്ടെത്തുകയും പരസ്പര വളർച്ചയ്ക്കായി പങ്കുവയ്ക്കുകയും ചെയ്യണമെന്ന് ഓർമിപ്പിക്കട്ടെ. അനുദിന ജീവിതത്തിൽ ദൈവിക സാന്നിദ്ധ്യം തിരിച്ചറിഞ്ഞ് കൃതജ്ഞതയുടെ, കൃപയുടെ, സ്തുതിയുടെ ജീവിതം നയിക്കാൻ അനേകർക്കത് പ്രചോദനമാകും.

കാഞ്ഞിരപ്പള്ളിക്കാരൻ ജോസ്കുര്യന്റേതാണീ ചോദ്യം; പ്ലസ്ടു കഴിഞ്ഞാലുടൻ പതിനായിരക്കണക്കിന് യുവജനങ്ങളാണ് പഠനാവശ്യങ്ങൾക്കായി സ്വന്തം വീട്ടിൽ നിന്നകന്ന് കേരളത്തിനകത്തും പുറത്തുമൊക്കെയായി ഹോസ്റ്റലുകളിലും മറ്റും താമസിക്കുന്നത്. ഇക്കാര്യത്തിനുവേണ്ടി എത്ര പണം വേണമെങ്കിലും ചിലവഴിക്കാൻ മടിയുമില്ല. ഈ കുട്ടികളുടെ മാതാപിതാക്കളോട് തങ്ങളുടെ മക്കളുടെ നന്മക്കായി പുതിയ താമസ സ്ഥലത്ത് മൂന്ന് വർഷത്തേയ്ക്കെങ്കിലും കെയ്റോസ് ലഭിക്കുന്നതിനുള്ള പണവുംകൂടി മുടക്കാൻ ആവശ്യപ്പെട്ടുകൂടെ ?

*സ്നേഹപൂർവം,* ***ചാക്കോച്ചൻ ഞാവള്ളിൽ***

*kairosmag@gmail.com*

Kairos Magazine | April 2013 | Vol.12 | Issue 4 | www.kairos.jesusyouth.org | facebook.com/Readkairos

വിലാസം: കെയ്റോസ്, എമ്മാവൂസ്, എച്ച്.എം.ടി. കോളനി പി.ഒ. പിൻ-683 503. ഫോൺ: 0484 - 2558825
ഇമെയിൽ: kairosmag@gmail.com

കെയ്റോസ് മാസിക വാർഷിക വരിസംഖ്യ: ₹ 180 | അഞ്ചു വർഷത്തേക്ക് ₹ 800 | വിദേശത്തേക്ക് ₹ 1500 (ഒരു വർഷത്തേക്ക്)

സ്പിരിച്വൽ ഡയറക്ടർ **ഫാ. ഷിബു ഒ.സി.ഡി (KYCT Animator)** 9895840991, പ്രിന്റർ ആൻറ് പബ്ലിഷർ **റെജി കരോട്ട്** 9447394142, എക്സിക്യൂട്ടീവ് മാനേജർ **ജോബി തോമസ് (KYCT Co-ordinator)** 9995213936

ചീഫ് എഡിറ്റർ **ഡോ. ചാക്കോച്ചൻ ഞാവള്ളിൽ** 9447572513, അസോസിയേറ്റ് എഡിറ്റർ **സണ്ണി കോക്കാപ്പിള്ളിൽ** 9446890744

എഡിറ്റോറിയൽ ബോർഡ് **ഫാ. ജോഷി മാക്കീൽ** 9895942870, **റെന്നി ഞാറക്കുളം** 9447459474, **ബാബു തുണ്ടത്തിൽ** 9446256120, **അഡ്വ. കെ.ജെ. ജോൺസൺ** 9447245745, **ഡോ. കൊച്ചുറാണി ജോസഫ്** 9447155736, **ഡോ. സൂസി ജോസ്** 9446224723, **ടിറ്റോ മാത്യു** 9605360572, **അഞ്ജു റോസ്** 8086380461, **അരുൺ ആന്റണി** 9447378547, **ജോബി തോമസ് കട്ടപ്പന** 9400472357, **ഷാലു തോമസ്** 9677103641, **ഷാജി ജോസഫ്** 9895405631, **രാജേഷ് മത്തായി** 9447576650, **നൈസിൽ രാജേഷ്** 9446123934, **അനിഷ വി.ജെ** 9747266752, **സന്തോഷ് ഡോമിനിക്ക്** 9895849707, **സിൻജോ പി.കെ** 9895711787, **ജെയിംസ് ആഴ്ചങ്ങാടൻ** 9846142576, **ജോസി ആലഞ്ചേരി** 9249902760, **ഷാജി ലുയിസ്** 9895763292, **ജോസ് കുര്യൻ** 9447128457

സർക്കുലേഷൻ/മാനേജർ **ജോജി ബാബു മമ്പള്ളിൽ** 9447742672, ഫിനാൻസ് മാനേജർ **ടോമി തോട്ടുങ്കൽ** 9447926098,

ഡിസൈൻ **ഷാജി ജോസഫ് അറക്കൽ** 9895405631

കത്തുകൾ

# കെയ്റോസ് കൂടുതൽ പേരിലേക്ക് എത്തിണം

പ്രിയ എഡിറ്റർ,

വർഷങ്ങളായി കെയ്റോസിന്റെ വായനക്കാരനാണ് ഞാൻ. ഒട്ടേറെ പേർക്ക് മാസിക പരിചയപ്പെടുത്തിയിട്ടുമുണ്ട്. കാലാനുസൃതമായി കെയ്റോസിന്റെ കെട്ടിലും മട്ടിലും വന്ന മാറ്റങ്ങളിൽ ഏറെക്കുറെ സംതൃപ്തനാണ് ഞാൻ. കാര്യങ്ങളെ പോസിറ്റിവായി സമീപിക്കുന്ന കെയ്റോസിന്റെ നിലപാട് മാസികയെ വ്യത്യസ്തമാക്കുന്നുണ്ട്. അതോടൊപ്പം വാർത്താവിചാരം പോലുള്ള അതിശക്തമായ വിമർശനങ്ങളും കെയ്റോസിന് ഒരുവ്യക്തിത്വം നൽകുന്നു. എങ്കിലും ഒരു വിഷമമുള്ളത് കൂടുതൽ യുവജനങ്ങളിലേക്ക് കെയ്റോസ് എത്തിപ്പെടുന്നുണ്ടോ എന്നതാണ്? മലയാളത്തിൽ ഇത്തരമൊരു മാസിക മറ്റൊന്നില്ല എന്നിരിക്കെ സാധ്യതകൾ അപാരമല്ലേ? ഒരുപക്ഷേ, ഒരു മതേതര സമൂഹത്തിൽപോലും ഈ പ്രസിദ്ധീകരണം സ്വാഗതം ചെയ്യപ്പെടുമെന്നാണ് തോന്നുന്നത്. എന്നാൽ, വളരെ ദുഖകരമായ വസ്തുത പലയിടത്തും കത്തോലിക്കാ കൂട്ടായ്മകളിൽ വരെ ഇപ്പോഴും മാസികയ്ക്ക് കൂടുതൽ പരിചയപ്പെടുത്തൽ ആവശ്യമുണ്ടെന്നതാണ്. ഈ അവസ്ഥയ്ക്ക് മാറ്റമുണ്ടാകണമെന്നാണ് കെയ്റോസിന്റെ സ്നേഹിതൻ എന്ന നിലയിൽ അണിയറപ്രവർത്തകരോട് എനിക്ക് പറയുവാനുള്ളത്. കെയ്റോസിന്റെ വായനക്കാരും ഇതൊരു ദൗത്യമായി കരുതുമെന്ന് വിചാരിക്കുന്നു.

*ജോർജ് ജോൺ മൂവാറ്റുപുഴ*

ജേക്കബ് കോച്ചേരി



# കുലീന കല

അവധിക്കാലത്ത് മാതാപിതാക്കളോടൊപ്പം കഴിയാൻ കേരളത്തിലെത്തിയ അമേരിക്കൻ മലയാളി കുടുംബത്തിലെ കുട്ടികളുമായി സംസാരിച്ചിരിക്കവേ അവരുടെ സ്കൂൾ വിശേഷങ്ങൾ അറിയാൻ കൗതുകം പൂണ്ടു. കേരളത്തിന്റെ പച്ചപ്പും സൗന്ദര്യവും കുട്ടികൾക്ക് ഇഷ്ടമാണ്. ബന്ധുവീടുകളിൽ പോകുന്നതും രസം തന്നെ. പക്ഷേ, അതിനേക്കാൾ അവർ എപ്പോഴും ഓർക്കുന്നത് അവരുടെ സ്കൂൾ തന്നെ. നാട്ടിൽനിന്നും എത്രയും വേഗം അവധിക്കാലം പൂർത്തിയാക്കി അമേരിക്കയിലേക്ക് തിരിച്ചുപോകാൻ കുട്ടികൾ ആഗ്രഹിക്കുന്നു.

കേരളത്തിലെ ജനങ്ങളെയും സാഹചര്യങ്ങളെയും അവർ മടുത്തുവെന്നാണ് ഞാൻ ആദ്യം കരുതിയത്. എന്നാൽ അവരുടെ സ്കൂളിൽ അവരെ കാത്തിരിക്കുന്ന അധ്യാപകരുടെ പുഞ്ചിരിക്കുന്ന മുഖമാണവരെ സ്കൂളിലേക്കെത്താൻ പ്രേരിപ്പിക്കുന്നത്! വെക്കേഷന് സ്കൂളിൽനിന്ന് യാത്ര പറയുമ്പോൾ അവരുടെ അധ്യാപകർ ഓരോ കുട്ടിയോടും പറയുമത്രേ "നീ പോകുന്നതിൽ ഞങ്ങൾക്കെല്ലാം വലിയ വിഷമമുണ്ട്. ഈ ക്ലാസ്മുറിയും കളിക്കളങ്ങളും നിന്നെകാണാതെ വിഷമിക്കില്ലേ... നിന്റെ അധ്യാപകരും ഈ വിദ്യാലയവും അത്രമാത്രം നിന്നെ സ്നേഹിക്കുന്നു. പക്ഷേ, ഒരാശ്വാസമുള്ളത് ഒരു മാസത്തിനുള്ളിൽ നീ തിരിച്ചു വരുമല്ലോയെന്ന് ഓർത്തിട്ടാണ്. അല്ലെങ്കിൽ നിന്റെ വേർപാട് ഞങ്ങൾക്ക് താങ്ങാനാവുമായിരുന്നില്ല".




അവധി കഴിഞ്ഞ് തിരിച്ചെത്തിക്കഴിയുമ്പോൾ വലിയ ആഘോഷ ആരവങ്ങളോടെയാണ് അധ്യാപകർ കുട്ടികളെ സ്വീകരിക്കാറ്. "ഹായ് നമ്മുടെ ടോണി അവധി കഴിഞ്ഞ് തിരിച്ചു വന്നിരിക്കുന്നു. നമ്മുടെ നഷ്ടപ്പെട്ട സന്തോഷവും ഉത്സാഹവും മടങ്ങിയെത്തിയിരിക്കുന്നു. പുതിയ അധ്യയന വർഷത്തിലേക്ക് നമുക്ക് ഒന്നിച്ച് പ്രവേശിക്കാം".

ആ വിദ്യാലയത്തിലെ ഓരോ കുട്ടിയും ലോകത്തെവിടെച്ചെന്നാലും സ്കൂളിലേക്ക് തിരിച്ചുചെല്ലണമെന്നും അവധിക്കാലം പെട്ടെന്ന് തീരണമെന്നും ആഗ്രഹിക്കുന്നു.

എന്നാൽ നമ്മുടെ വിദ്യാലയങ്ങളിലെ കുട്ടികൾ എങ്ങനെയെങ്കിലും ഒരവധി കിട്ടണമേയെന്ന് പ്രാർഥിക്കാത്ത ദിവസങ്ങളില്ല. സ്കൂൾ, കുട്ടിക്ക് ഇഷ്ടമല്ലാത്ത ഒരിടമായി മാറുന്നതിന് കാരണം കുട്ടിയാണോ അതോ അധ്യാപകരാണോയെന്നതിന് അമേരിക്കൻ സ്കൂളിലെ വിദ്യാർഥിയുടെ അനുഭവം നമുക്ക് മറുപടി തരുന്നു. സ്കൂളിനെ കുട്ടി സ്നേഹിക്കുവാൻ തുടങ്ങണമെങ്കിൽ മുഴുവൻ അധ്യാപകരും ശിശുകേന്ദ്രീകൃതമാകണം. അറിയാൻ ആഗ്രഹമുള്ളവരെങ്കിലും പഠിക്കാൻ വിമുഖരാണ് ഭൂരിപക്ഷം വിദ്യാർഥികളും. ഈ വിമുഖതയെ മാറ്റിയെടുക്കുന്നത് അധ്യാപകരുടെ സമീപനങ്ങളാണ്.

ഡോ. എസ് രാധാകൃഷ്ണന്റെ വാക്കുകൾ പ്രസക്തമാണ്; "ഓരോ അധ്യാപകന്റെയും കയ്യിൽ എത്രയോ കുഞ്ഞുങ്ങളുടെ ഭാവി ഭരമേൽപിച്ചിരിക്കുന്നു. ഒരു കുട്ടിയുടെ മാത്രമല്ല രാജ്യത്തിന്റെ ഭാവിയാണെന്നും കൂടി ഓർമിക്കുക. ഒരു രാജ്യത്തിന്റെ മാറ്റവും വളർച്ചയും ആ വിദ്യാർഥികളെ ആശ്രയിച്ചാണ്. അധ്യാപകർ പഠിപ്പിക്കുക മാത്രമല്ല കുട്ടിയുടെ വ്യക്തിത്വത്തെയും ജീവിതങ്ങളെയും അനശ്വരമാക്കുകയാണ് ചെയ്യുന്നത്. അധ്യാപകർ എന്ത് പഠിപ്പിക്കുന്നു എന്നതിനേക്കാൾ അയാൾ എന്തായിരിക്കുന്നു എന്നതാണ് പ്രധാനം."

അധ്യാപനം ഒരു കുലീനമായ വൃത്തിയാണ്. അതുവഴി അധ്യാപകനും കുലീനനാകുന്നു. അദ്ദേഹം പഠിപ്പിക്കുക മാത്രമല്ല ജീവിതാന്ത്യം വരെ അവരുടെ ജീവിതങ്ങളെ സ്വാധീനിക്കുകയും ചെയ്യുന്നു.

A poor teacher tells
A average teacher explains
A good teacher demonstrates
A great teacher inspires

ഇതിൽ ഞാൻ എവിടെ? ■

അനുഭവം

സണ്ണി കോക്കാപ്പിള്ളിൽ

# അറിഞ്ഞുകൊണ്ട് വേദന ഏറ്റുവാങ്ങുന്നവർ



പ്രണയപരവശനായ ഒരു യുവാവിന്റെ കദനകഥ കേട്ട് സമയം പോയതറിഞ്ഞില്ല. രാത്രി പതിനൊന്നുമണി. 'ഇനി പിന്നീടാകാം. ഉറക്കംവരുന്നു', ഞാൻ പറഞ്ഞു. അൽപംപോലും വിട്ടുവീഴ്ചയ്ക്കു തയ്യാറാകാതെ തങ്ങളുടെ വാദങ്ങളിൽ ചിലർ അടിയുറച്ചുനിൽക്കുമ്പോൾ പ്രശ്നപരിഹാരം അകലെത്തന്നെയായിരിക്കും. എങ്കിലും പ്രശ്നം പരിഹരിക്കപ്പെടേണ്ടതുമുണ്ട്. പിറ്റേന്ന് വീണ്ടും സംസാരിച്ചപ്പോഴാണ് യുവാവ് കുറച്ചു മയപ്പെട്ടത്.

'എന്റെ സ്നേഹം തീവ്രമാണ്. അതിനു മുൻപിൽ അവളുരുകിത്തീരും', ഒരു കാമുകന്റെ കാവ്യഭംഗിയുള്ള ഹൃദയാഭിലാഷങ്ങൾ യാഥാർഥ്യം തന്നെയായിരുന്നു. വാസ്തവത്തിൽ അവളുരുകുകയായിരുന്നു. സ്വന്തം വീട്ടുകാർക്കും കാമുകനുമിടയിൽ ഒരു തീരുമാനവുമെടുക്കാനാകാതെ നിസ്സഹായയായ പെൺകുട്ടി. ഫേസ്ബുക്കിലൂടെ വളർന്ന സൗഹൃദം. വിവാഹം നടക്കാൻ ബുദ്ധിമുട്ടാണെന്ന് രണ്ടുപേർക്കും അറിയാമായിരുന്നു. ഈ തടസ്സങ്ങളെക്കുറിച്ചാണ് അവർ കൂടുതലും പങ്കുവച്ചിരുന്നത്. തങ്ങൾ തമ്മിലുള്ള വിയോജിപ്പുകൾ ഓരോന്നും വ്യക്തമാക്കി തങ്ങളെപ്പറ്റി കൂടുതൽ മനസ്സിലാക്കിയപ്പോഴേക്കും അവരുടെ മനസ്സ് ഒന്നാകുകയും ചെയ്തു.

'വിജി എപ്പോഴും പറയുമായിരുന്നു, വീട്ടുകാർ ഇതു സമ്മതിച്ചുതരില്ലെന്ന്. പക്ഷേ, മറ്റൊരു വ്യക്തിയെക്കുറിച്ച് എനിക്കും ചിന്തിക്കാൻ കൂടി കഴിയുകയില്ല.'

'നടക്കില്ലായെന്നറിഞ്ഞുകൊണ്ട് നിർബന്ധബുദ്ധി കാണിക്കുന്നതു ശരിയാണോ? നമ്മുടെ സ്വാർഥതയ്ക്കുവേണ്ടി എത്ര പേരാണ് ഇന്ന് കണ്ണീരോടെ ഇരിക്കുന്നത്.'

'അവർ തിരിച്ചു ചിന്തിച്ചാൽ കണ്ണീരിനടിസ്ഥാനമില്ല.'

'അങ്ങനെ ചിന്തിക്കില്ലെന്ന് ആദ്യംതന്നെ അറിയാമായിരുന്നല്ലോ. പിന്നെ എന്തിനാണ് നിങ്ങളുടെ ബന്ധത്തെ ഊട്ടിവളർത്തിയത്?'

'നമ്മൾ ബോധപൂർവം സൃഷ്ടിക്കുന്നതൊന്നുമല്ലല്ലോ സ്നേഹം. അതങ്ങനെ സംഭവിച്ചുപോകുന്നതാണ്. അതൊരു തെറ്റായിട്ടാരും കരുതരുത്.'



**വീണ്ടും എതിർപ്പുകൾ ഏതെങ്കിലും ഭാഗത്തു നിൽക്കുന്നുവെങ്കിൽ ഈ ബന്ധം ദൈവിക പദ്ധതിയുടെ ഭാഗമല്ലെന്നു തിരിച്ചറിയുകയും തമ്മിൽ പിരിയാൻ സന്നദ്ധരാവുകയും ചെയ്യുക**

'തെറ്റിന്റെയും ശരിയുടെയും കാര്യമല്ല പറഞ്ഞത്. നമ്മുടെ എല്ലാ അവകാശവാദങ്ങളും എല്ലാവരും അംഗീകരിക്കണമെന്നില്ല. എന്റെ കണ്ണിനു ഹൃദ്യമായ അഥവാ കൗതുകം തോന്നിയ ഒന്നിനെ ഞാൻ സ്വന്തമാക്കാനാഗ്രഹിക്കുന്നു. അതിനു നിർബന്ധ ബുദ്ധി പിടിക്കുന്നു. അതെപ്പോഴും ശരിയായിക്കൊള്ളണമെന്നില്ല. വിദ്യാഭ്യാസത്തിൽ വിജി വളരെ മേലെയാണ്. കരിയറിലാണെങ്കിൽ ഗ്രാഫ് ഉയർന്നുതന്നെ നിൽക്കുന്നു. സാമ്പത്തികവും മികച്ചത്. ഈ കുറവുകൾ മനസ്സിലാക്കിത്തന്നെയാണല്ലോ ബന്ധത്തെ വളർത്തിയത്. ഒത്തുവന്നാൽ വലിയ ലാഭം തന്നെ പ്രതീക്ഷിച്ചു അല്ലേ?'

അജിത് അതിനു മറുപടി പറഞ്ഞില്ല. ഫേസ്ബുക്കിലൂടെ തുടർന്ന സൗഹൃദം കുറെ വളർന്നു കഴിഞ്ഞപ്പോഴാണ് അജിതിനെ സംബന്ധിച്ച യഥാർഥ വിവരങ്ങൾ വിജി മനസ്സിലാക്കുന്നത്. അപ്പോഴേക്കും ഒരു ദിവസംപോലും ഫോണിൽ വിളിക്കാൻ പറ്റാത്തവിധം സൗഹൃദം വളർന്നിരുന്നു. വാസ്തവത്തിൽ ഇക്കാര്യങ്ങൾ മാത്രമല്ല, വിജിയുടെ വീട്ടുകാർക്ക് എതിർപ്പുവരാൻ

കാരണം. വിവാഹബന്ധം അനുവദനീയമല്ലാത്ത വ്യത്യസ്ത സഭകളിൽപെട്ടവരായിരുന്നു ഇരുവരും. വിജി ആദ്യം തന്നെ ഇക്കാര്യം അജിതിനോടു പറഞ്ഞിട്ടുണ്ട്. തന്റെ വീട്ടുകാർ പൂർണ സമ്മതം തന്നാൽ മാത്രമേ താനിതിനു സമ്മതിക്കുകയുള്ളു. തന്നെ ഇത്രയും നാളും പോറ്റി വളർത്തിയവരെ ഒരു നിമിഷത്തിൽ ഉപേക്ഷിക്കാൻ പറ്റുകയില്ല എന്നൊക്കെ.

'എനിക്കു പറയാനുള്ളതിതാണ്, ഏതു ബന്ധവും മുറിച്ചുനീക്കാൻ ബുദ്ധിമുട്ടാണ്. നിങ്ങൾ ഒരു വർഷത്തെ പരസ്പരബന്ധം മുറിച്ചുമാറ്റാൻ അത്യധികം വേദനിക്കുന്നു. എന്നാൽ 25 വർഷത്തെ രക്തബന്ധത്തെ മുറിച്ചുനീക്കുന്നതും എളുപ്പമാണോ? അവനവന്റെ സ്നേഹത്തെ ഏറ്റവും വലുതെന്ന് എല്ലാവരും കരുതുന്നു. അത് മറ്റൊരാളുടെ വേദനയ്ക്കു കാരണമാകുന്നെങ്കിൽ നമ്മുടെ സ്നേഹത്തിൽ സ്വാർഥത കലർന്നിട്ടുണ്ട്. ദൈവമാണ് പരസ്പരം ബന്ധപ്പെടുത്തുന്നതെന്ന് വിശ്വസിക്കുന്നുവെങ്കിൽ, ഒരു നിശ്ചിതകാലം പ്രാർഥനയിലും ഉപവാസത്തിലും ചെലവഴിക്കുക. നിങ്ങൾ ഒരുമിച്ചു ജീവിക്കണമെന്ന് ദൈവിക പദ്ധതിയുണ്ടെങ്കിൽ എല്ലാം അനുകൂലമായിവരും. എന്നാൽ വീണ്ടും എതിർപ്പുകൾ ഏതെങ്കിലും ഭാഗത്തുനിൽക്കുന്നുവെങ്കിൽ ഈ ബന്ധം ദൈവിക പദ്ധതിയുടെ ഭാഗമല്ലെന്നു തിരിച്ചറിയുകയും തമ്മിൽ പിരിയാൻ സന്നദ്ധരാവുകയും ചെയ്യുക. സത്യത്തിൽ അതു വേദനാനിർഭരമാണുതാനും. ജീവിതത്തിൽ എല്ലാ എടുത്തുചാട്ടങ്ങളും വിജയിക്കണമെന്നില്ല. എന്നാൽ പിന്നീടുള്ള കാലം തിരിച്ചറിവിന്റെ വലിയ പാഠങ്ങൾ ഇതു നമുക്കു നൽകും. ഉത്തരവാദിത്വപ്പെട്ടവർ ഒരു കാര്യം വേണ്ടെന്നു പറയുമ്പോൾ അതിന്റെ പിന്നിൽ എന്തെങ്കിലും കാണും. അവരിലൂടെ ദൈവസ്വരമാണു കേൾക്കുന്നതെന്നു കരുതണം.'

'വേറിട്ടുനിൽക്കുന്നവൻ എല്ലാ നല്ല തീരുമാനങ്ങളോടും മറുതലിച്ചുനിൽക്കാൻ പഴുതു നോക്കുന്നു.

ഭോഷനു സ്വന്തം അഭിപ്രായം പ്രകടിപ്പിക്കുന്നതിലല്ലാതെ കാര്യം ഗ്രഹിക്കുന്നതിൽ താത്പര്യമില്ല' (സുഭാ 18;1-2) ■



## കൂടിക്കാഴ്ച

ഷാർലറ്റ് ആൻസ് ടോം

# യുവാക്കൾ അങ്ങനെയാണ്, ഫാ. ഷിബു ഇങ്ങനെയും

ജീസസ് യൂത്തിനൊപ്പം എന്നും വൈദികരുണ്ട്. മുന്നേറ്റത്തിന്റെ ഓരോ ചുവടുവയ്പിലും അവരുടെ കലവറയില്ലാത്ത പ്രാർഥനകളും സ്നേഹവും തിരുത്തലുകളും നിർദേശങ്ങളും മുതൽക്കൂട്ടാണ്. യുവാക്കളുടെ പാതയിൽ ആത്മീയ സൗഹൃദമായി മാറിയ എത്രയെത്ര പുരോഹിതൻമാരാണുള്ളത്. യുവാക്കളുടെ ഭാഷ നന്നായി മനസ്സിലാകുന്ന, അവരുടെ വേഗത്തിനൊപ്പം സഞ്ചരിക്കാൻ കഴിയുന്ന, അവരുടെ ഹൃദയങ്ങളെ സ്വാധീനിക്കാൻ കഴിഞ്ഞ ഒരു പുരോഹിതനാണ് ഇത്തവണ കെയ്റോസുമായി കൂടിക്കാഴ്ചയ്ക്കെത്തുന്നത്.

യുവജനങ്ങൾക്കായുള്ള പ്രവർത്തനങ്ങളിൽ തീക്ഷ്ണതയോടെ പങ്കുചേരുന്ന ഒരു വൈദികൻ. ജീസസ് യൂത്തിന്റെ ഓൾകേരള ടീമിന്റെയും (കെ.വൈ.സി.ടി.) ക്യാംപസ് മിനിസ്ട്രിയുടെയും ആനിമേറ്ററായിരുന്ന, കെ.എസ്.ടി. അംഗമായ ഫാ. ഷിബു ഒ.സി.ഡി. മുന്നേറ്റത്തിലെ ടീനേജേഴ്സിനും യുവാക്കൾക്കും ഷിബുവച്ചൻ ഒരു സുഹൃത്താണ്. അവരുടെ ലോകം അദ്ദേഹത്തിന് അടുത്തറിയാവുന്നതുമാണ്. കാരണം അച്ചനും ഒരു യുവാവാണ്.

**എങ്ങനെയാണ് യുവജന പ്രവർത്തനങ്ങളുടെ ലോകത്തേക്ക് കടന്നുവന്നത്?**

അതുവളരെ യാദൃച്ഛികമായിരുന്നു. 2006 മേയ് മാസം 15-ാം തീയതി മുതൽ 30-ാം തീയതി വരെ മലയാറ്റൂരിൽ വച്ചുനടന്ന ക്യാംപസ് മിനിസ്ട്രിയുടെ മാസ്റ്റർ ബിൽഡേഴ്സ് എന്ന പരിശീലനപരിപാടിയിൽ അവരെ സഹായിക്കുവാനായി പോകുകയുണ്ടായി. രാവിലെ വന്ന് വൈകുന്നേരം പോകുകയായിരുന്നു. അന്നത്തെ ടീം അംഗങ്ങളോടൊപ്പം സമയം ചെലവഴിച്ചതും പ്രാർഥിച്ചതും മലയാറ്റൂർ പുഴയിൽ പോയതുമെല്ലാം വലിയൊരനുഭവമായി. പതിയെ അവരിലൊരാളായി ഞാൻ മാറുകയായിരുന്നു. പരിപാടി കഴിഞ്ഞ് അവർ വീണ്ടും എന്നെ വിളിക്കുമായിരുന്നു. അങ്ങനെ ഒരുനല്ല ബന്ധം പങ്കെടുത്തവരുമായും ലീഡേഴ്സുമായും തുടർന്നുപോന്നു. പിന്നെ എത്രയെത്ര പ്രോഗ്രാമുകൾ,



ഒരുമിച്ചുള്ള ദിവ്യബലികൾ, പങ്കുവയ്ക്കലുകൾ. ഭവന സന്ദർശനങ്ങൾ. ഞാൻ അങ്ങനെ അവരുടെ അച്ചനായി.

### യുവജനങ്ങളുടെ ഇടയിലുള്ള ജീവിതത്തെപ്പറ്റി.?

മലയാറ്റൂർ മലയിൽ നിന്ന് യാത്ര തുടങ്ങി. പിന്നീട് കുട്ടിക്കാനം മരിയൻ കോളേജിൽ എം. എസ്.ഡബ്ല്യു. പഠിച്ചിരുന്നപ്പോൾ അവിടത്തെ ജീസസ് യൂത്ത് പ്രയർ ഗ്രൂപ്പിൽ സജീവമായിരുന്നു. അതുകഴിഞ്ഞ് ഏകദേശം മൂന്നു വർഷത്തോളം ക്യാംപസ് മിനിസ്ട്രിയുടെ ആനിമേറ്റർ ആയിരുന്നു. ഇതിലൂടെ യുവജനങ്ങളെയും അവരുടെ ജീവിതരീതിയെയും അടുത്തറിയാൻ കഴിഞ്ഞു. അവരുടെ കൂടെ യാത്ര ചെയ്യാൻ, അവരിലൊരാളാവാൻ, അവരെ സ്നേഹിക്കാൻ സാധിച്ചു. പിന്നീട് കെ.വൈ.സി.ടി. ആനിമേറ്റർ ആയി കഴിഞ്ഞ മാസം വരെ ശുശ്രൂഷ ചെയ്തു. ഒരു മണിക്കൂർ യുവജനങ്ങളുടെ കൂടെ ചെലവഴിക്കാൻ 8 മണിക്കൂർ യാത്ര ചെയ്ത അനുഭവങ്ങളുണ്ട്.

യുവാക്കളോടൊപ്പം നടക്കണമെങ്കിൽ അവരുടെ ചിന്തകളെയും വിചാരങ്ങളെയും മനസ്സിലാക്കണം. അവരുടെ ഭാഗത്തുനിന്ന് നമ്മൾ ചിന്തിക്കുകയും വേണം.

### യൂത്ത് മിനിസ്ട്രിയുമായി ബന്ധപ്പെട്ട മറക്കാനാവാത്ത അനുഭവം?

2010 ഡിസംബറിൽ കാക്കനാട് രാജഗിരിയിൽ വച്ച് നടന്ന ജീസസ് യൂത്ത് ജൂബിലി. ഇതിന്റെ ഭാഗമാകാൻ കഴിഞ്ഞത് ദൈവാനുഗ്രഹമായി കരുതുന്നു. ആ കൂട്ടായ്മയുടെ സൗന്ദര്യവും ആനന്ദവും ഒന്നുവേറെ തന്നെയായിരുന്നു. ഒരുവലിയ കുടുംബം ഒരുമിച്ചുവന്ന പ്രതീതി. കേരള റീജിയൻ ആനിമേറ്റർ എന്ന നിലയിൽ ജൂബിലി ടീമിന്റെ ഭാഗമായിരുന്നു. വളരെ അനുഗ്രഹപ്രദമായ സമയമായിരുന്നു ജൂബിലിയുടെ ഓരോ നിമിഷവും.

### ജീസസ് യൂത്തിന്റെ ഇടയിൽ വൈദികരുടെയും സിസ്റ്റേഴ്സിന്റെയും ആവശ്യം ഉണ്ടോ?

യുവജനങ്ങളെ മനസ്സിലാക്കുന്ന ഒരുപാട് വൈദികരേയും സിസ്റ്റേഴ്സിനേയും ആവശ്യമുണ്ട്. എല്ലാവരും ആഗ്രഹിക്കുന്നത് വിശുദ്ധരായ നന്മയുള്ള യുവജനസമൂഹത്തെയാണ്. അതിനായി അവരോടൊപ്പം നടക്കണം, അവരെ കേൾക്കണം, അവരോട് തമാശ പറയണം, അവരുടെതമാശ കേട്ട് ചിരിക്കണം.

എല്ലാവർക്കും പ്രശ്നങ്ങളുണ്ട്, ബുദ്ധിമുട്ടുകളുണ്ട്. ഈ അവസ്ഥയിൽ അവരെ മനസ്സിലാക്കി ഒപ്പം നിൽക്കുന്ന ധാരാളം വൈദികരേയും സിസ്റ്റേഴ്സിനെയും അത്യാവശ്യമാണ്.

### കേരളത്തിലെ യുവജനങ്ങളെ എങ്ങനെ നോക്കികാണുന്നു?

ദ്രുതഗതിയിൽ വളർന്നുകൊണ്ടിരിക്കുന്ന, വികസിച്ചുകൊണ്ടിരിക്കുന്ന ലോകമാണ് ഇപ്പോൾ. ഇന്റർനെറ്റിന്റെയും സോഷ്യൽ മീഡിയ, വിഷ്വൽ മീഡിയ ഇവയുടെ അനന്തസാധ്യതകൾ, അതിപ്രസരം, ശക്തമായ സൗഹൃദക്കൂട്ടായ്മകൾ, ജീവിതം ആഘോഷിക്കുവാനുമുള്ള പ്രവണത, മോഡേൺ ആവാനും പാശ്ചാത്യസംസ്കാരം സ്വന്തമാക്കാനുമുള്ള പരക്കം പാച്ചിൽ ഇവയ്ക്കെല്ലാമിടയിലാണ് ഇന്ന് യുവജനങ്ങൾ ജീവിക്കുന്നത്. സ്വാർഥതാത്പര്യങ്ങൾ വളർന്നു വരുന്നതും വിശുദ്ധമായ കുടുംബപശ്ചാത്തലം കുറഞ്ഞുവരുന്നതും തെറ്റായ വഴിയിലേക്ക് യുവജനങ്ങളെ നയിക്കുന്നു. അവർക്ക് തുറന്നു സംസാരിക്കാൻ പറ്റിയ വ്യക്തികളില്ലാത്തതാണ് കാരണം.

### കോൺഗ്രിഗേഷനെപ്പറ്റി?

എന്റെ കമ്യൂണിറ്റിയിലുള്ളവർ നന്നായി സപ്പോർട്ട് ചെയ്യുന്നു. ഇപ്പോഴത്തെ പ്രൊവിൻഷ്യാൽ ഫാ. ജേക്കബ് പള്ളിപ്പറമ്പിൽ, മുൻ പ്രൊവിൻഷ്യാൽ ഫാ. ഡേഷ്യസ് കാഞ്ഞിരംമുക്കിൽ എന്നീ അച്ചൻമാരെല്ലാം എനിക്ക് നല്ല പിന്തുണയാണ് നൽകിയത്. ജീസസ് യൂത്തിലെ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാൻ അവർ അനുഗ്രഹാശിസ്സുകളോടെയാണ് അനുവാദം നൽകിയത്. ഇപ്പോൾ കൂടുതൽ സമയം കമ്യൂണിറ്റിയുടെ കൂടെ ചിലവഴിക്കാൻ ഞാൻ ശ്രമിക്കാറുണ്ട്.

### ജീസസ് യൂത്ത് മൂവ്മെന്റിനെ എങ്ങനെ നോക്കി കാണുന്നു?

വലിയ കൂട്ടായ്മയുടെ അനുഭവമാണ്. പല സ്ഥലങ്ങളിൽ നിന്നുള്ളവർ ഒരുമിച്ച് വന്ന് സഹോദരങ്ങളെപ്പോലെ പ്രവർത്തിക്കുന്നു. പരസ്പരം കേൾക്കാൻ അവർ സമയം കണ്ടെത്തുന്നു. ആഴമേറിയ സൗഹൃദമാണ് ഇവരുടെ ഇടയിൽ. പരിശുദ്ധാത്മാവിന്റെ ഇടപെടലും നയിക്കലും എപ്പോഴും മുന്നേറ്റത്തിൽ അനുഭവവേദ്യമായിട്ടുണ്ട്.

ജീസസ് യൂത്തിൽനിന്ന് ഞാനും പലതും പഠിച്ചിട്ടുണ്ട്. അവരുടെ തീക്ഷ്ണതയും പ്രതിബദ്ധതയും എന്നെ പ്രചോദിപ്പിച്ചിട്ടുണ്ട്. വൈദിക, സന്യസ്ത ജീവിതത്തിനുപുറത്തുള്ള സഭയുടെ മനോഹരമായ മറ്റൊരു മുഖം ഞാൻ കാണുകയായിരുന്നു. സഹനങ്ങളെടുത്തു പ്രാർഥിക്കാനുള്ള ഇവരുടെ സന്നദ്ധതയും ബോധ്യങ്ങളും എന്നെ ആകർഷിച്ചിട്ടുണ്ട്.

എന്നാൽ ഇന്ന് പുതിയൊരാൾ മുന്നേറ്റത്തിലേക്ക് വരുമ്പോൾ കാലാനുസൃതമായ ഒരു വളർച്ച അദ്ദേഹത്തിനുണ്ടാകുന്നുണ്ടോ എന്ന്





സംശയമുണ്ട്. വലിയ ഗാതറിങ്ങുകളിലും മറ്റും കാണുന്ന അതേ എനർജി പ്രാദേശികമായ അടിസ്ഥാന ഘടകങ്ങളിലും ഉണ്ടാകണം. തീർച്ചയായും ജീസസ് യൂത്ത് ഹൗസ്ഹോൾഡ് എന്ന സംരംഭം ശക്തമായാൽ ഇതിനുത്തരമാകും. അതുപോലെ തങ്ങളുടെ ഉത്തരവാദിത്തത്തിന്റെ കാലാവധി കഴിയുമ്പോൾ നേതാക്കൾ മറ്റൊന്നും ചെയ്യാനില്ലാതെ പതിയെ അകന്നുപോകുന്നതും കണ്ടിട്ടുണ്ട്. അവർക്ക് പുതിയ സ്പേസ് കണ്ടെത്തിക്കൊടുക്കാൻ മുന്നേറ്റത്തിനുകഴിയണം.

**അച്ചന്റെ പുതിയ ഉത്തരവാദിത്വത്തെപ്പറ്റി?**

കെ.വൈ.സി.ടി.-യിലെ ഉത്തരവാദിത്വം കഴിഞ്ഞു. മേയ് മാസത്തോടെ കെ.എസ്.ടി.-യിലേതും തീരും. കെ.സി.ബി.സി.-യുടെ ആസ്ഥാനമായ എറണാകുളം പി.ഒ.സി.യിൽ ഡീൻ ഓഫ് സ്റ്റഡീസ് എന്ന ഉത്തരവാദിത്വമാണ് വരുന്ന മാസം മുതൽ എനിക്കായി ഒരുങ്ങുന്നത്. ജീസസ് യൂത്തിന്റെ അച്ചൻ എന്ന ലേബൽ എനിക്കുള്ളതുകൊണ്ടാണ് സഭ ഈ ഉത്തരവാദിത്വം എന്നെ ഏൽപിച്ചത്. ഇതൊരു വലിയ ചലഞ്ചാണ്. എന്നെ സ്നേഹിച്ച എന്റെ മൂവ്മെന്റ് കൂടെയുള്ളതുകൊണ്ട് ആത്മവിശ്വാസം ഉണ്ട്. ആത്മീയമായി ഒരുങ്ങുന്നുണ്ട്. ദൈവം എന്നെ ഒരുക്കുന്നുണ്ട്. അതുകൊണ്ട് സഭയുടെ പ്രതീക്ഷയ്ക്കൊത്ത് കാര്യങ്ങൾ ചെയ്യാൻ പറ്റുമെന്ന് വിശ്വസിക്കുന്നു.

സ്വപ്നങ്ങൾ ഉണ്ട്, സ്വപ്നങ്ങൾ കാണുന്നുണ്ട്, സോഷ്യൽ വർക്കിൽ പി.എച്ച്.ഡി. എടുക്കണം. സഭയ്ക്കുവേണ്ടി, സമൂഹത്തിനുവേണ്ടി, യുവജനങ്ങൾക്കുവേണ്ടി ജീവിക്കണം.

കുട്ടിക്കാനത്തെ ഒസിഡി ആശ്രമത്തിൽ ഇരുന്നാണ് ഇത്രയും സംഭാഷണങ്ങൾ നടന്നത്. ഈ മലകൾക്കും ഇവിടത്തെ കാറ്റിനും കാറ്റാടിമരങ്ങൾക്കുമെല്ലാം ഒരു ആത്മീയതയുടെ നിറവുണ്ടെന്ന് തോന്നും. പ്രാർഥനയ്ക്കും ധ്യാനത്തിനും നല്ല സ്ഥലമാണ് അച്ചൻ പറഞ്ഞു. ഞാൻ ശരിവച്ചു. ശിരസ്സിൽ കൈവച്ച് എനിക്കുവേണ്ടി പ്രാർഥിച്ച് എന്നെ യാത്രയാക്കി. അച്ചനും തിരികെ നടന്നു, പുതിയ ചിന്തകളിലേക്കും ചുമതലകളിലേക്കും ■


കെയ്റോസ് നിങ്ങളുടെ ഭവനത്തിൽ/ജോലിസ്ഥലത്ത്/കാമ്പസിൽ ലഭിക്കുവാൻ ഈ ഫോം പൂരിപ്പിച്ച ശേഷം മണിഓർഡർ/ ഡി.ഡി. സഹിതം അയയ്ക്കുക

**വരിസംഖ്യ കൂപ്പൺ**

പേര്: ..........................................................................

അഡ്രസ്സ്: ..........................................................................

..........................................................................

ജില്ല: ......................................പിൻ: ......................................

മൊബൈൽ: ..................................ഇമെയിൽ..................................

പണമടയ്ക്കുന്ന രീതി: മണിഓർഡർ/ഡിഡി. തുക: ..................................

**വരിസംഖ്യ ഒരു വർഷത്തേക്ക് ₹180**

വിലാസം: കെയ്റോസ്, എമ്മാവൂസ് എച്ച്.എം.ടി.കോളനി.പി.ഒ.,എറണാകുളം-683503 ഫോൺ: 0484 2558825, 9447742672. Email: kairosmag@gmail.com, www.kairos.jesusyouth.org ചെക്കും ഡ്രാഫ്റ്റും കെയ്റോസ്, എറണാകുളം എന്ന പേരിലാണ് എടുക്കേണ്ടത്. ബാങ്ക് ട്രാൻസ്ഫർ ആയി പണമടയ്ക്കുന്നവർ, മുകളിൽ കൊടുത്തിരിക്കുന്ന വിവരങ്ങളോടൊപ്പം കോഡ് നമ്പർ ചേർത്ത് ഈമെയിൽ അയയ്ക്കുക.

**Account Holder:** Kairos Trust **A/c No.:** 13060100110898 **Bank:** Federal Bank **Branch:** Kalamassery **IFSC Code:** FDRL 0001012

ജോബി തോമസ് എം.ടെക്ക്, കട്ടപ്പന





# യേശു എന്തുകൊണ്ട് വ്യത്യസ്തനാണ്?

**ലോകമതങ്ങളുമായി ബന്ധപ്പെട്ട പ്രധാന ചരിത്രപുരുഷൻമാരുടെ ഇടയിൽ താൻ ദൈവത്തിന്റെ അവതാരമാണന്ന് ജീവിച്ചിരുന്ന കാലത്ത് വ്യക്തമായ അവകാശവാദം ഉന്നയിച്ച ഏക വ്യക്തി യേശുക്രിസ്തുവാണന്ന് കഴിഞ്ഞ ലക്കത്തിൽ നമ്മൾ കണ്ടു. ഇതര മതസ്ഥാപകരിൽനിന്ന് വ്യത്യസ്തമായി യേശുവിൽ മാത്രം കാണപ്പെടുന്ന പ്രധാനപ്പെട്ട സവിശേഷതകൾ ചുവടെ തന്നിരിക്കുന്നു.**

1. ഈ ഭൂമിയിൽ പിറന്നു വീഴുന്നതിനു നൂറ്റാണ്ടുകൾക്കുമുമ്പ് തന്നെ നിരവധി പ്രവാചകൻമാരാൽ പ്രവചിക്കപ്പെട്ട ഏക ചരിത്രപുരുഷൻ യേശുവാണ്.

2. പുരുഷസംസർഗമില്ലാതെ, മാനവചരിത്രത്തിൽ ഗർഭം ധരിക്കപ്പെട്ട, ഏക വ്യക്തി യേശുവാണ്.

3. പന്ത്രണ്ടു വയസ്സുള്ള ഒരു ബാലനായിരിക്കുമ്പോൾതന്നെ യേശു മറ്റേതൊരു മതസ്ഥാപകനിൽനിന്നും തികച്ചും വ്യത്യസ്തനായിരുന്നു. (ഈ പ്രായത്തിൽ, ജറുസലേമിലെ നിയമപണ്ഡിതരോട് തർക്കിച്ച് അവരിൽ വിസ്മയം ജനിപ്പിക്കാൻ തക്കവിധമുള്ള ആത്മീയ അറിവ് യേശുവിനുണ്ടായിരുന്നു.)

4. മാനവചരിത്രത്തിൽജീവിച്ചിരുന്നമറ്റേതൊരു വ്യക്തി പ്രവർത്തിച്ചിട്ടുള്ളതിലും അധികം അത്ഭുതങ്ങൾ യേശു പ്രവർത്തിച്ചിട്ടുണ്ട്.

5. തന്റെ പ്രബോധനങ്ങളുടെ ആധികാരികതയെക്കുറിച്ച് യേശു പ്രകടിപ്പിച്ചിട്ടുള്ളിടത്തോളം ഉയർന്ന ആത്മവിശ്വാസം മറ്റൊരു മതനേതാവും അയാളുടെ പ്രബോധനങ്ങളുടെ കാര്യത്തിൽ പ്രകടിപ്പിച്ചിട്ടില്ല.

6. മനുഷ്യവംശത്തിന്റെ മുമ്പിൽ യേശു വച്ചിട്ടുള്ളിടത്തോളം ഉയർന്ന ധാർമിക മൂല്യങ്ങൾ മറ്റൊരു മതനേതാവും മുന്നോട്ടു വച്ചിട്ടില്ല.

7. മാനവ ചരിത്രത്തിൽ 'ഞാൻ ഒരിക്കലും പാപം ചെയ്തിട്ടില്ല' എന്നവകാശപ്പെട്ട ഏക മതസ്ഥാപകൻ യേശുവാണ്.

8. മാനവ ചരിത്രത്തിൽ മറ്റൊരു മതസ്ഥാപകനും യേശുവിനെപോലെ ആധികാരികതയോടെ മനുഷ്യരുടെ പാപങ്ങൾ ക്ഷമിച്ചിട്ടില്ല.

9. മാനവ ചരിത്രത്തിൽ തന്നിൽ വിശ്വസിക്കുന്നവന് അവന്റെ മരണശേഷം താൻ മറ്റൊരു ജീവിതം നൽകാമെന്ന് വാഗ്ദാനം ചെയ്ത ഏക മതസ്ഥാപകൻ യേശുവാണ്.

10. മറ്റേതൊരു മതസ്ഥാപകൻ നൽകിയിട്ടുള്ളതിനേക്കാളും, സ്നേഹത്തിന്റെ ഉദാത്തമായ മാതൃക യേശു മനുഷ്യവംശത്തിനു നൽകി.

11. യേശുവല്ലാതെ മറ്റൊരു മതനേതാവും മനുഷ്യവംശത്തിന്റെ പാപപരിഹാരാർഥം മരിച്ചിട്ടില്ല.

12. മനുഷ്യ ചരിത്രത്തിൽ, മരണശേഷം തന്റെ ശരീരത്തോടുകൂടി ഉയിർത്തെഴുനേൽക്കുകയും, വീണ്ടും മരിക്കാതിരിക്കുകയും ചെയ്ത ഏക വ്യക്തി യേശുവാണ്.

13. മനുഷ്യ ജീവിതങ്ങളുടെ മേൽ യേശുവിനോളം സ്വാധീനം ചെലുത്തിയിട്ടുള്ള മറ്റൊരു വ്യക്തി ഈ ഭൂമിയിൽ ഉണ്ടായിട്ടില്ല.

14. തന്നിൽ വിശ്വസിക്കുന്നവർക്ക് ധാർമിക നിയമങ്ങൾ പാലിക്കാനുള്ള അതിസ്വാഭാവിക ദൈവശക്തി താൻ തന്നെ നൽകാമെന്ന് വാഗ്ദാനം ചെയ്ത ഏക മതസ്ഥാപകൻ യേശുവാണ്.

യേശു മാത്രമാണ് ദൈവം മനുഷ്യനായി ഭൂമിയിൽ അവതരിച്ചതെന്ന സത്യത്തോട് തുറന്ന മനോഭാവമുള്ള ഏതൊരു മനുഷ്യനും മനസ്സിലാക്കാവുന്നതേയുള്ളൂ ■



## കവർസ്റ്റോറി

ജോസ് തേനമ്മാക്കൽ

**ഈ ലോകത്തു നമുക്ക് ചെയ്യാൻ കഴിയുന്ന ഏറ്റവും വലിയ കാര്യമെന്താണ്? ഒരാൾക്ക് ദൈവത്തെ കാട്ടിക്കൊടുക്കാൻ കഴിയുന്നതല്ലേ? നാം അനുഭവിച്ച ദൈവത്തെ മറ്റുള്ളവർക്കും അനുഭവിക്കാൻ നമ്മിലൂടെ ഇടയാകുന്നതിലും വലിയ സാഫല്യമുണ്ടോ? അങ്ങനെ ദൈവാനുഭവം ഒരു ശൃംഖലയായി തുടരുന്നതല്ലേ യഥാർഥ സുവിശേഷവൽക്കരണം?**

# വെളിച്ചം കിട്ടിയവർ വെളിച്ചം കാട്ടുമ്പോൾ

1987-ൽ ധ്യാനത്തിൽ പങ്കെടുത്തപ്പോൾ യേശുവിനെ എന്റെ ജീവിതത്തിന്റെ രക്ഷകനും നാഥനുമായി സ്വീകരിച്ചു. ശേഷിച്ച ജീവിതം യേശുവിന്റേതായി ജീവിക്കാൻ തീരുമാനിച്ചു. നവീകരണ അനുഭവത്തിൽ നിലനിൽക്കുവാൻ കൽപറ്റ ഇടവകയിൽ അച്ചനോടു പറഞ്ഞ് ഒരു പ്രാർഥനാ ഗ്രൂപ്പും ആരംഭിച്ചു. ഈ കൂട്ടായ്മയിൽ വന്ന് ദൈവാനുഭവത്തിലും ശുശ്രൂഷാ ജീവിതത്തിലും വളർന്ന ചിലരുടെ അനുഭവങ്ങളാണ് എനിക്കുപറയാനുള്ളത്.

നല്ല ക്രൈസ്തവപാരമ്പര്യമുള്ള കുടുംബത്തിൽ ജനിച്ച് ദിവ്യബലികളിലും മറ്റും പങ്കെടുത്ത് മാന്യനായി ജീവിച്ചിരുന്ന വ്യക്തിയായിരുന്നു പാറ്റാനി ജോണി, നവീകരണത്തിലേക്കു വന്നതിനുശേഷം നേരത്തെ ഉണ്ടായിരുന്ന അൽപമായ മദ്യപാനവും, പുകവലിയും ദുഃശീലങ്ങളും ഉപേക്ഷിച്ച് കുടുംബത്തിലെ ഉത്തരവാദിത്വങ്ങൾക്കൊപ്പം സഭാസേവനത്തിലും, ജീവകാരുണ്യ പ്രവർത്തനങ്ങളിലും വചനശുശ്രൂഷകളിലും പങ്കെടുത്തുതുടങ്ങി. ഗ്രൂപ്പായി പ്രാർഥിച്ചിരുന്നാൽമാത്രംപോരാ പ്രവർത്തനങ്ങളും വേണമെന്ന് വികാരിയച്ചൻ പറഞ്ഞപ്പോൾ വിൻസെന്റ് ഡി പോൾ സംഘടനാ പ്രവർത്തനങ്ങൾ ആരംഭിച്ചു. പൂർണമായ സമർപ്പണത്തോടെയുള്ള അദ്ദേഹത്തിന്റെ പ്രവർത്തനത്തിലൂടെ സംഘടനയിൽ സംഭവിച്ച നൻമകൾ ഒട്ടേറെയായിരുന്നു.

നടവയലിൽ 'ഓസാനാം ഭവൻ' എന്ന അനാഥാലയം സ്ഥാപിക്കുന്നതിലും വളർത്തുന്നതിലും മുൻകൈയെടുത്തുപ്രവർത്തിച്ചു. എല്ലാവരാലും ഉപേക്ഷിക്കപ്പെട്ടവരും രോഗികളുമായവരെ അവിടെ ശുശ്രൂഷിക്കുന്നു. ഇപ്പോഴും അതിന്റെ ഇൻചാർജ് ആണ്. ധ്യാനം കൂടി സേവന സന്നദ്ധതയുള്ള പല പ്രേഷിതരും അവിടെയുണ്ട്. ഭാര്യ കുട്ടിയമ്മയും സംഘടനാ പ്രവർത്തനങ്ങളിൽ സജീവമാണ്.


ഇടവകയിലെ കൂട്ടായ്മകളിലും രൂപതാ തലത്തിലും അദ്ദേഹം ഇന്ന് പ്രവർത്തിക്കുന്നുണ്ട്.

വയനാട്ടിലെ ഏറ്റവും നല്ല വിദ്യാഭ്യാസ സ്ഥാപനമായ ഡി പോൾ സ്കൂൾ ഇടവകയിൽ കൊണ്ടുവരുന്നതിന് രൂപതയുമായി ബന്ധപ്പെട്ടു സജീവമായി പ്രവർത്തിച്ചു, ലോകത്തിന്റെ വഴിയിൽ മുന്നേറാൻ ശ്രമിച്ചിരുന്ന വ്യക്തി യേശുവിനോടും സഭയോടും ചേർന്ന് ദൂരവ്യാപകമായ സത്ഫലങ്ങൾ ഉണ്ടാക്കുന്ന വ്യക്തിയായിമാറി.

'ദൈവത്തിന്റെ രാജ്യവും നീതിയും അന്വേഷിക്കുക ബാക്കിയെല്ലാം ലഭിക്കും (മത്താ 6:33)' എന്ന വചനപ്രകാരം അദ്ദേഹവും, ഭാര്യയും, മക്കളും, പ്രവർത്തന മേഖലകളും അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു.

ജോസഫ് തോട്ടുപുറത്തിനെ ഫാത്തിമാ ഹോസ്പിറ്റൽ ചാപ്പലിൽ കുർബാനയിൽ പങ്കെടുക്കുമ്പോഴാണ് കണ്ടുമുട്ടിയത്. പ്രാർഥനാഗ്രൂപ്പിലേക്ക് ക്ഷണിച്ചു, കൽപറ്റയിൽ നിന്ന് 15 കിലോമീറ്റർ ദൂരത്തുള്ള മീനങ്ങാടിയിൽ നിന്ന് ആഴ്ചയിലൊരിക്കലുള്ള ഒന്നര മണിക്കൂർ പ്രാർഥനയിൽ പങ്കെടുക്കാൻ ഭാര്യ മേഴ്സിയും





കുട്ടികളുമൊപ്പം എല്ലാ ആഴ്ചയിലും വന്നിരുന്നു. പിന്നീട് ദമ്പതി കൂട്ടായ്മയുണ്ടാക്കിയപ്പോൾ അതിലും ഭാഗഭാക്കായി. ഒരു കോൺട്രാക്ടറാണ്. സാമ്പത്തികമായി തകർന്ന് വാടകകൊടുക്കാനും, അരിസാധനങ്ങളും വാങ്ങാൻ വരെ ബുദ്ധിമുട്ടിയ ആൾ. കടബാധ്യതകളിലും, കേസുകളിലും കുടുങ്ങി. ആത്മഹത്യചെയ്യാൻവരെ ചിന്തിച്ചിരുന്നയാളാണ്. ദമ്പതികൂട്ടായ്മയിൽ കുടുംബങ്ങൾ അധികമായപ്പോൾ അടുത്ത സെല്ലിന്റെ ലീഡറായി. പിന്നീട് മാനന്തവാടി സോണിലെ ദമ്പതികൂട്ടായ്മയുടെ കോ-ഓർഡിനേറ്ററായി. 40 ഇടവകകളിൽ 300-ഓളം സെല്ലുകൾ രൂപപ്പെടുത്തി. അക്രൈസ്തവരുൾപ്പെടെ ആയിരത്തിലധികം ആളുകളെ ധ്യാനത്തിനു വിട്ടു. സഭയുടെ അനുവാദത്തോടെ മുഖ്യമായും അക്രൈസ്തവരെ ഉദ്ദേശിച്ച് സ്വന്തം ഭവനത്തിൽ പ്രാർഥനാഗ്രൂപ്പ് തുടങ്ങി. കടബാധ്യതകളും രോഗങ്ങളും ദുഃശീലങ്ങളുമായി തകർന്നു വരുന്നവരെ കേട്ട് ആശ്വസിപ്പിച്ച് സ്നേഹിച്ച് വഴികാട്ടുന്നതിൽ ഭാര്യ മേഴ്സിയും വലിയ പങ്കുവഹിക്കുന്നു. 51 വിജാതിയർക്ക് മാമ്മോദീസാ കൊടുക്കാൻ സഹായിച്ചു. അദ്ദേഹത്തിന്റെ അടുത്തുവന്നവർ നല്ലവിശ്വാസികളായി. സഭയോടുചേർന്ന് അനുദിന ദിവ്യബലികളിൽ പങ്കെടുക്കുന്നവരും സാക്ഷ്യജീവിതം നയിക്കുന്നവരുമായി. അനാഥാലയങ്ങളിലും, ആശുപത്രികളിലും, വചനപ്രഘോഷണം, ഭവനസന്ദർശനം തുടങ്ങിയ ശുശ്രൂഷകളുമായി അവർ മുന്നേറുന്നു.

ജോസഫ് ചേട്ടന് കൽപറ്റയിൽ സ്വന്തമായി സ്ഥലവും വീടും, വാഹനവും മറ്റു സൗകര്യങ്ങളുമായി. മക്കളും നല്ലനിലയിലെത്തി. 'കർത്താവായ യേശുവിൽ വിശ്വസിക്കുക നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും (അപ്പ. 16:31)' ഈ വചനം ജോസഫ് ചേട്ടന്റെ ഭവനത്തിൽ യാഥാർഥ്യമായി.

ജോസഫ് ചേട്ടൻ പറഞ്ഞു വിട്ടിട്ട് എന്റെയടുത്ത് പ്രാർഥിക്കാൻ വന്നതാണ് തമിഴ് നാട്ടുകാരനായ കുമാർ. തുണിക്കച്ചവടവും, ചിട്ടിയുമായി വന്നയാളാണ്. ബിസിനസ് പൊളിഞ്ഞ് കടം കയറി. കടക്കാർ വന്ന് ഗൃഹോപകരണങ്ങളും ബൈക്കുമെല്ലാം കൊണ്ടുപോയി. വാടക കൊടുക്കാനോ, അരിവാങ്ങാനോ, കുട്ടികളെ പഠിപ്പിക്കാനോ, ബാക്കി കടം വീട്ടാനോ നിവൃത്തിയില്ലാത്ത അവസ്ഥയിലാണ് വന്നത്. ദൈവം കുമാറിനെ സ്നേഹിക്കുന്നുണ്ടെന്നും യേശു രക്ഷിക്കുമെന്നും കടക്കാർക്കുവേണ്ടി ക്ഷമിച്ച് പ്രാർഥിക്കേണ്ടതെങ്ങനെയെന്നും അവരോട് നല്ലവാക്കുപറയേണ്ടതെങ്ങനെയെന്നും പറഞ്ഞുകൊടുത്ത് അദ്ദേഹത്തെ പറഞ്ഞയച്ചു.

ഒരു ദിവസം പ്രഭാതപ്രാർഥനയുടെ സമയത്ത് കുമാറിനെ സന്ദർശിക്കണമെന്നും 500 രൂപ കൊടുക്കണമെന്നും ആത്മാവ് പ്രേരണ നൽകി. ഞാൻ വീട്ടിലെത്തുമ്പോൾ കുമാർ പനിപിടിച്ചുകിടപ്പായിരുന്നു. ഞാൻ പ്രാർഥിച്ചു, പണവും കൊടുത്തു, ആശുപത്രിയിൽപോകാൻ പറഞ്ഞു. പിന്നീടുകണ്ടപ്പോൾ മെനഞ്ചൈറ്റിസ് ആയിരുന്നു, പ്രാർഥനയിൽ സുഖപ്പെട്ടു എന്നു പറഞ്ഞു.

മറ്റൊരുദിവസം ടൗണിൽ കൂടി നടക്കുമ്പോൾ കുമാറിന്റെ അടുത്തു പോകാൻ തോന്നി. എന്നെക്കാണാൻ പ്രാർഥിച്ചു കൊണ്ടിരുന്നപ്പോഴാണ് ഞാനെത്തിയതെന്നദ്ദേഹം പറഞ്ഞു. ഞാൻ ചെന്നില്ലെങ്കിൽ ആത്മഹത്യ ചെയ്യാൻ തീരുമാനിച്ചിരിക്കയായിരുന്നത്രേ. പിന്നീട്, കുമാർ കുടുംബസമേതം ധ്യാനംകൂടി, ജ്ഞാനസ്നാനം സ്വീകരിച്ചു. സ്വന്തക്കാരിൽ ആറുപേർകൂടി ധ്യാനത്തിൽ പങ്കെടുത്ത് മാമ്മോദീസ സ്വീകരിച്ചു നല്ല ക്രൈസ്തവ ജീവിതം നയിക്കുന്നു.

ഫാത്തിമ ഹോസ്പിറ്റലിൽ കുർബാനയ്ക്കു ചെന്ന കുമാറിന് അവിടെ ജോലികിട്ടി, ഭാര്യ പലഹാരങ്ങൾ ഉണ്ടാക്കിവിതരണം ചെയ്യുന്ന ജോലിചെയ്യുന്നു. ഇന്ന് സ്വന്തമായി ഒന്നര ഏക്കർസ്ഥലം, വീട്, വാഹനങ്ങൾ, ആധുനിക ഗൃഹോപകരണങ്ങൾ എല്ലാം ആയി, കടങ്ങൾ തീർന്നു. എൻട്രൻസ് എഴുതി വിജയിച്ച മകൾ പോണ്ടിച്ചേരിയിൽ മെഡിസിന് പഠിക്കുന്നു. ദശാംശത്തിലും അധികമായി ദാനം ചെയ്യുന്നു. സമയം കണ്ടെത്തി അനുഭവസാക്ഷ്യം പങ്കുവയ്ക്കുന്നു. നല്ലകത്തോലിക്കാകുടുംബമായി ജീവിക്കുന്നു.

എല്ലാ സ്തുതിയും, മഹത്വവും ഈശോയ്ക്ക് അർപ്പിക്കുന്നു ■

*ലേഖകൻ K.S.T.-യുടെ കീഴിലുള്ള കെരിഗ്മ മിനിസ്ട്രിയിലും (പ്രാരംഭ സുവിശേഷ പ്രഘോഷണ പരിശീലനം) മാനന്തവാടി സോണൽ ടീമിൽ ഇവാഞ്ചലൈസേഷൻ ടീമിന്റെ കോ-ഓർഡിനേറ്ററായും പ്രവർത്തിക്കുന്നു. ഭവന സന്ദർശനം, ധ്യാനങ്ങൾ, കൗൺസിലിംഗ്, തെരുവു പ്രസംഗം തുടങ്ങിയ ശുശ്രൂഷകളിൽ പങ്കെടുത്ത് തന്റെ സമർപ്പണ ജീവിതം നടത്തിവരുന്നു.*





## കവർസ്റ്റോറി

സെബാസ്റ്റ്യൻ പള്ളിത്തോട്

# ഞാൻ യേശുവിനെ അയച്ചതായിരുന്നു...!





സാധാരണ പാർലിമെന്റ് തെരഞ്ഞെടുപ്പുകളിൽ കാണാത്ത വീറും വാശിയും ആവേശവുമായിരുന്നു അത്തവണ. കമ്യൂണിസ്റ്റ് വിപ്ലവം ഒട്ടനവധി രക്തസാക്ഷികളെ സമ്മാനിച്ച മണ്ണിൽ നിന്നും ആ നാട്ടുകാരായ രണ്ടു ശക്തന്മാർ മത്സരിക്കുന്നു എന്നതുകൂടി ആ തെരഞ്ഞെടുപ്പിന്റെ പ്രത്യേകതയായിരുന്നു. എ.കെ. ആന്റണിയും സി.കെ. ചന്ദ്രപ്പനുമായിരുന്നു ആ മത്സരാർഥികൾ. അതുകൊണ്ടുതന്നെ 1996-ൽ നടന്ന തെരഞ്ഞെടുപ്പ് തീപാറുന്ന ഒരു മത്സരമായിമാറി, ചേർത്തലയിൽ.

പകലത്തെ തെരഞ്ഞെടുപ്പു ജോലിയപ്പാടെ സംഘർഷഭരിതമായിരുന്നു. പോളിംഗ് ഏജന്റുമാർ തമ്മിലുള്ള തർക്കങ്ങൾ. ബൂത്ത് പിടിച്ചെടുത്തേക്കാം എന്ന കിംവദന്തികൾ, ചീറിപ്പായുന്ന പോലീസ് വണ്ടികൾ. എങ്ങും ഭയത്തിന്റെ അന്തരീക്ഷം...

പതിവിലും വൈകിവന്ന വണ്ടിയിൽ കളക്ഷൻ സെന്ററിൽ മടങ്ങിയെത്തുമ്പോൾ രാത്രി ഒൻപതുമണി കഴിഞ്ഞിരുന്നു. അവിടത്തെ തിരക്കിലും ബഹളത്തിലും കനത്ത ബാലറ്റ് പെട്ടികളുമായി ക്യൂവിൽ നിന്ന്, ബാലറ്റ് അക്കൗണ്ടുകളും അനുബന്ധ സാമഗ്രികളും തിരിച്ചേൽപിച്ച് തൊട്ടടുത്തുള്ള കെ.എസ്.ആർ.ടി.സി. സ്റ്റാൻഡിൽ എത്തുമ്പോഴേയ്ക്കും നാട്ടിലേയ്ക്കുള്ള ഒടുവിലത്തെ വണ്ടിയും വളവുതിരിയുന്നതു കണ്ടു. ബദ്ധപ്പെട്ട് ഓടിവന്ന് അതിനു കൈകാണിക്കുമ്പോൾ, എന്നും കണ്ടു പരിചയമുള്ള അതിന്റെ ഡ്രൈവർ അതു കണ്ടില്ലെന്നു നടിച്ച് ആക്സിലേറ്ററിൽ ഒരിക്കൽക്കൂടി കാലമർത്തി! ലോകത്തുള്ള എല്ലാ ഡ്രൈവർമാരെയും മനസ്സാ ശപിച്ചുപോയ നിമിഷമായിരുന്നു അത്.

നിരാശനായി തിരിച്ചു വീണ്ടും സ്റ്റാൻഡിലേക്ക്. അപൂർവമായി സ്റ്റാൻഡ് സന്ദർശിച്ചുപോകുന്ന ദീർഘദൂര ബസുകൾ. എല്ലാത്തിലും സൂചികയറ്റാൻ ഇടമില്ലാത്തവിധമുള്ള തിരക്ക്. മൂടിക്കെട്ടിയ ആകാശം. കഴിഞ്ഞ ഒരു മാസത്തോളമായി നിലനിന്നിരുന്ന തെരഞ്ഞെടുപ്പു ചൂടിനെ തണുപ്പിക്കാനെന്നോണം അകലെയെവിടെയൊ കരിമേഘങ്ങൾ നിരക്കുന്നു. ഒരു മഴയ്ക്കുള്ള സന്നാഹങ്ങൾ. ഒറ്റപ്പെട്ട മിന്നലുകൾ കിഴക്കൻ ആകാശത്തിൽ കത്തിപ്പടരുന്നു.

പത്തുമണി ആകുമ്പോഴേക്കും എറണാകുളത്തേയ്ക്കു പോകുന്ന ഒരു ഓർഡിനറി ബസുണ്ട്. അത് ആലപ്പുഴയിൽ നിന്നു വന്നാലായി. അതുമാത്രമാണ് ഇനി ഏക ആശ്രയം.

അനന്തമായ കാത്തിരിപ്പിന്റെ നിമിഷങ്ങളായിരുന്നു പിന്നീട്. പലയിടങ്ങളിലായി തെരഞ്ഞെടുപ്പു ജോലികൾക്കു നിയോഗിച്ച ഉദ്യോഗസ്ഥന്മാർ ഓരോരുത്തരായി തിരിച്ചെത്തിക്കൊണ്ടിരുന്നു. നേരം പത്തു മണിയോട് അടുക്കുമ്പോഴേയ്ക്കും ബസ്സ്റ്റാൻഡിൽ ഒരു പെരുന്നാളിന്റെ തിരക്കായി. അതിനിടയിൽ അയാൾ വീടിനെക്കുറിച്ച് ഓർത്തു. അവിടെ കണ്ണിൽ എണ്ണയുമൊഴിച്ച് കാത്തിരിക്കുന്ന വൃദ്ധയായ അമ്മയും ഭാര്യയും മക്കളും. നോക്കിനോക്കിയിരുന്ന് അവരുടെ കണ്ണ് കടയുന്നുണ്ടാകണം. മകൻ തിരിച്ചെത്തുവോളവും പാതി തുറന്നിട്ട വാതിലിന്നരികെ കത്തിച്ചുവച്ച വിളക്കുമായി വഴിയിലേയ്ക്കും നോക്കി വ്യാകുലപ്പെട്ടിരിക്കുന്ന അമ്മയുടെ പ്രാർഥനാഭരിതമായ മുഖം അയാളുടെ മനസ്സിൽ വ്യക്തമായി തെളിയുന്നുണ്ട്.

രാത്രി പത്തരയോടെ ആലപ്പുഴയിൽ നിന്നും ആടിയുലഞ്ഞ് എത്തിയ ആനവണ്ടിയിൽ ഒരു നിയോജകമണ്ഡലത്തിലെ ആളുകൾ മുഴുവനും കയറിപ്പറ്റിയിട്ടുണ്ടെന്നുതോന്നി. കിഴക്കൻ ദിക്കിൽ പൊട്ടിത്തുടങ്ങിയ ഇടിയും മിന്നലും ഇപ്പോൾ നേർത്തൊരു ആരവത്തോടെ മഴയായി ബസിന്റെ തുരുമ്പിച്ച മേൽക്കൂരയിൽ താളം പിടിക്കാനും അതു സാവകാശം ചോർന്നൊലിക്കാനും തുടങ്ങി. വശങ്ങളിലുള്ള കീറിപ്പൊളിഞ്ഞ പടുതകൾ മഴയെ മുഴുവനും വണ്ടിയുടെ ഉള്ളിലെത്തിക്കാൻ പണിപ്പെട്ടുകൊണ്ടിരുന്നു... ചേർത്തല മുതൽ തുറവൂർ വരെ നീളുന്ന 11 കിലോമീറ്റർ പിന്നിടാൻ ഒരായുസ്സിന്റെ ഇടവേള മുഴുവനും വേണ്ടിവന്നുവെന്നും തോന്നാതിരുന്നില്ല.

തുറവൂർ മഹാക്ഷേത്രത്തിനരികിലൂടെ കുതിച്ചൊഴുകുന്ന ചെളിവെള്ളത്തിൽ കാൽവച്ച ആ നിമിഷം ആരോടോ പകതീർക്കാൻ എന്നപോലെ തെരുവുവിളക്കുകളെല്ലാം ഒന്നിച്ചണഞ്ഞു. വീശിയടിക്കുന്ന കാറ്റിലും മഹാമാരിയിലും, വഴുക്കുന്ന വയൽവരമ്പുകളിലൂടെ ഇനി അഞ്ചുകിലോമീറ്റർ നടന്നുവേണം തന്റെ മാളത്തിലെത്തിച്ചേരാൻ. എവിടെയെങ്കിലും കയറി



നിൽക്കാം എന്നു വച്ചാൽ 'അകാലവർഷം' എപ്പോഴാണു പെയ്തുതീരുകയെന്നും നിശ്ചയമില്ല. കുട കരുതിയിട്ടില്ലാത്തതിനാൽ ഒരു പക്ഷിക്കുഞ്ഞിനെപ്പോലെ അയാൾ നനഞ്ഞു കുതിർന്നു.

## രണ്ട്

തികച്ചും ഏകാന്തമായ വഴിത്താര. മനുഷ്യരായ മനുഷ്യരെല്ലാം തണുപ്പിൽ മൂടിപ്പുതച്ചുറങ്ങുന്ന പാതിരാവിൽ അശരണനും ഏകാകിയുമായൊരാൾ തന്റെ അന്തിത്താവളം തേടിയുള്ള യാത്രയിലാണ്... അയാൾക്കു മുന്നിൽ, വഴിയിലുടനീളം ചങ്കിടിപ്പുളവാക്കുന്ന വെള്ളിടികൾ വീണു പൊട്ടിക്കൊണ്ടിരുന്നു. വഴിക്കിരുവശവുമുള്ള കൈതക്കാടുകളിൽ നിന്നുയരുന്ന കാറ്റിന്റെ കശപിശകൾ... അയാൾ ഒരുപാട് കഥകളോർത്തു. ഒരുപാട് ദുരനുഭവങ്ങളുടെ ഓർമകൾ...

വെള്ളപ്പൊക്കത്തിൽ നിന്നു രക്ഷപ്പെടാനായി നീന്തിയെത്തിയ തുരുത്തിനെ വേലിയേറ്റത്തിരകൾ കാർന്നു തിന്നുന്നത്. പേമാരിയിൽ നിന്നു രക്ഷനേടി ഓടിക്കയറി നിന്ന വീട്ടിറമ്പിനെ തകർത്തുകൊണ്ട് മുടിനാരിഴയുടെ വ്യത്യാസത്തിന് ചില്ലിത്തെങ്ങ് വേരുകൾ പറിഞ്ഞു മറിഞ്ഞു വീണത്. ബസിന്റെ ഉയരമുള്ള ചവിട്ടുവഴിയിൽ നിന്നിറങ്ങവെ കാൽതെറ്റിയ അമ്മ, പിൻവാതിലിലൂടെ മുന്നോട്ടിറങ്ങുകയായിരുന്ന തന്റെ കരങ്ങളിലേയ്ക്കു തന്നെ തെറിച്ചു വീണത്. ആഴക്കടലിൽ, ഒരു തിരപ്പാടിനപ്പുറത്തു നിന്ന് ആരോ അയാളെ മുടിയിൽപ്പിടിച്ച് ആയുസ്സിലേയ്ക്കു വലിച്ചെറിഞ്ഞത്. അങ്ങനെയങ്ങനെ...!

വഴിയിൽ കണ്ട കളപ്പുരയുടെ തിണ്ണയിലേയ്ക്ക് അൽപം ആശ്വാസത്തിനായി അയാൾ കയറി നിന്നു. പുതുമഴയുടെ തണുപ്പിൽ കളപ്പുരയ്ക്കുള്ളിൽ നിന്നും നീറിപ്പുകയുന്ന പുതുനെല്ലിന്റെ ഗന്ധമുയർന്നു. ഈ ഗന്ധത്താൽ ആകർഷിക്കപ്പെട്ടാണ് വിഷകാരികളായ ഇഴജന്തുക്കൾ എത്താറുള്ളത്.

അയാൾക്കു പിന്നെ അവിടെ നിൽക്കണമെന്നു തോന്നിയില്ല. കോരിച്ചൊരിയുന്ന മഴയിലേയ്ക്ക് വിറച്ചുതുള്ളിക്കൊണ്ട് അയാൾ നടന്നു നീങ്ങി. പുറത്ത്, വൈലോപ്പിള്ളി കുടിയൊഴിക്കലിൽ വിവരിച്ച പ്രചണ്ഡമാരി സംഹാരതാണ്ഡവം ആടിത്തിമർക്കുകയാണ്. 'നീർപ്പെരമ്പിനാൽ മാരിയിരുട്ടിൽ കാപ്പിരികളെയാഞ്ഞു തല്ലുമ്പോൾ,/തെങ്ങിടിവെട്ടിനാൽ ചെങ്കനൽച്ചോര ചീറ്റിനില്ക്കുമ്പോൾ,/ ഹാ ! ഹൃദന്തമേ, നീയെത്തിനിൽപൂ ഗേഹശൂന്യനെപ്പോലെയീ രാവിൽ...'

കത്തിയാളുന്ന മിന്നൽക്കൊടികൾക്കും, ദിഗന്തങ്ങൾ നടുക്കുന്ന ഇടിമുഴക്കത്തിനും നടുവിലൂടെ കോരിച്ചൊരിയുന്ന മഴയിൽ കാൽച്ചോട്ടിൽ സ്വന്തം ശവം വീഴുന്ന നിമിഷവും പ്രതീക്ഷിച്ച്, സകല പുണ്യവാന്മാരോടും പ്രാർഥിച്ച് മുന്നോട്ടു നടക്കുക തന്നെ. ഓരോ കാലുവയ്പിലും ഭയത്തിന്റെ ആയിരം പെരുമ്പറകൾ നെഞ്ചിൻകൂട്ടിനുള്ളിൽ മുഴങ്ങിയൊടുങ്ങി കൊണ്ടിരുന്നു. ദൂരെ എവിടെയോ ഇടിവെട്ടേറ്റ ചില്ലിത്തെങ്ങിന്റെ തലപ്പുകൾ പന്തങ്ങൾ പോലെ കത്തിയാളുന്നു!

പൊടുന്നനെ ആ വിജനതയിൽ, ഏകാന്തതയിൽ, മാരകമായ ഇരുട്ടിൽ പിന്നിൽ നിന്നും ആരോ വിളിക്കുന്നതുപോലെ അയാൾക്കു തോന്നി.

ദൈവമേ! ഇപ്പോൾ ആരായിരിക്കും തന്നെ വിളിക്കാൻ! കാവൽപ്പുരയുടെ മുറ്റത്തെ തോട്ടിറമ്പിൽ കറന്റടിച്ചു മരിച്ചുപോയ കടത്തുകാരൻ വറുതിന്റെ മകനായിരിക്കുമോ? അതോ, കൊലമറുതകൾ പിടിക്കൂടി കൈതക്കാട്ടിലേയ്ക്ക് കൊന്നെറിഞ്ഞ കൊയിൽ പാരി കേശവനോ?

ഭയം ഇപ്പോൾ തണുപ്പിന്റെയും മരണത്തിന്റെയും ഒരായിരം സൂചികളുമായി കാൽവെള്ളയിലൂടെ ഹൃദയത്തിലേയ്ക്ക് അരിച്ചു കയറുകയാണ്. ഹൃദയമാകട്ടെ ഭയം കൊണ്ടു നനഞ്ഞു കുതിർന്ന വസ്ത്രങ്ങൾക്കു പുറത്തു കിടന്നു മിടിക്കാനും.

വീണ്ടും പിന്നിൽ നിന്നും വിളിയുയർന്നു.

ഒപ്പം എത്താനായി അയാൾ ഓടിയടുക്കുന്ന ഒച്ചകേൾക്കാം,

ആരായിരിക്കാം അയാൾ?

'ഒന്നു നിൽക്കണേ...'


മഴയെ തോൽപിച്ചുകൊണ്ട് പിന്നിൽ നിന്നും അയാൾ വിളിച്ചു കൂവി.

ഞാനിതാ എന്നേയ്ക്കുമായി അവന്റെ പിടിയിൽ അകപ്പെടാൻ പോവുകയാണ്. ടാഗോർ പാടിയതു പോലെ പിംഗളകേശിനിയായ എന്റെ മരണം!

കുട ചൂടിയിരുന്നെങ്കിലും മഴയിലൂടെയുള്ള ഓട്ടത്തിനിടയിൽ അപരിചിതൻ ആകെ നനഞ്ഞു പോയിരുന്നു. മുടിയിൽ നിന്നും താടിമീശയിൽ നിന്നും മഴവെള്ളം തുടച്ചുകളയാൻ ശ്രമിച്ചുകൊണ്ട് അരികിൽ നിന്ന് അയാൾ കിതച്ചു.

'എത്രനേരമായി ഞാൻ നിങ്ങളുടെ പിന്നാലെ ഓടുന്നു. ചാവടിച്ചന്തയിലെ വളവു തിരിയുമ്പോൾത്തന്നെ നിങ്ങളെ ഞാൻ കണ്ടിരുന്നു!'

എന്നാൽ ഞാൻ, പക്ഷേ ഒരിടത്തും ഒരാളെയും കാണുകയുണ്ടായില്ലല്ലോ !



ഇപ്പോൾ ഞാൻ അയാളുടെ കുടക്കീഴിലാണ്. ഞങ്ങളാകട്ടെ മഴയിൽ മുങ്ങി നടക്കുകയും.

'നിങ്ങൾ ആരാണ്?'

അപരിചിതനായ ആ സഹയാത്രികൻ ആരാണെന്നറിയാൻ നിഷ്ഫലമായി ഞാൻ ആരാഞ്ഞു.

'നിങ്ങൾക്ക് എന്നെ പരിചയമുണ്ടാവില്ല; എന്നാൽ എനിക്കു നിങ്ങളെ അറിയാം...'

അയാളുടെ കുടക്കീഴിൽ, പെയ്തൊഴിയാത്ത ആ കൊടും മഴയിലും എന്റെ ശരീരം അപ്പോൾ വിയർക്കാൻ തുടങ്ങി. ആ ശരീരത്തിൽ നിന്നും ഊഷ്മളവും മധുരവുമായ ഏതോ സുഗന്ധങ്ങൾ എന്നെ പൊതിഞ്ഞു തുടങ്ങുന്നതായും.

അപരിചിതൻ തന്റെ സ്ഥലപ്പേരു പറഞ്ഞു.



ഞാൻ ആ മനുഷ്യന്റെ മുഖത്തേയ്ക്കു നോക്കി. എന്റെ വിദൂരമായ ഓർമകളിലോ സമീപസ്ഥമായ മറവികളിലോ അങ്ങനെയൊരു മുഖം ഓർമിച്ചെടുക്കാൻ കഴിയാതെ ഞാൻ ഖിന്നനായി.

'സംശയിക്കേണ്ട; ജോസഫ് ജീസസ് എന്നു മകനു പേരിട്ട ആളല്ലേ? ദൈവത്തിന്റെ മകനു ഭൂമിയിൽ മേൽവിലാസം ഉണ്ടാക്കി കൊടുത്ത പാവപ്പെട്ടൊരു പിതാവിന്റെയും അയാളുടെ സങ്കടങ്ങളുടെയും പേര്...!'

എന്റെ ഹൃദയം വായിച്ചെടുക്കാൻ കഴിയുന്ന, പാതിര കഴിഞ്ഞൊരു നേരത്ത് ഇടിയായും മിന്നലായും തോരാതെ പെയ്യുന്ന മഴയത്തും എന്നെ ചേർത്തു പിടിച്ചു നടക്കാൻ കഴിയുന്ന ഈ അപരിചതന്റെ പേര് ഇനി ഞാൻ അന്വേഷിക്കേണ്ടതെന്തിന് !

പള്ളിയും സിമിത്തേരിയും പിന്നിട്ട് ഞങ്ങൾ പിന്നെയും നടന്നു കൊണ്ടിരുന്നു. വീശിയടിക്കുന്ന കാറ്റിനും പാളിപ്പടരുന്ന മിന്നലിനും ഇപ്പോൾ ശക്തിവർധിച്ചിരിക്കുന്നു. മരങ്ങൾ കാറ്റിൽ കഴുത്തു ഞെരിഞ്ഞ് ഒടിഞ്ഞു വീഴുന്നു. മുടിയഴിച്ചിട്ട് ആടുന്ന കോമരങ്ങളെപ്പോലെ കാറ്റിൽപ്പെട്ട് വളഞ്ഞുകുത്തുന്ന തെങ്ങുകൾ. വലിയൊരു ഹുങ്കാരത്തോടെ മഴ പിന്നെയും പെയ്തു നിറയുകയാണ്. എവിടെ നിന്നോ ചീന്തിവന്നൊരു തെങ്ങിൻ തലപ്പ് പെട്ടെന്ന് വൈദ്യുതകമ്പിയിലേക്കു കുത്തിവീണ് വലിയൊരു ശീൽക്കാരത്തോടെ കത്തിപ്പടർന്നു, പിന്നെ അതും ഒടുങ്ങി,

'വഴിയിലെങ്ങാനും കമ്പിപൊട്ടിവീണു കിടപ്പുണ്ടാകുമോ?'

ഞാൻ ഭയപ്പെട്ടു.

അയാൾ മറുപടിയൊന്നും പറഞ്ഞില്ല.

പ്രധാന പാതയിൽ നിന്നു വിട്ട് വീട്ടിലേക്കു പോകുന്ന ഇടവഴിയിലേക്കു ഞാൻ തിരിഞ്ഞു, ഇനി എനിക്ക് ഒരു കൂട്ടിന്റെ ആവശ്യമില്ല,

'എനിക്ക് ഇതിലെയാണു പോകേണ്ടത്,'

ഞാൻ പറഞ്ഞു.


'എനിക്കറിയാം...'

'ഇനി ഞാൻ തനിച്ചു പോയ്ക്കോളാം'

'അതു വേണ്ട,'

ആ മനുഷ്യൻ സമ്മതിച്ചില്ല,

മഴയിൽ നനഞ്ഞും എന്നിട്ടും വിയർത്തു കുളിച്ചും നിവർത്തിപിടിച്ച ഒരു കുടയ്ക്ക് കഷ്ടിച്ച് കടന്നു പോകാൻ മാത്രം ഇടമുള്ള ചെളികലങ്ങിയ വഴിയിലൂടെ ഞങ്ങൾ നടന്നു...



**മൂന്ന്**

പാതി തുറന്ന അരവാതിലിനപ്പുറം മുനിഞ്ഞു കത്തുന്ന റാന്തൽ വിളക്കുമായി അമ്മ അപ്പോഴും കാത്തിരിപ്പുണ്ടായിരുന്നു.

'അവളും പിള്ളേരും ഇത്രേം നേരം പേടിച്ചുവിറച്ച് നിന്നേം കാത്തിരിക്കേർന്ന്... ഇപ്പളാ അതുങ്ങള് കെടന്നൊറങ്ങിയത്...'

തെല്ല് നിർത്തിയതിനു ശേഷം റാന്തൽ വിളക്കുയർത്തി അമ്മ മുറ്റത്തേയ്ക്കു നോക്കി.

'എന്നിട്ട് അവനെവിടെ?'

'ആരമ്മേ?'

അത്ഭുതത്തോടും ഭയത്തോടും ഞാൻ മുറ്റത്തെ ഇരുട്ടിലേയ്ക്കു തുറിച്ചു നോക്കി.

'ഇവിടം വരെ നിന്റൊപ്പം വന്ന ആ ചെറുപ്പക്കാരൻ!'

'ചെറുപ്പക്കാരനോ?'

ഞാൻ അന്തം വിട്ടു നിന്നു.

'അതെ; ഞാനവനെ പറഞ്ഞയച്ചതായിരുന്നല്ലോ, അവനെന്നിട്ട് ഇവിടൊന്നു കേറാതെ പോയോ!?'

വിളറിയ ആ പ്രകാശത്തിൽ അയാൾ അപ്പോൾ അമ്മയുടെ മുഖത്തേക്കു നോക്കി. എല്ലാം വായിച്ചെടുക്കാൻ കഴിയുന്ന തുറന്നൊരു പുസ്തകം പോലെ ആ മുഖം പ്രകാശഭരിതമായിരുന്നു.

ഞാൻ പിന്നെയും വിയർക്കാൻ തുടങ്ങി; മീറയുടെയും കുന്തുരുക്കത്തിന്റെയും സുഗന്ധങ്ങൾ എന്നെ വീണ്ടും പൊതിയാനും ■

ജോജു ജോസഫ് പൈകയിൽ



# എന്തിനീ കീറലുകൾ?

എല്ലാ മനുഷ്യരും അനുഭവങ്ങളുടെ മൂശയിലാണ് വളരുന്നത്. നമ്മുടെ ഹൃദയം പലരാലും കീറിയിരിക്കുന്നു. അതിനെക്കുറിച്ചുള്ള ഓർമപോലും നൊമ്പരമാണ്. ഈ നൊമ്പരങ്ങൾ ഉപകാരി ആണോ? നമ്മുടെ ചിന്തകൾക്കും കാഴ്ചകൾക്കും അപ്പുറമാണ് ഇതിന്റെ അർഥ തലങ്ങൾ. നിങ്ങളെക്കുറിച്ചുള്ള പദ്ധതി എന്റെ മനസ്സിലുണ്ട്. നിങ്ങളുടെ നാശത്തിനല്ല, ക്ഷേമത്തിനുള്ള പദ്ധതിയാണ്. നിങ്ങൾക്ക് ശുഭമായ ഭാവിയും പ്രത്യാശയും നല്കുന്ന പദ്ധതി (ജെറമിയ 29:11).

പഴയ നിയമത്തിലെ ജോസഫിന്റെ കഥ ഓർമിക്കുക. സഹോദരങ്ങളാൽ ഉപേക്ഷിക്കപ്പെട്ട് ഈജിപ്തിൽ അടിമയായി എത്തുന്നു. കാരണമില്ലാതെ തടവിലാക്കപ്പെടുന്നു. എങ്കിലും അവൻ എന്നും ദൈവത്തിൽ ആശ്രയിച്ചു. അങ്ങനെ ജോസഫ് ദൈവാനുഗ്രഹത്താൽ രാജ്യത്തെതന്നെ പ്രധാന വ്യക്തിയായി തീരുന്നു. തന്നെ മുറിവേൽപിച്ച സഹോദരങ്ങൾക്ക് അവൻ തുണയാകുന്നു. ജോസഫിന്റെ വളർച്ചയുടെ തുടക്കം തകർച്ചയായിരുന്നു.

മനസ്സിനേൽക്കുന്ന മുറിവുകളാൽ നാം തകർന്നുപോകാറുണ്ടോ? മണ്ണ് കീറിയാണ് കൃഷിക്കാർ വിത്ത് പാകുന്നത്. കിളിർത്ത തൈയ്ക്കു ചുറ്റും കിളച്ചിളക്കും, വേരുകൾ നന്നായി ഓടാൻ. നമ്മുടെ ഹൃദയവും ഇതുപോലെയാണ്. കീറിമുറിക്കപ്പെട്ട-ഉഴുതുമറിക്കപ്പെട്ട ഹൃദയവയലിൽ ദൈവ വചന വിത്തുകൾ പൊട്ടി മുളയ്ക്കും. ആന്തരിക മുറിവുകൾ നമ്മെ വളർത്താനാണ്.

പഴയ നിയമത്തിൽ ശിക്ഷകൾ നൽകുന്ന ദൈവത്തിന്റെ മുഖം കാണാം. എന്തിനുവേണ്ടി? തന്റെ മക്കൾക്ക് തിരിച്ചറിവുണ്ടാകാൻ, താൻ അവരുടെ കർത്താവാണെന്ന് തിരിച്ചറിയാൻ. വളരെ സങ്കടകരമായ ഒരു കാഴ്ചയാണത്. മരുഭൂമിയനുഭവങ്ങളിലൂടെയാണ് പലപ്പോഴും ദൈവം നമ്മെ കോരിയെടുക്കുന്നത്. സ്വർണം തീയിൽ ശുദ്ധി ചെയ്യപ്പെടുന്നു. സഹനത്തിന്റെ തീച്ചൂളയിൽ ദൈവത്തിനു സ്വീകാര്യരായ മനുഷ്യരും (പ്രഭാ 2:5) മറ്റുള്ളവർ നമ്മെ വേദനിപ്പിക്കുമ്പോൾ, മുറിപ്പെടുത്തുമ്പോൾ നമ്മുടെ പ്രതികരണം എന്താണ്? അപ്പോൾ നാം അഗ്നിപർവതം പോലെ പുകയുകയാണോ? നമ്മുടെ വാക്കുകളും ചിന്തകളും ഭാവനകളും, പ്രവൃത്തികളുമൊക്കെ എല്ലാത്തിനേയും ചാമ്പലാക്കാൻ കഴിവുള്ള ലാവ കണക്കെ ഒഴുകുകയാണോ? അതെ സഹനം ഒരു മനുഷ്യന്റെ തനി രൂപം പുറത്തു കൊണ്ടുവരും.

മനസ്സിനു മുറിവേൽക്കാത്ത ഒരു മനുഷ്യനും ഇല്ല. എന്റെ മനസ്സിലെ മുറിവുകൾ ഇന്ന് ദുഷ്പ്രവൃത്തികളോ, വ്യക്തിത്വത്തിലെ വൈകല്യങ്ങളോ ഒക്കെയായി രൂപാന്തരപ്പെട്ടിരിക്കാം. അതെ, എനിക്കതിനേ കഴിയൂ. മനസ്സിൽ മുറിവേറ്റവർ മുറിവേൽപിച്ചുകൊണ്ടിരിക്കും ഉൾക്കാഴ്ചകളിലൂടെയാണ് ആന്തരിക സൗഖ്യം ലഭിക്കുന്നത്. മനസ്സിലെ മുറിവുകളാകുന്ന ഗർത്തങ്ങൾ വറ്റാത്ത സ്നേഹക്കിണർ ആയി രൂപാന്തരപ്പെടാൻ ദൈവത്തിൽ ശരണപ്പെടാം.

എന്താണെന്നറിയില്ല ദൈവം നമ്മെ സ്നേഹിക്കുന്നു. എന്തുകൊണ്ടാണെന്നറിയില്ല. അവിടുന്ന് നമ്മെ അനന്തമായി സ്നേഹിക്കുന്നു. ഈ സ്നേഹം നാം തിരിച്ചറിയാൻ തന്റെ പുത്രനെ വ്യക്തമായ പദ്ധതിയോടെ പറഞ്ഞുവിട്ടു. ഈ പ്രപഞ്ചത്തിൽ ഒരു മനുഷ്യനും കാട്ടാത്ത ജീവിത മാതൃക ഈശോയിൽ കാണാം. നമ്മെ സ്നേഹിക്കുന്നതിനിടയിൽ ക്രിസ്തുവിന്റെ കൈകളും, കാലുകളും, ഹൃദയവും, മുഖവും ഒക്കെ കീറിപ്പോയി. എങ്കിലും അവൻ നമ്മെ സ്നേഹിക്കുന്നതിൽ നിന്നു പിന്മാറിയില്ല. കുരിശിൽ ക്രിസ്തു തീർന്നുപോയി എന്ന് ചുറ്റുമുള്ളവർ വിചാരിച്ചു. എന്നാൽ ക്രിസ്തു കുരിശിൽ മരിച്ച് ഉത്ഥിതനായി-ലോകത്തിന്റെ പ്രകാശമായി-മനുഷ്യരുടെ രക്ഷയായി-നിത്യജീവൻ നൽകുന്ന ഭക്ഷണമായി.

ക്രിസ്തുവിലേക്ക് നീങ്ങുന്നവർക്ക് പൊള്ളുന്നതും കയ്പുനിറഞ്ഞതുമായ അനുഭവങ്ങൾ അനുഗ്രഹമാകുകയാണ്. ക്രിസ്തു അനുഗ്രഹമാക്കുകയാണ് ■



## കവർസ്റ്റോറി

ഷിബു മംഗലാപുരം

# പൂക്കൾ മാത്രം മതി, മുള്ളുവേണ്ടേന്നോ?

**കർത്താവ് നിനക്ക് കഷ്ടതയുടെ അപ്പവും ക്ലേശത്തിന്റെ ജലവും തന്നാലും നിന്റെ ഗുരു നിന്നിൽ നിന്ന് മറഞ്ഞിരിക്കുകയില്ല നിന്റെ നയനങ്ങൾ നിന്റെ ഗുരുവിനെ ദർശിക്കും, നീ വലത്തോട്ടോ ഇടത്തോട്ടോ തിരിയുമ്പോൾ നിന്റെ കാതുകൾ പിന്നിൽ നിന്ന് ഒരു സ്വരം ശ്രവിക്കും; ഇതാണ് വഴി, ഇതിലേ പോവുക (ഏശയ്യ 30:20-21).**

കുറച്ച് ബോഗേൻവില്ല കമ്പുകൾ വേണമെന്ന് ഞാൻ ആഗ്രഹിച്ചിരുന്നു. എപ്പോഴും സഞ്ചരിക്കുന്ന വഴിയിൽ ആ ചെടികൾ നിൽക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. പക്ഷേ, അത് റോഡിന്റെ ഡിവൈഡറിലാണ്. നമുക്ക് മുറിച്ചെടുക്കാനാകില്ല. എന്നാൽ



ഞാൻ ഈ ചെടികൾ കണ്ടതിന്റെ രണ്ട് ദിവസങ്ങൾക്കുശേഷം അതേവഴിയിലൂടെ തിരിച്ചുവരുമ്പോൾ എന്നെ അത്ഭുതപ്പെടുത്തിയ ഒരു കാഴ്ച കണ്ടു. എനിക്കുതരുവാൻ വേണ്ടി എന്നതുപോലെ ജോലിക്കാർ ആ ചെടികളുടെ കമ്പുകൾ മുറിക്കുന്നു. കൂടുതലായിട്ട് തഴച്ചുവളരുവാൻ വേണ്ടി ആ കമ്പുകൾ അവർ മുറിച്ചുമാറ്റുകയായിരുന്നു. ഞാൻ വാഹനം നിർത്തുകയും എനിക്ക് ആവശ്യമുള്ളത്ര കമ്പുകൾ ശേഖരിക്കുകയും ചെയ്തു.

ഈ സമയത്ത് രണ്ട് കാര്യങ്ങൾ എന്റെ മനസ്സിലൂടെ കടന്നുപോയി. എന്റെ ആവശ്യങ്ങൾ അറിയുന്ന, എന്നെ കൈവിടാത്ത കർത്താവിന്റെ കരുതൽ. മറ്റൊന്ന് നല്ല ഫലം തരുവാനായിട്ട് വെട്ടിയൊരുക്കപ്പെടുന്ന മുന്തിരിച്ചെടി. ഇതിലൂടെ എന്നെയും എന്റെ ജീവിതത്തെയും ഞാൻ കണ്ടു. ആഴത്തിൽ ചിന്തിച്ചപ്പോൾ എനിക്ക് മനസ്സിലായി കൂടുതൽ ഫലം തരുവാൻ വേണ്ടിയല്ലേ കർത്താവ് നമ്മെ വെട്ടിയൊരുക്കുന്നത്? ആ വെട്ടിയൊരുക്കപ്പെടലിൽ സങ്കടവും, വേദനയും ഒക്കെ വന്നേക്കാം. അപ്പോഴൊക്കെ ഇങ്ങനെ ഒരു ചോദ്യവും നമ്മുടെ ഉള്ളിൽനിന്ന് ഉയർന്നുവന്നേക്കാം, എന്തുകൊണ്ട് എനിക്കിങ്ങനെ സംഭവിച്ചു.

2010 മേയ് 22 ന് നടന്ന മംഗലാപുരം വിമാനദുരന്തത്തിൽ എന്റെ പ്രിയ ഭാര്യ റോസ്‌ലിയും മക്കൾ ഗോഡ്‌വീനയും, ഗ്ലോറിയയും ഈ ലോകത്തോട് വിടപറഞ്ഞു. ആ ദിവസങ്ങളിൽ ഈ സംഭവത്തെ വളരെ സമചിത്തതയോടെ സ്വീകരിച്ച ഞാൻ, കുറച്ചു നാൾ

കഴിഞ്ഞപ്പോൾ സ്വയം ചോദിച്ചു, എന്തു കൊണ്ട് എനിക്കിങ്ങനെ? 'ഏൽ ഏൽ ലമാ സബക്താനി. എന്റെ ദൈവമേ എന്റെ ദൈവമേ എന്തുകൊണ്ട് നീ എന്നെ ഉപേക്ഷിച്ചു' (മത്താ 27:45) കർത്താവ് കുരിശിൽകിടന്ന് ചോദിച്ചതുപോലെ. പക്ഷേ, പിന്നീട് ചിന്തിക്കുകയും പ്രാർഥിക്കുകയും ചെയ്തപ്പോൾ എനിക്ക് ഇങ്ങനെ തിരുത്തി പ്രാർഥിക്കേണ്ടിവന്നു. 'എങ്കിലും എന്റെ ഹിതമല്ല അവിടുത്തെ ഹിതം നിറവേറട്ടെ' (ലൂക്കാ 22:42)

നമ്മെ സൃഷ്ടിച്ച, നമ്മെ സ്നേഹിക്കുന്ന, പരിപാലിക്കുന്ന ദൈവം നമ്മുടെ ജീവിതത്തിലേക്ക് ഓരോ നിമിഷവും, ഓരോ മണിക്കൂറിലും, ഓരോ ദിവസവും ചൊരിയുന്ന നന്മകൾ എത്രയധികമാണ്.

ഓരോ നന്മയും സ്വീകരിക്കുമ്പോൾ നാം ദൈവത്തോട് നന്ദി പറയാറുണ്ടോ? അല്ലെങ്കിൽ ഇങ്ങനെ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ എനിക്ക് എന്തിനാണ് ഈ നന്മകൾ എന്ന്? ദൈവമേ ഈ അനുഗ്രഹങ്ങളൊന്നും എനിക്ക് വേണ്ട, എന്നേക്കാൾ ഇവയൊക്കെ ആവശ്യമുള്ള മറ്റാരെങ്കിലും ഉണ്ടാകും. ഇത് അവർക്ക് കൊടുത്തേക്കൂ എന്ന് നാം ആരെങ്കിലും പ്രാർഥിക്കാറുണ്ടോ? ഇല്ല... കിട്ടിയ എല്ലാ നന്മകളും അനുഗ്രഹങ്ങളും വാരിക്കൂട്ടിവച്ചിട്ട് ജീവിതത്തിൽ എപ്പോഴെങ്കിലും സംഭവിക്കുന്ന തകർച്ചകളെ, പ്രശ്നങ്ങളെ നമുക്ക് വേണ്ട എന്നു പറയുവാൻ കഴിയുമോ. സന്തോഷകരമായ അനുഗ്രഹങ്ങൾ സ്വീകരിച്ചപ്പോൾ നാം ദൈവത്തോട് മുറുമുറുത്തോ? ഒരിക്കലുമില്ല അതിനിടയിൽ കടന്ന് വരുന്ന കൊച്ചുമുള്ളുകളെയും നാം സന്തോഷത്തോടെ സ്വീകരിക്കേണ്ടതല്ലേ?

പലപ്പോഴും നാം ചിന്തിക്കും എല്ലാം തീർന്നു എന്ന്, ഇനി ഒരു ഉയിർപ്പ് ഇല്ലാ എന്ന്, എന്റെ ജീവിതം അവസാനിച്ചു എന്നൊക്കെ. ജീവിതത്തിൽ എന്തെല്ലാം പ്രശ്നങ്ങൾ നാം നേരിടേണ്ടി വന്നാലും നാം മനസ്സിലാക്കേണ്ട ഒരു കാര്യമുണ്ട്. നമ്മെ അറിയുന്ന, നമ്മെ സ്നേഹിക്കുന്ന കർത്താവ് അറിയാതെ ഒന്നും നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്നില്ല.

പത്രോസ് ശ്ലീഹാ പറയുന്നതുപോലെ 'ദൈവത്തിന്റെ ശക്തമായ കരത്തിൻ കീഴിൽ നിങ്ങൾ താഴ്മയോടെ നിൽക്കുവിൻ അവിടുന്ന് തക്ക സമയത്ത് നിങ്ങളെ ഉയർത്തിക്കൊള്ളും. നിങ്ങളുടെ ഉത്കണ്ഠകളെല്ലാം അവിടുത്തെ ഏൽപിക്കുവിൻ. അവിടുന്ന് നിങ്ങളുടെ കാര്യത്തിൽ ശ്രദ്ധാലുവാണ്' (1 പത്രോ 5:6) ഓരോപ്രയാസങ്ങളും ബുദ്ധിമുട്ടുകളും നമ്മെ അവിടുത്തോട് കൂടുതൽ ചേർന്നിരിക്കുവാൻ സഹായിക്കുന്നു. അവിടുത്തെ കൂടുതൽ ആശ്രയിക്കുവാൻ സഹായിക്കുന്നു.

എന്റെ ജീവിത പങ്കാളിയും മക്കളും എന്നെ പിരിഞ്ഞുപോയപ്പോൾ ഞാൻ കർത്താവിനോട് ചോദിക്കുമായിരുന്നു. കർത്താവേ... ഇനി എന്ത്? ഇനി എങ്ങോട്ട്...? ഓരോ സമയത്തും അവിടുന്ന് എന്നോട് സംസാരിക്കുകയും മുമ്പോട്ട് നയിക്കുകയും ചെയ്യുമായിരുന്നു.

എന്റെ ഭാവി ജീവിതത്തെക്കുറിച്ച് ഓർത്ത് പ്രാർഥിക്കുകയും, എന്നോട് സംസാരിക്കുകയും ചെയ്തിരുന്ന ഒത്തിരി നല്ല വ്യക്തികൾ എനിക്ക് ചുറ്റുമുണ്ടായിരുന്നു. ദൈവത്തിന്റെ ഹിതം എന്നിൽ നിറവേറട്ടെ എന്ന് ഞാനും പ്രാർഥിച്ചുകൊണ്ടിരുന്നു. വിദേശങ്ങളടക്കം വിവിധ തീർഥാടന കേന്ദ്രങ്ങളിൽ പോകുവാനും പ്രാർഥിക്കുവാനും ഈ കാലയളവിൽ ദൈവം എന്നെ അനുഗ്രഹിച്ചു.

കർത്താവ് വാഗ്ദാനങ്ങളിൽ വിശ്വസ്തനും പ്രവൃത്തികളിൽ കാരുണ്യവാനുമാണ്. ഈ കഴിഞ്ഞ നാളുകളിൽ ദൈവഹിത പ്രകാരം റോസ്‌ലിയെപ്പോലെ പ്രാർഥനയിൽ ജീവിക്കുന്ന ഒരു വ്യക്തിയെ എന്റെ ജീവിത പങ്കാളിയായി ദൈവം എനിക്ക് നൽകി. ഞാൻ എന്റെ റോസ്‌ലിയെയും, ഗോഡ്‌വീനയെയും, ഗ്ലോറിയയെയും എങ്ങനെ സ്നേഹിച്ചിരുന്നോ അതുപോലെ അവരെ സ്നേഹിക്കുകയും എന്നെ മനസ്സിലാക്കുകയും ചെയ്യുന്ന ഒരു വ്യക്തിയെ ആണ് ദൈവം നൽകിയത്.

എല്ലാ ദിവസവും മുടങ്ങാതെയുള്ള വി.കുർബാന ഞങ്ങൾക്ക് ശക്തിയും ശരണവുമാകുന്നു. കർത്താവിനുവേണ്ടി നല്ല ഓട്ടം ഓടാൻ ഞങ്ങളെ സഹായിക്കുകയും ചെയ്യുന്നു.

എപ്പോഴും എന്റെ ദൈവമേ എന്തുകൊണ്ട്. നീ എന്നെ ഉപേക്ഷിച്ചു എന്നല്ല, മറിച്ച് പിതാവേ, അങ്ങയുടെഹിതം എന്നിൽ നിറവേറട്ടെ എന്ന് പ്രാർഥിക്കുന്ന വ്യക്തികളാകാം. അതിനായി കർത്താവ് നമ്മെ അനുഗ്രഹിക്കട്ടെ എന്ന് പ്രാർഥിക്കുകയും ചെയ്യുന്നു ■





**കവർസ്റ്റോറി**

ഫാ. ജോസ് ചിറ്റടിയിൽ

# അറബിനാട്ടിൽനിന്ന് അൾത്താരയിലേക്ക്

***നിങ്ങൾ എന്നെ തിരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുക്കുകയാണ് ചെയ്തത് (യോഹ 15:16)***

ചെറുപ്പം മുതലേ അർഹിക്കാത്തവിധം ഉയർന്ന സ്വപ്നങ്ങൾ കാണുക, ആ സ്വപ്നങ്ങൾക്കായി മാത്രം ജീവിക്കുക, കണ്ട മധുര സ്വപ്നങ്ങളൊക്കെയും യാഥാർഥ്യമാവുകയും കെട്ടിയ മനക്കോട്ടകൾപോലും കൈയെത്തിപ്പിടിക്കാവുന്ന ദൂരത്തിൽ എത്തുകയും ചെയ്യുമ്പോൾ പണ്ടെങ്ങോ ശ്രദ്ധിക്കാതെ കടന്നു പോയ ഈശോ മൃദുലവാക്കുകളുടെ മാറ്റൊലിശ്രവിച്ച് ലോകരുടെ മുമ്പിൽ 'അരപ്പിരിയനായി' കണ്ട കിനാവുകളെല്ലാം കാറ്റിൽ പറത്തി കുരിശെടുത്തവന്റെ പിന്നാലെ ഒരു വിഡ്ഢിയെപോലെ നടന്നു നീങ്ങുക... ആഴം എത്രയെന്നറിയാതെയുള്ള ഒരെടുത്തുചാട്ടം തന്നെയായിരുന്നു അത് - a jump in to the uncertainty. എന്റെ ജീവിതകഥയാണിത്... അർഹതയില്ലാതെ ലഭിച്ച ദൈവ പരിപാലനയുടെ കഥ.

സ്കൂൾ കാലഘട്ടത്തിലെങ്ങോ കിട്ടിയ ദൈവവിളിക്കുവേണ്ടിയുള്ള പ്രാർഥന മുടങ്ങാതെ ചൊല്ലിയിരുന്നതും, വർഷങ്ങളോളം അൾത്താരബാലനായിരുന്നപ്പോൾ ഇടവകയിലെ സിസ്റ്റേഴ്സും ഭക്തസ്ത്രീകളും ഭാവിപുരോഹിതനായി അഭിഷേകം ചെയ്തതുമെല്ലാം എന്റെ എടുത്താൽ പൊങ്ങാത്ത സ്വപ്നങ്ങളുടെ ഭാരത്തിൽ തച്ചുടഞ്ഞു. ഡിഗ്രിപഠനത്തിനുശേഷം കണ്ട കിനാവുകൾക്കെല്ലാം നിറംചാർത്താനായി ഇന്ത്യയുടെ തലസ്ഥാന നഗരിയിലേക്കു വണ്ടി കയറി. പോകുന്നതിനുമുൻപ് ഏതോ കരിസ്മാറ്റിക് സഹോദരൻ സ്വകാര്യമായി പറഞ്ഞത് ഇപ്പോഴും ഓർക്കുന്നു, 'മോന് വിളക്കായി ദൈവം കൂടെത്തന്നെയുണ്ട് കേട്ടോ.'

സന്തോഷ സന്താപങ്ങൾ മാറിമറിഞ്ഞ മൂന്നര വർഷം കുറെ ഏറെ അലഞ്ഞു. വീഴുമെന്നു തോന്നിയപ്പോഴൊക്കെ ഏതോ അദൃശ്യകരങ്ങളുടെ സഹായസ്പർശം. കണ്ട സ്വപ്നങ്ങൾക്കെല്ലാം നിറം ചാർത്തുക അത്ര എളുപ്പമല്ലെന്ന് മനസ്സിലായി. അതിനിടയിൽ നിനച്ചിരിക്കാതെ ഒരു ദിവസം പഴയ ഒരു സുഹൃത്തിന്റെ കത്ത് അങ്ങകലെ അറബി നാട്ടിൽ നിന്നും. 'താത്പര്യമെങ്കിൽ ഞാനൊരു വിസിറ്റിങ്ങ് വിസ തരപ്പെടുത്തിത്തരാം.' ദൈവത്തിന് നന്ദി പറഞ്ഞു. മനസ്സിലെ ബ്ലാക്ക് ആൻഡ് വൈറ്റ് ഫ്രെയിമുകൾ വീണ്ടും കളറിനു വഴിമാറി.

1997 മാർച്ച് 13, ദുബായ് ഇന്റർനാഷനൽ എയർപോർട്ടിനു പുറത്തെത്തുമ്പോൾ ഏതോ മായിക ലോകത്തിലെത്തിയ പ്രതീതിയായിരുന്നു. പിന്നീടുള്ള കുറെ ആഴ്ചകളും മാസങ്ങളും ഒരു ജോലിക്കായുള്ള അലച്ചിൽ. ടൈയും കെട്ടി പൊരിവെയിലത്ത് അലഞ്ഞുതിരഞ്ഞുവന്ന പയ്യനുമുന്നിൽ എക്സ്പീരിയൻസ് ഇല്ലാത്തതിന്റെ പേരിൽ വാതിലുകൾ കൊട്ടിയടഞ്ഞപ്പോൾ പണ്ട് ഇസ്രായേൽ ജനം ദൈവത്തിനുകൊടുത്ത നിവേദനത്തിൽ ഞാനും ഒപ്പിട്ടു. "ഈ മരുഭൂമിയിവച്ചു നശിപ്പിക്കാനാണോ ഈജിപ്തിൽനിന്ന് നീ ഞങ്ങളെ പുറത്തുകൊണ്ടുവന്നത്" (പുറപ്പാട് 17:3). ഉറക്കം വരാത്ത രാത്രിയാമങ്ങളിൽ മുട്ടിൻമേൽനിന്ന് സ്വർഗ

ത്തിലേക്ക് കൈകളുയർത്തി നിശ്ശബ്ദമായി വിതുമ്പിയപ്പോൾ അരികിലിരുന്ന് ഞാൻ നിന്റെകൂടെയില്ലേയെന്ന് എന്ന് ചെവിയിൽ മന്ത്രിച്ച ആരുടെയോ ചുടുനിശ്വാസം ചുമലുകളിൽ പതിഞ്ഞത് ഇന്നും ഓർമയുണ്ട്.

ജീവിത പ്രശ്നങ്ങളിൽ പെട്ടുഴലുമ്പോഴും 'തന്നെ സ്നേഹിക്കുന്നവർക്ക് നന്മകൾ മാത്രം നൽകാനായി അവരെ തന്നോട് ചേർത്തു നിർത്തുന്ന സ്നേഹം ഇത്തിരി വൈകിയാണെങ്കിലും ഞാൻ തിരിച്ചറിഞ്ഞു. (റോമ 8:28)'. സമയമായപ്പോൾ എനിക്കും ജോലികിട്ടി. ഞാനും യഥാർഥ ഗൾഫ്കാരനായി.

കണ്ട സ്വപ്നങ്ങൾ ഓരോന്നായി യാഥാർഥ്യമാകുമ്പോഴും ഭാവിയെക്കുറിച്ച് ശുഭ പ്രതീക്ഷകൾ മാത്രം ഉണ്ടായിരുന്നപ്പോഴും മനസ്സിലെപ്പഴൊക്കെയോ ശൂന്യത നിറയുന്നതും ഞാൻ അറിഞ്ഞ എന്റെ ജീവിത നിയോഗം ഇതൊന്നുമല്ല എന്നതിരിച്ചറിവ് ക്രമേണ ഉള്ളിൽ രൂഢമൂലമായി. ഇതിനിടയിൽ ജീസസ് യൂത്തുമായുണ്ടായ സൗഹൃദം ദൈവത്തോട് കൂടുതൽ അടുക്കാൻ എന്നെ സഹായിച്ചു. പണ്ടെങ്ങോ സൗകര്യപൂർവം ചെവിയടച്ചുകളഞ്ഞ ദൈവവിളിയുടെ പ്രതിധ്വനികൾ വീണ്ടും കർണപുടങ്ങളിൽ അലയടിച്ചുതുടങ്ങി. അതു ക്രമേണ ശക്തി പ്രാപിച്ച് ഒരു വെള്ളച്ചാട്ടത്തിന്റെ ഇരമ്പലായി എന്റെ മനസ്സിനെ മഥിക്കാനാരംഭിച്ചു.

ചേച്ചിയുടെ വിവാഹത്തിനുശേഷം എന്നെത്തേടിയും വിവാഹാലോചനകൾ എത്താൻ താമസമുണ്ടായില്ല. ഒരു തീരുമാനമെടുക്കാതെ മുമ്പോട്ടുപോകാനാവില്ല എന്നു മനസ്സിലായി. ആശിച്ച ജോലിയും ആഗ്രഹിച്ച ശമ്പളവും ഉപേക്ഷിക്കരുതെന്ന് അറിയാവുന്നവരെക്കെ ഉപദേശിച്ചു, ഇടയൻ നോക്കുമെന്നെന്താ ഉറപ്പ്? കേട്ടവർ കേട്ടവർ നെറ്റിചുളിച്ചു. ദൈവവിളിയാണുപോലും! ചെക്കന്റെ തലക്ക് ഓളമെന്നല്ലാതെ എന്തുപറയാൻ!

പക്ഷേ ഞാനറിഞ്ഞു ഉള്ളിലെ വീർപ്പുമുട്ടൽ. കർത്താവിനു നിന്നെക്കൊണ്ടാവശ്യമുണ്ട്, പലവട്ടം ആരോ കാതിൽ മന്ത്രിക്കുന്നത് ഞാൻ കേട്ടു (മത്താ 21:3). ഉള്ളിലെ തിര കെട്ടടങ്ങും മുമ്പ് രാജിക്കത്തെഴുതി. ഭാവിയെക്കുറിച്ചു ഒരുറപ്പും ഉണ്ടായിരുന്നില്ല. തിളങ്ങുന്ന കുർബാന കുപ്പായത്തിനുള്ളിലുള്ള ഒരു ജീവിതത്തെക്കുറിച്ചു കാര്യമായി ഒന്നും അറിയാതെ വളരെ പണ്ട് കുരിശുമെടുത്ത് തന്നെ അനുഗമിക്കുക എന്നു പറഞ്ഞവന്റെ വാക്കിൽ മാത്രം വിശ്വസിച്ചുകൊണ്ട് 2001 മേയ്മാസത്തിൽ ഞാൻ ദുബായ് നഗരത്തോട് വിടചൊല്ലി.

പ്രതീക്ഷിച്ചപോലെ അത്ര തിളക്കമുള്ളതായിരുന്നില്ല സെമനാരി ജീവിതം. എടുത്ത തീരുമാനങ്ങളുടെ ശരിയും തെറ്റും അനുഭവങ്ങളുടെ തുലാസിൽവച്ച് അളന്ന ദിവസങ്ങൾ... കണക്കുകൂട്ടലുകളെല്ലാം തെറ്റായിപ്പോയോ എന്നു ശങ്കിച്ച നിമിഷങ്ങൾ... ഇനിയും യഥാർഥ ദൈവവിളി കണ്ടെത്തേണ്ടിയിരിക്കുന്നു എന്നു തോന്നിപ്പിച്ച അനുഭവങ്ങൾ... അപ്പോഴേക്കും കാതിലാരോ മന്ത്രിക്കുന്നതു കേട്ടു, വിശ്വസിച്ചാൽ ദൈവമഹത്വം ദർശിക്കുമെന്ന് നിനക്കറിയില്ലേ ? (യോഹ 11:40)

പതിനൊന്നുവർഷത്തെ സെമിനാരി ജീവിതം, അതിനിടയിലെ ബിരുദാനന്തര ബിരുദ പഠനം; ദൈവം നടത്തിയ വഴികൾ എല്ലാം വർണിക്കുക അസാധ്യം. 2012 ഡിസംബർ 29, യുഗാന്തരങ്ങൾ തപസ്സുചെയ്തു കാത്തിരുന്ന ദൈവനിയോഗത്തിന്റെ സാഫല്യ മുഹൂർത്തം; 38-ാമത്തെ വയസ്സിൽ പുരോഹിതനായി അഭിഷേകം. അച്ചൻ ചെയ്തത് വലിയൊരു ത്യാഗംതന്നെ കേട്ടോ, മൂക്കത്തു വിരൽവച്ച് ഒരമ്മച്ചിയുടെ ഉറക്കെയുള്ള ആത്മഗതം... നേടിയതിനോട് താരതമ്യം ചെയ്യുമ്പോൾ നഷ്ടപ്പെടുത്തിയത് തുലോം തുച്ഛമല്ലേ ? അപ്പോഴെങ്ങനെയാണ് ഇതൊരു ത്യാഗമാകുന്നത്? ഇതെനിക്കു നേട്ടംതന്നെയാണമ്മച്ചീ... ഊറിയ ചിരിയുമായി അമ്മച്ചി തിരിഞ്ഞു നടന്നു.

ഇന്ന് ഓരോ ദിവ്യബലിയർപ്പിക്കുമ്പോഴും ഈ ലോകത്തിനുവേണ്ടി മാധ്യസ്ഥം യാചിക്കാനുള്ള ദൈവവിളി ഞാൻ മനസ്സിലാക്കുന്നു. ഓരോ ദിവസവും ഉണരുമ്പോൾ ചുണ്ടിലുയരുന്ന ആദ്യപ്രാർഥന എന്നെക്കുറിച്ചുള്ള ഇന്നത്തെ നിന്റെ നിയോഗം എനിക്കു വെളിപ്പെടുത്തണം ദൈവമെ എന്നാണ്. ഓരോ നിമിഷവും വെളിപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു ദൈവിക പദ്ധതി. അതിനു പിന്നാലെ നീങ്ങണമെങ്കിൽ നമ്മുടെ സ്വപ്നങ്ങളുടെ ചിറകുകളരിയേണ്ടിവന്നേക്കാം. കൈയിലുള്ള ചെറിയ പിടിവള്ളികൾ പോലും വിട്ട് താഴേക്കു ചാടേണ്ടിവന്നേക്കാം. പക്ഷേ, സംശയം വേണ്ട; അങ്ങുതാഴെ നമ്മുടെ പാദം കല്ലിൻമേൽ തട്ടാതിരിക്കാൻ, നമ്മെതാങ്ങാനായി വിരിച്ച കൈകളുമായി അവനുണ്ടാകും ■

*കാഞ്ഞിരപ്പിള്ളി കോരുത്തോട് ഇടവകയിലെ അസിസ്റ്റന്റ് വികാരിയാണ് ലേഖകൻ.*

*e-mail: jchittady@gmail.com*



## കവർസ്റ്റോറി

ജോഷി മാത്യു



# ഒരു തിരിച്ചുവരവ്

കേരളത്തിലെ ഒരു കുടിയേറ്റ ഗ്രാമത്തിൽ മൂല്യബോധത്തിലും, ദൈവാശ്രയത്തിലും ജീവിതം നയിച്ചിരുന്ന കത്തോലിക്കാ മാതാപിതാക്കളുടെ ഒമ്പതു മക്കളിൽ എട്ടാമനായി ഞാൻ ജനിച്ചു. മാതാപിതാക്കളുടെയും മൂത്ത സഹോദരങ്ങളുടെയും ജീവിത മാതൃകകൾ, കത്തോലിക്കാ മാനേജ്മെന്റ് സ്കൂളിലെ വിദ്യാഭ്യാസം, ഇടവകയിലെ പ്രവർത്തനങ്ങളും വൈദികരും, സൺഡേസ്കൂളും അനുബന്ധമായ വിവിധങ്ങളായ അവസരങ്ങളും. അങ്ങനെ നല്ല ഒരു കത്തോലിക്കാ ബാലനായി അൾത്താര ശുശ്രൂഷിയുമൊക്കയായി ഞാൻ വളർന്നു.

കൗമാരത്തിന്റെ പടിചവിട്ടികയറിയപ്പോൾ എന്റെ ചിന്തകൾ കാടുകയറി. ആധുനിക ലോകത്തിന്റെ പ്രശ്നങ്ങൾ എന്നെ അസ്വസ്ഥനാക്കി. വായനയും, ചിന്തയും, സംവാദങ്ങളും എനിക്കുഹരമായി. 17 വയസ്സായപ്പോഴേക്കും ഞാൻ നഗരത്തിൽ ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനത്തിൽ പഠനത്തിനായി ചേർന്നിരുന്നു. ബസുകയറാൻ 4 കിലോമീറ്ററിൽ അധികം നടന്നു പോകേണ്ടിയിരുന്ന ഗ്രാമത്തിന്റെ നിഷ്കളങ്കതയും, പരിമിതികളും കടന്ന് നഗരത്തിന്റെ വിവിധങ്ങളായ പുതുമേഖലയിലേയ്ക്ക് കടക്കുകയാണ്. പ്രാഥമികമായ അമ്പരപ്പും കൗതുകവും ജിജ്ഞാസയും പുതുപ്രസ്ഥാനങ്ങളെക്കുറിച്ചുള്ള അറിവും പുതിയ കൂട്ടുകാരും പുതിയ സംവാദവിഷയങ്ങളും ഒക്കെ ചിന്തയ്ക്ക് തീ പിടിപ്പിച്ചു. ദൈവം എനിക്ക് അന്യനായിത്തുടങ്ങി. യുക്തി ചിന്തയും ശാസ്ത്രീയ അറിവുകളും മാത്രമായി എന്റെ തലച്ചോറിൽ. ദൈവത്തിന്റെ അസ്തിത്വത്തെ ചോദ്യം ചെയ്യുന്ന അല്ല പൂർണമായും തള്ളിക്കളയുന്ന ഒരു ശുദ്ധ നാസ്തികനായി ഒന്നു രണ്ടു വർഷം കൊണ്ട് ഞാൻ മാറ്റപ്പെട്ടു. കൂടാതെ രാജ്യത്തെ വിമോചിപ്പിക്കുക എന്ന തീക്ഷ്ണമായ ചിന്തയും അതിനുള്ള മാർഗമായി കമ്യൂണിസവും ഞാൻ തിരഞ്ഞെടുത്തിരുന്നു. അന്ന് കേരളത്തിൽ സജീവമായിരുന്ന നക്സലൈറ്റ് പ്രസ്ഥാനത്തിൽ ആകൃഷ്ടനായി ഒരു വിപ്ലവകാരിയായി, ഒരു മനുഷ്യസ്നേഹിയായ കമ്യൂണിസ്റ്റായി ഞാൻ രൂപാന്തരപ്പെട്ടു. കൗമാരത്തിന്റെ സർഗാത്മകതയും പുതിയ ലോകക്രമത്തെക്കുറിച്ചുള്ള സ്വപ്നങ്ങളും അതിനായുള്ള ഒരു സമർപ്പണവും ഞാൻ അന്ന് നടത്തിയിരുന്നു. പ്രഭാത് ബുക്ക് ഹൗസിന്റെ പുസ്തകശാലകളിൽ നിന്ന് കുറഞ്ഞ വിലയ്ക്കുള്ള പുസ്കങ്ങൾ വാങ്ങിക്കൂട്ടി. ലൈബ്രറികളിലെ പുസ്തക ശേഖരങ്ങളിൽ നിന്ന് ആധുനിക സാഹിത്യവും തത്വ ചിന്തകളും വായിച്ച് രാത്രികാലങ്ങളിൽ ഉറക്കമൊഴിഞ്ഞ് പുതു സ്വപ്നങ്ങളുമായി ഞാൻ ആവേശത്തിലായി.

ആ കാലത്തെ എന്റെ നാസ്തികചിന്തയുടെ ആഴം ഒരു സംഭവത്തിലൂടെ ഞാൻ വിവരിക്കാം. എന്റെ പ്രൊഫഷനൽ വിദ്യാഭ്യാസത്തിനുശേഷം ഉടൻ തന്നെ പുനലൂരിൽ ഒരു പ്ലാന്റേഷനിൽ ട്രെയിനിയായി. തുടർന്ന് സർക്കാർ സർവീസിൽ എനിക്ക് ജോലി കിട്ടി. പുനലൂരിൽ ആയിരിക്കുമ്പോൾ ഒരു ദിവസം ഒരു ചെറുപിക്നിക്കിനിടെ

**ദൈവത്തെ വിളിക്കാതെ മരിക്കാൻ സന്നദ്ധനായി ഡാമിന്റെ അഗാധതയിലേയ്ക്ക് പൂർണബോധത്തോടെ താഴ്ന്നിറങ്ങി തുടങ്ങിയ നിമിഷം അത്ഭുതകരമായി ഞാൻ രക്ഷിക്കപ്പെട്ടു**

കല്ലട ഡാമിൽ നടുഭാഗത്തായി ഞാൻ ഒറ്റപ്പെട്ടു പോയി. നീന്താൻ കഴിയാതെ കൈയും കാലും തളർന്ന് മരണം ഉറപ്പായ നിമിഷങ്ങൾ. രക്ഷപ്പെടാൻ ഒരു മാർഗവുമില്ലാത്ത അവസ്ഥയിൽ സകല സ്വപ്നങ്ങളും ചിന്തകളും ഈ ഡാമിൽ അവസാനിക്കുന്നു എന്ന തിരിച്ചറിവിന്റെ തീക്ഷ്ണമായ വികാരങ്ങൾ ഞാൻ ഇന്നും ഓർക്കുന്നു.

ചെറുപ്പകാലത്തെ ദൈവഭക്തിയും അനുഭവങ്ങളും ഓർത്ത് ദൈവത്തെ വിളിച്ചാലോ എന്നു ഞാൻ ചിന്തിച്ചു. പക്ഷേ മരിച്ചാലും ശരിയെന്ന് ബോധ്യമുള്ള എന്റെ ആശയങ്ങളോട് ഞാൻ നീതി പുലർത്തണം എന്നുറപ്പിച്ചു. ദൈവത്തെ വിളിക്കാതെ മരിക്കാൻ സന്നദ്ധനായി ഡാമിന്റെ അഗാധതയിലേയ്ക്ക് പൂർണബോധത്തോടെ താഴ്ന്നിറങ്ങി തുടങ്ങിയ നിമിഷം അത്ഭുതകരമായി ഞാൻ രക്ഷിക്കപ്പെട്ടു.

മരണത്തിൽപോലും സന്ധി ചെയ്യാത്ത ബോധ്യങ്ങൾ എന്റെ സൗഹൃദ സംവാദങ്ങളിൽ നാസ്തികതയുടെ മൂർച്ചകൂട്ടി. വായനയും, ചിന്തകളും സംഘടനാപ്രവർത്തനങ്ങളും അതിലെ സങ്കീർണതകളും ഒക്കെയായി കടന്നുപോയി. ജീവിതാനുഭവങ്ങൾ എന്നിൽ പലപ്പോഴും ശൂന്യത പരത്തി. ഒന്നിലും അർഥമില്ലാത്ത ഒരുതരം ഹിപ്പീയിസത്തിന്റെ തത്വശാസ്ത്രം ജീവിതത്തിന്റെ നിരർഥകതയിലേക്ക് ചിന്തകളെ കാടുകയറ്റി. ഏതാണ്ട് 5-6 വർഷം കൊണ്ട് ഞാൻ ഈയൊരവസ്ഥയിലെത്തി.


1990-കളുടെ ആരംഭത്തിൽ കേരളത്തിൽ കരിസ്മാറ്റിക് പ്രസ്ഥാനങ്ങളും, വലിയ കൺവൻഷനുകളും, അത്ഭുതങ്ങളും വലിയ വാർത്തയായി. ഇതിന്റെ പൊള്ളത്തരം തുറന്നുകാണിക്കുകയായിരുന്നു ആ നാളുകളിലെ എന്റെ പ്രധാന സംവാദവിഷയങ്ങൾ. അതിനിടയിലാണ് ഒരു കരിസ്മാറ്റിക് ധ്യാനത്തിൽ പങ്കെടുത്ത ശേഷം ആധികാരികമായി അതിന്റെ പൊള്ളത്തരത്തെപ്പറ്റി പറയാമെന്നുള്ള വെല്ലുവിളി സ്വീകരിച്ച് ഞാൻ പാലാ പാസ്റ്ററൽ സെന്ററിൽ ബഹുമാനപ്പെട്ട മഞ്ഞാക്കലച്ചന്റെ നേതൃത്വത്തിലുള്ള ഒരു ധ്യാനം കൂടിയത്. ഏതാണ്ട് 6 ദിവസം. ആദ്യ ദിവസം തന്നെ ധ്യാനം നയിക്കുന്നവരുടെ മാന്യമായ നിലപാടുകളും തുറവിയും എന്നെ ആകർഷിക്കുകയും ശ്രദ്ധയോടെ കേൾക്കാൻ പ്രേരിപ്പിക്കുകയും ചെയ്തു. ധ്യാനത്തിനിടയിൽ ഒരു കാര്യം എനിക്ക് മനസ്സിലായി. ക്രിസ്തു പഠിപ്പിച്ച തത്വശാസ്ത്രവും ലോകവിമോചനത്തിനുള്ളതാണ്.

ഒരു കത്തോലിക്കനായി ചെറുപ്പത്തിൽ വളർന്നിരുന്നതിനാൽ ധ്യാനത്തിന്റെ അവസാന ദിവസങ്ങളിൽ ഞാൻ വർഷങ്ങൾക്കു ശേഷം കുമ്പസാരിക്കുകയും കുർബാന സ്വീകരിക്കുകയും പ്രാർഥനകളിൽ പങ്കെടുക്കുകയും കൗൺസലിംഗ് നടത്തുകയും ഒക്കെ ചെയ്തു. പക്ഷേ, ദൈവം ഉണ്ട് എന്ന് വിശ്വസിക്കാൻ എന്റെ യുക്തിക്ക് കഴിഞ്ഞില്ല.

അവസാനദിവസം ഞാൻ പള്ളിയിൽ പ്രാർഥിച്ചു. ഇങ്ങോട്ടുവന്നപ്പോൾ എനിക്ക് ദൈവം ഇല്ലായിരുന്നു. തിരിച്ചു പോകുമ്പോൾ ഉണ്ടോ എന്നൊരു സംശയം. ഞാൻ ദൈവത്തോടു പറഞ്ഞു ഉണ്ടെങ്കിൽ എന്റെ സംശയം മാറ്റിത്തരണം. അവസാനദിവസം പല അത്ഭുതങ്ങളും അവിടെ നടക്കുമായിരിക്കും എന്നു ഞാൻ പ്രതീക്ഷിച്ചു, ഒന്നുമുണ്ടായില്ല. ധ്യാനം കഴിഞ്ഞ് എല്ലാവരും പോയിത്തുടങ്ങി. കടുത്ത സമ്മർദത്തിലായ വികാരത്തോടെ ഇനിയെന്തു നിലപാട് എന്ന ചിന്ത എന്നെ വേട്ടയാടി.

തിരിച്ചുള്ള ദീർഘയാത്രയിൽ ബസിൽ ഞാൻ ഏകനാണ്. എന്റെ അടുത്തുപോലും ആരുമില്ല. മഴയായതിനാൽ ഷട്ടർ താഴ്ത്തി ഞാൻ ചിന്തകളിൽ മുഴുകി. എനിക്കറിയില്ല എന്റെ ഹൃദയത്തിനുള്ളിൽ ആരോ സംസാരിക്കുന്നു. എന്റെ എല്ലാ യുക്തിപരമായ ചോദ്യങ്ങൾക്കും യുക്തിക്കു നിരക്കുന്ന ഉത്തരങ്ങൾ എനിക്കു തരുന്നു. എങ്ങനെ ഉണ്ടാകട്ടെ എന്നു പറഞ്ഞപ്പോൾ പ്രപഞ്ചം ഉണ്ടായി. മനുഷ്യചരിത്രത്തിനു ശാസ്ത്രീയമായ തെളിവുകളും ബൈബിളിലെ ഉൽപത്തിയുടെ സാംഗത്യവും, പരിശുദ്ധാത്മാവിനാൽ ഈശോയുടെ ജനനം, അനുദിന ജീവിതത്തിൽ ഈശോയുടെ രക്ഷയും, ദൈവത്തിന്റെ പ്രവർത്തനങ്ങളും - എനിക്കറിയില്ല എന്റെ ചോദ്യങ്ങൾക്കെല്ലാം ഉത്തരമായി. ഞാൻ തിരിച്ചറിഞ്ഞു ഈശോയാണ് വഴിയും സത്യവും ജീവനും. ഇനിയുള്ള ജീവിതം പൂർണമായും ഈശോയ്ക്ക് സമർപ്പിക്കുന്നു. 1991 ഡിസംബർ രണ്ട് രാത്രി ആ സുന്ദര നിമിഷങ്ങൾ ഇന്നും എന്റെ ഓർമയിൽ ഊഷ്മളത പകരുന്നു. അന്നു രാത്രി സുവിശേഷമാകാനുള്ള എന്റെ ജീവിതം ആരംഭിച്ചു. ഏതാനും നാളുകൾക്കകം ഞാൻ ജീസസ് യൂത്തിനെ പരിചയപ്പെട്ട് സുവിശേഷമാകാനുള്ള നല്ലൊരു വേദിയായി അതിനെ തിരിച്ചറിഞ്ഞു. 22 വർഷം പുതിയൊരു ജീവിതം. ആ രാത്രിയുടെ ബോധ്യങ്ങൾ ഇന്നും എന്നെ നയിക്കുന്നു- മരണത്തോളം നയിക്കും ■

*കോട്ടയം ഗവൺമെന്റ് പോളിടെക്നിക് കോളജിൽ അധ്യാപകനാണ് ലേഖകൻ.*



**ലീഡ് സ്റ്റോറി**

ടോമിയച്ചൻ

# ലോകം കാത്തിരുന്ന

**വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് സ്ക്വയറിൽ നിന്ന് പാപ്പാ തിരഞ്ഞെടുപ്പിന് സാക്ഷ്യം വഹിച്ച ഫാ. ടോമി ഫിലിപ് എഴുതുന്നു.**

കോൺക്ലേവ് തുടങ്ങിയപ്പോൾ മുതൽ വത്തിക്കാനിൽ മഴയായിരുന്നു. സിസ്റ്റീൻ ചാപ്പലിലെ ചിമ്മിനിയിൽനിന്നു വെളുത്ത പുക ഉയരുന്നതും കാത്ത് കുടയും ചൂടി നിന്നവർ എത്രയെന്ന് കൃത്യമായ കണക്കുകളില്ല. ഇറ്റാലിയൻ മാധ്യമങ്ങൾ പറഞ്ഞതനുസരിച്ച് സെന്റ് പീറ്റേഴ്സ് സ്ക്വയറിൽ ബുധനാഴ്ച ഒന്നരല



ക്ഷത്തിലധികം പേരുണ്ടായിരുന്നു. ഞാനും എന്നോടൊപ്പമുള്ളവരും നാലര മണിക്കൂറായി ഒരേ നിൽപായിരുന്നു.സ്ഥലം ലാഭിക്കാനായി ഒരുകുടയിൽ മൂന്നും നാലും പേരായിരുന്നു.

കാത്തിരിപ്പിന്റെ മണിക്കൂറുകൾ പെയ്തു തീർന്നു. വൈകിട്ട് ഇവിടത്തെ സമയം 7.10-ന് ചിമ്മിനിയിൽ നിന്ന് വെളുത്ത പുക. വിശ്വാസി സമൂഹം ഒന്നടങ്കം ആർപ്പുവിളിച്ചു. വീവാ ഇൽ പാപ്പാ... കുടകളിൽ നിന്നുപുറത്തുചാടി അടുത്തുനിന്നവരെ അവർ കെട്ടിപ്പിടിച്ചു. ചിലർ സന്തോഷം സഹിക്കാനാകാതെ പൊട്ടിക്കരഞ്ഞു. പ്രാർഥനാ ചുംബനങ്ങൾ കൈമാറി. കരങ്ങളും ആരവങ്ങളും സ്വർഗത്തിലേക്ക് ഉയർന്നു. ബസിലിക്കയിലെ കൂറ്റൻമണികൾ നിർത്താതെ മുഴങ്ങി. മാർപാപ്പയുടെ സ്വിസ് ഗാർഡ്, ഇറ്റാലിയൻ പൊലീസ്, ആർമി, നേവി എന്നിവയുടെ ബാൻഡ് മേളവും മാർച്ച് പാസ്റ്റും നടന്നു. ഉടൻ സെന്റ് പീറ്റേഴ്സ് സ്ക്വയറിലേക്കുള്ള വഴിയിൽ (വിയ ദെല്ല കൊൻജീലിയാത്ത് ഫിയോണെ) ഒരു സമുദ്രം തിരയടിക്കുന്നതുപോലെ തോന്നി. വിദേശികളും സ്വദേശികളുമായ ആയിരക്കണക്കിന് വിശ്വാസികൾ വീണ്ടും ഒഴുകിവരികയാണ്. മഹാഭൂരിപക്ഷവും യുവജനങ്ങൾ.

ഇനി പാപ്പായെ കാണാനുള്ള കാത്തുനിൽപാണ്. ഇതിനിടയിൽ ഹബേമൂസ് പാപ്പാം എന്ന പ്രഖ്യാപനമുണ്ടായി. അദ്ദേഹം ഫ്രാൻസിസ് എന്ന പേരാണ് സ്വീകരിക്കുന്നതെന്നും പറഞ്ഞു. പിന്നെയുംകാത്തുനിൽപ്. ഏതാണ്ട് 8.10-ഓടെ പുതിയ പാപ്പാ പ്രത്യക്ഷപ്പെട്ടു. അദ്ദേഹത്തിന്റെ പ്രസംഗം അക്ഷരാർഥത്തിൽ ഹൃദയങ്ങൾ കീഴടക്കുന്നതായിരുന്നു ഇറ്റാലിയൻ ഭാഷയിലായിരുന്നു സംസാരിച്ചത്. തനിക്കുനൽകിയ സ്വാഗതത്തിന് അദ്ദേഹം നന്ദിയർപ്പിച്ചു. പിന്നീട് ബെനഡിക്ട് പാപ്പായ്ക്കുവേണ്ടി പ്രാർഥിച്ചു. മെത്രാനും തന്റെ ജനങ്ങളും ചേർന്നു നടത്തുന്ന സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും മഹായാത്രയെപ്പെറ്റി അദ്ദേഹം പറഞ്ഞു. ആദ്യ ആശീർവാദത്തിനൊരുങ്ങുമ്പോൾ അദ്ദേഹം



# നിമിഷങ്ങൾ



പറഞ്ഞതിങ്ങനെയാണ്. "ഞാൻ നിങ്ങളെ ആശീർവദിക്കുന്നതിനുമുൻപ് നിങ്ങൾ എനിക്കൊരു സഹായം ചെയ്യുക. മെത്രാൻ തന്റെ ജനങ്ങളെ ആശീർവദിക്കുന്നതിനു മുൻപ് എന്നെ കർത്താവ് അനുഗ്രഹിക്കാനായി അവിടുത്തോട് എനിക്കുവേണ്ടി പ്രാർഥിക്കുക. തങ്ങളുടെ മെത്രാൻ അനുഗ്രഹിക്കപ്പെടുന്നതിനായുള്ള ജനത്തിന്റെ പ്രാർഥന. അതു നമുക്ക് നിശ്ശബ്ദതയിൽ പ്രാർഥിക്കാം."

അതിനുശേഷം പിതാവ് തന്റെ ആശീർവാദം ലോകത്തിനുനൽകി. വീണ്ടും ഉടൻ കണ്ടുമുട്ടുമെന്നും അതുവരെ തനിക്കായി പ്രാർഥിക്കണമെന്നും അദ്ദേഹം പറഞ്ഞു. ശുഭരാത്രിയും സുഖനിദ്രയും നേർന്നാണ് പിതാവ് മടങ്ങിയത്.

ആരവങ്ങളടക്കി ഹൃദയംകൊണ്ടാണ് വിശ്വാസികൾ പ്രസംഗം ശ്രവിച്ചത്. ഇങ്ങനെയൊരു ജനക്കൂട്ടത്തെ ഞാൻ ജീവിതത്തിൽ ആദ്യമായാണ് കാണുന്നത്. ഏറ്റവും പ്രധാനപ്പെട്ട വസ്തുത ഏറ്റവും വലിയ ആവേശത്തോടെ അവിടെ കൂടിയിരുന്നവരിൽ നല്ലൊരുഭാഗവും യുവജനങ്ങളാണ് എന്നതാണ്. പുതിയ പാപ്പയെ തിരഞ്ഞെടുക്കുന്നതിൽ അവർ കാട്ടിയ ആവേശവും ഉത്സാഹവും സഭയുടെ നല്ലനാളുകളിലേക്ക് തന്നെയാണ് വിരൽചൂണ്ടുന്നത്. മാത്രമല്ല, കോൺക്ലേവ് തുടങ്ങിയപ്പോൾ മുതൽ സോഷ്യൽ നെറ്റ്‌വർക്കുകളിലും മറ്റ് ഓൺലൈൻ സങ്കേതങ്ങളിലും നിറഞ്ഞുനിന്ന പ്രാർഥനാ നിർഭരമായ പോസ്റ്റുകളും ഷെയറിങ്ങുകളും തെളിയിക്കുന്നതും യുവതയുടെ ഉണർവുതന്നെ.

കർദിനാൾ ബെർഗോളിയോ എന്നും പാവപ്പെട്ടവർക്കുവേണ്ടിയുള്ള നിലപാടുകളാലും ലളിതജീവിതശൈലിയാലും ശ്രദ്ധിക്കപ്പെട്ട വ്യക്തിത്വമാണ്. ഫ്രാൻസിസ് എന്നപേരുതന്നെ അദ്ദേഹത്തിന്റെ പാവപ്പെട്ടവരോടുള്ള സ്നേഹത്തെകാണിക്കുന്നതാണല്ലോ. അദ്ദേഹത്തിന്റെ എളിമയും വിനയവും ഇവിടുത്തെ മാധ്യമങ്ങളിലെ ചർച്ചയിൽ എല്ലാവരും എടുത്തുപറഞ്ഞ കാര്യമായിരുന്നു.

ഇതുവരെയുണ്ടാകാത്ത ഒരു പ്രാർഥന ഈ പ്രാവശ്യത്തെ കോൺക്ലേവിനുവേണ്ടി ലോകമെങ്ങും നടന്നുഎന്നതാണ് സത്യം. ബുധനാഴ്ച ഞങ്ങൾ റോമിലെ ജീസസ് യൂത്ത് അച്ചൻമാരെല്ലാവരും ആരാധനയുടെ മുന്നിലിരുന്ന് ഓരോ കർദിനാളിന്റെയും പേരെടുത്ത് പ്രാർഥിച്ചിരുന്നു.

പരിശുദ്ധാത്മാവിന്റെ വലിയ ഇടപെടലാണ് പാപ്പാതിരഞ്ഞെടുപ്പിൽ നടന്നത് എന്നതിന് ഏറ്റവും വലിയ തെളിവ് ഇദ്ദേഹത്തെ തിരഞ്ഞെടുത്തു എന്നത് തന്നെയാണ്. യൂറോപ്പിലെ മാധ്യമങ്ങൾ അവതരിപ്പിച്ച പല സാധ്യതാ ലിസ്റ്റുകളിൽ ഒരിക്കൽപോലും കർദിനാൾ ബെർഗോളിയോ ഇല്ലായിരുന്നു. ആരും പ്രതീക്ഷിച്ചിരുന്നുമില്ല. എങ്കിലും ദൈവം അവിടുത്തെ തിരഞ്ഞെടുത്തു. നമുക്ക് നന്ദി പറയാം. സഭയ്ക്കായി പ്രാർഥിക്കാം ■

*കേരള ജീസസ് യൂത്തിന്റെ മുൻ ആനിമേറ്ററാണ് ടോമിയച്ചൻ.*





## അനുഭവം

മനോജ് സണ്ണി

# സന്ദർശകരല്ല, സന്നദ്ധ സേവകരുമല്ല, മിഷനറികൾ

സന്നദ്ധ സേവനം എന്നത് ഇന്നു വളരെ പ്രചാരമുള്ള ഒരു വാക്കാണ്. സാമ്പത്തികമായ പിന്നാക്കം നിൽക്കുന്ന സ്ഥലങ്ങളിലെ ആളുകളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന നൂറുകണക്കിനു സന്നദ്ധ സേവകരെ നമുക്ക് കാണാൻ കഴിയും. ഒരു കാത്തലിക് സെന്ററിൽ താമസിച്ച് തെരുവിലെ കുട്ടികൾക്കുവേണ്ടി പ്രവർത്തിക്കുന്ന യുവജനങ്ങളെ ഞാൻ കണ്ടിട്ടുണ്ട്. ജന്മം കൊണ്ട് കത്തോലിക്കരാണെങ്കിലും വിശ്വാസ ജീവിതത്തിൽ അവർക്ക് ഒട്ടും താത്പര്യമില്ല. ഞായറാഴ്ച കുർബാനയിൽ പോലും പങ്കെടുക്കാറുമില്ല. എങ്കിലും ജീവകാരുണ്യപ്രവർത്തനങ്ങളിൽ അവർ പൂർണമനസ്സോടെയാണ് പങ്കുചേരുന്നത്. എന്നാൽ ഇത്തരം ജീവകാരുണ്യമാണോ സഭ വിഭാവനംചെയ്യുന്നത്?

## പുതുവഴികളിലൂടെ

കേരളത്തിലെ ഒരിടവകയിൽ നിന്ന് ഉത്തരേന്ത്യൻ മിഷൻ പ്രദേശത്തേക്ക് സന്ദർശനം നടത്തിയ ഒരുസംഘത്തെ അടുത്തിടെ കാണാനിടയായി. അവിടത്തെ നിസ്സഹായരും ദുഖിതരുമായ ആളുകളോടൊപ്പം പോസ് ചെയ്ത് എടുത്ത ചിത്രങ്ങളാൽ അവരുടെ ഫെയ്സ്ബുക്ക് പേജ് നിറഞ്ഞിരിക്കുകയായിരുന്നു. എത്രദിവസം ഈ അനുകമ്പ അവരിലുണ്ടാകുമെന്ന് ഞാൻ ചിന്തിച്ചു.

ഓരോ ജീസസ് യൂത്തും മിഷനറിയാണ് (every Jesus youth is a missionary) എന്നതാണ് മുന്നേറ്റത്തിന്റെ കാഴ്ചപ്പാട്. സന്ദർശകരും സന്നദ്ധ സേവകരും മിഷനറിയും എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു എന്ന് ബെനഡിക്ട് പാപ്പായുടെ വിശ്വാസത്തെയും ജീവകാരുണ്യത്തെയും പറ്റിയുള്ള നോമ്പുകാല വിചിന്തനങ്ങളുടെ അടിസ്ഥാനത്തിൽ ചിന്തിക്കുന്നത് വളരെ നല്ലതായിരിക്കും.

ആത്യന്തികമായി ഒരു മിഷനറിയുടെ പ്രവർത്തനങ്ങൾ ഉത്ഭവിക്കുന്നത് ദൈവവുമായുള്ള ബന്ധത്തിൽ നിന്നാണ്. അത് പൂർത്തിയാക്കപ്പെടേണ്ട ഒരു പ്രോജക്ട് അല്ല. അയാൾ പ്രവർത്തിക്കുന്നത് സ്വന്തം സംതൃപ്തിക്കുവേണ്ടിയുമല്ല. മിഷൻ പ്രവർത്തനത്തിന്റെ അടിസ്ഥാനം ദൈവസ്നേഹമാണ്. 1 യോഹന്നാൻ 4:16-ൽ പറയുന്നു, ദൈവത്തിനു നമ്മോടുള്ള സ്നേഹം നാം അറിയുകയും അതിൽ വിശ്വസിക്കുകയും ചെയ്തിരിക്കുന്നു.

'ക്രൈസ്തവനായിരിക്കുകയെന്നത് ഒരു ധാർമിക തിരഞ്ഞെടുപ്പിന്റെയോ ഉന്നതമായ ഒരാശയത്തിന്റെയോ ഫലമല്ല. പിന്നെയോ ഒരു സംഭവവുമായുള്ള, ഒരു വ്യക്തിയുമായുള്ള, കണ്ടുമുട്ടലിന്റെ ഫലമാണ്. ആ കണ്ടുമുട്ടൽ ജീവിതത്തിനു പുതിയൊരു ചക്രവാളവും നിർണായകമായ മാർഗനിർദേശവും നൽകുന്നു. ദൈവം ആദ്യം നമ്മെ സ്നേഹിച്ചു (cf 1 യോഹ 4:10). അതുകൊണ്ട് സ്നേഹിക്കുകയെന്നത് ഇപ്പോൾ വെറുമൊരു കല്പനയല്ല. പിന്നെയോ ദൈവം നമ്മോട് അടുത്തുവരുന്നതിന്റെ ഹേതുവായ സ്നേഹമെന്ന ദാനത്തോടുള്ള ഒരു പ്രത്യുത്തരമാണ്' (ദൈവം സ്നേഹമാകുന്നു,1)

"വിശ്വാസമെന്നത് സത്യത്തെ അറിയുകയും അതിനോട് ഒട്ടിച്ചേരുകയും ചെയ്യലാണ് (cf 1 തിമോ 2:4). പരസ്നേഹമെന്നത് സത്യത്തിൽ 'നടക്കൽ' ആണ് (cf എഫേ 4:15). വിശ്വാസത്തിലൂടെ നമ്മൾ കർത്താവുമായുള്ള സൗഹൃദത്തിലേക്കു പ്രവേശിക്കുന്നു. പരസ്നേഹത്തിലൂടെ നാം ആ സൗഹൃദത്തിൽ ജീവിക്കുകയും അതിനെ വളർത്തുകയും ചെയ്യുന്നു (cf യോഹ 15:14 ff). നമ്മുടെ കർത്താവും ഗുരുവുമായ യേശുവിന്റെ കല്പനയെ ആശ്ലേഷിക്കാൻ വിശ്വാസം നമുക്കു കാരണമായിത്തീരുന്നു. സ്നേഹം അതു പ്രയോഗത്തിലാക്കുന്നതിലുള്ള സന്തോഷം നൽകുന്നു (cf യോഹ 13:13-17). വിശ്വാസത്തിൽ നാം ദൈവമക്കളായി ജനിപ്പിക്കപ്പെടുന്നു (cf യോഹ 1:12 ff). പരിശുദ്ധാത്മാവിന്റെ ഫലം വഹിച്ചുകൊണ്ടു നമുക്കു ദൈവികപുത്രത്വത്തിൽ വസ്തുനിഷ്ഠമായി തുടരുവാൻ കാരണമായിത്തീരുന്നു. നല്ലവനും ഉദാരപൂർണനുമായ ദൈവം നമ്മെ ഏല്പിച്ച ദാനങ്ങൾ മനസ്സിലാക്കാൻ വിശ്വാസം നമ്മെ ശക്തരാക്കുന്നു (cf മത്താ 25:14-30).

കഷ്ടതയനുഭവിക്കുന്നവരുടെ ഭൗതിക ആവശ്യങ്ങൾ നിറവേറ്റി അവരുടെ സഹനങ്ങൾക്ക് ഒരു താത്ക്കാലിക പരിഹാരം കണ്ടെത്തുകയാണ് ഒരു സന്നദ്ധ സേവകൻ ചെയ്യുന്നത്. എന്നാൽ ഒരു മിഷനറിക്ക് ഏറ്റവും പ്രധാനപ്പെട്ടത് താൻ ശുശ്രൂഷിക്കുന്നവരുടെ ആത്മാക്കളാണ്. പാവങ്ങളോടൊപ്പം ആയി



രിക്കുന്നതും അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതും തീർച്ചയായും സ്നേഹത്തിൽ നിന്നുൽഭവിക്കുന്ന കരുതലിന്റെ പ്രകാശനമാണ്. ഇതെക്കുറിച്ച് ബെനഡിക്ട് പാപ്പാ പറയുന്നതിങ്ങനെയാണ്

"ചിലപ്പോൾ പരസ്നേഹത്തെ ദ്യഢൈക്യമാക്കി ചുരുക്കാനും ദ്യഢൈക്യത്തെ കേവലം മാനുഷികതാപരമായ സഹായമാക്കി ചുരുക്കാനും നമുക്കു പ്രവണതയുണ്ടാകാം. എന്നാൽ ഏറ്റവും വലിയ പരസ്നേഹപ്രവർത്തനം സുവിശേഷവൽക്കരണമാണെന്ന വസ്തുത ഓർമിക്കുക സുപ്രധാന കാര്യമാണ്. അത് 'വചനശുശ്രൂഷയാണ്: ദൈവവചനത്തിന്റെ അപ്പം മുറിച്ചുനൽകുക സുവിശേഷം പങ്കുവയ്ക്കുക, ദൈവവുമായുള്ള ബന്ധത്തിലേക്കു പ്രവേശിപ്പിക്കുക. ഇതിനെക്കാൾ ഉപകാരപ്രദമോ തന്മൂലം പരസ്നേഹപരമോ ആയ പ്രവൃത്തിയില്ല"



ഒരു മിഷനറിയുടെ മനോഭാവം ഞങ്ങൾ, എന്നോ അവർ എന്നോ അല്ല, മറിച്ച് നമ്മൾ എന്നാണ്. കാരണം നാം ക്രിസ്തുവിന്റെ ശരീരമാണ്, നമ്മൾ ക്രിസ്തുവിൽ സഹോദരങ്ങളാണ്.




മറ്റുള്ളവരെ ശുശ്രൂഷിക്കുന്നതിലൂടെ മറ്റുള്ളവർക്ക് നന്മ ചെയ്യുന്നതിലൂടെ ഒരാൾക്ക് ആത്മസംതൃപ്തി കിട്ടുന്നു. ചിലപ്പോൾ ഇതിനായി അവരുടെ സഹനങ്ങളിൽ ആത്മാർഥമായി പങ്കുചേരണമെന്നുപോലുമില്ല. എന്നാൽ ഒരു മിഷനറിയെ സംബന്ധിച്ച് സഹനങ്ങളും തിൻമകളുടെ ബഹിഷ്കരണവും പ്രവർത്തനങ്ങളുടെ ഭാഗമാണ്.

ഒരു മീറ്റിങ്ങിൽ വച്ച് മിഷൻ യാത്ര കഴിഞ്ഞ് മടങ്ങിയെത്തിയ ഒരു യുവാവിനെ കണ്ടു. കഷ്ടതയനുഭവിക്കുന്ന അനേകം പേരുടെ ജീവിതങ്ങളെ സ്പർശിക്കുവാൻ ദൈവം അദ്ദേഹത്തെ ഉപയോഗിച്ച മനോഹരമായ വഴികളെക്കുറിച്ച് പങ്കുവയ്ക്കുകയായിരുന്നു അദ്ദേഹം. പങ്കുവയ്ക്കൽ കഴിഞ്ഞപ്പോൾ പതിറ്റാണ്ടുകൾ മിഷൻ പ്രവർത്തനം നടത്തിയ ഒരു മുതിർന്ന വ്യക്തി അദ്ദേഹത്തോടു ചോദിച്ചു, ഈ മിഷൻ യാത്രകൊണ്ടു താങ്കളിലുണ്ടായ മാറ്റത്തെക്കുറിച്ച് ഒന്നു വിവരിക്കാമോ? മറുപടി പറയാൻ ആ യുവാവ് വാക്കുകൾക്കായി പരതിക്കൊണ്ടിരിക്കുമ്പോൾ നിറഞ്ഞുനിന്ന നിശ്ശബ്ദതയിൽ എനിക്ക് ബോധ്യമായത് ഒരു മിഷനറിക്കുണ്ടായിരിക്കേണ്ട സ്വഭാവസവിശേഷതയെക്കുറിച്ചാണ്. മിഷനറിക്ക് പ്രധാനം ആ യാത്ര അദ്ദേഹത്തിൽ എന്ത് ആന്തരികമാറ്റം വരുത്തി എന്നതായിരിക്കണം. എന്നാൽ ഒരു സന്നദ്ധ സേവകന്റെ ചിന്ത തന്റെ പ്രവർത്തനംകൊണ്ട് മറ്റുള്ളവർക്കും ചുറ്റുമുള്ള സ്ഥലങ്ങൾക്കും എന്തു മാറ്റം വന്നു എന്നതാണ്.

വിശ്വാസവും ജീവകാരുണ്യവും തമ്മിലുള്ള ബന്ധം മാമ്മോദീസയും കുർബാനയും തമ്മിലുള്ള ബന്ധവുമായി എങ്ങനെ സാദൃശ്യം പുലർത്തുന്നുവെന്ന് ബെനഡിക്ട് പാപ്പാ മനോഹരമായി വരച്ചുകാണിക്കുന്നുണ്ട്. "മാമ്മോദീസ (വിശ്വാസത്തിന്റെ കൂദാശ) കുർബാനയ്ക്ക് (സ്നേഹത്തിന്റെ കൂദാശയ്ക്ക്) മുമ്പേ പോകുന്നു. എന്നാൽ അതു കുർബാനയിലേക്കു നയിക്കുന്നതാണ്. കുർബാന ക്രൈസ്തവയാത്രയുടെ പൂർണതയാണല്ലോ. അതുപോലെ വിശ്വാസം പരസ്നേഹത്തിനു മുമ്പേ പോകുന്നു. പക്ഷേ, വിശ്വാസം പരസ്നേഹത്താൽ മുടിചൂടപ്പെടുന്നെങ്കിൽ മാത്രമേ യഥാർഥമാകൂ. വിനയപൂർവം വിശ്വാസം സ്വീകരിക്കുന്നതിൽനിന്ന് എല്ലാം തുടങ്ങുന്നു; ദൈവത്താൽ സ്നേഹിക്കപ്പെടുന്നുന്നെ വിശ്വാസത്തിൽ നിന്നു തന്നെ. എന്നാൽ പരസ്നേഹത്തിന്റെ സത്യത്തിലേക്ക് എത്തിച്ചേരണം (ദൈവത്തെയും അയൽക്കാരനെയും എങ്ങനെ സ്നേഹിക്കാമെന്ന് അറിയുന്നതിലേക്ക് എത്തിച്ചേരണം). പരസ്നേഹം എല്ലാ സദ്ഗുണങ്ങളുടെയും പൂർത്തീകരണമായി എന്നേക്കും നിലകൊള്ളുന്നു (cf 1 കോറി 13:13)".

ജീസസ് യൂത്ത് മുന്നേറ്റത്തിന് ആവശ്യം തീർച്ചയായും മിഷനറിമാരെ മാത്രമാണ്. യാത്രയുടെ ആരംഭത്തിൽ ഒരാൾ സന്ദർശകൻ മാത്രമായിരിക്കാം, പിന്നീട് ഒരു സന്നദ്ധ സേവകനായി മാറിയേക്കാം. എന്നാൽ ഈ യാത്ര എത്തിച്ചേരേണ്ടത് മിഷനറി എന്ന യഥാർഥ വിളിയിലേക്കാണ്. നാം നമ്മോടുതന്നെ ചോദിക്കേണ്ട അടിസ്ഥാനപരമായ ചോദ്യവുമിതാണ്. ഞാൻ സന്ദർശകനോ, സന്നദ്ധ സേവകനോ, അതോ മിഷനറിയോ? ■



## കവർസ്റ്റോറി

ലിംസ് തോമസ് ചിറയത്ത്

# ചില ചിന്തകൾ രൂപപ്പെടുവാൻ നേപ്പാളിലെ തണുപ്പ് നല്ലതാണ്

ലോകത്തിലെ ഏക ഹിന്ദു രാഷ്ട്രം, ഈശ്വരൻ കനിഞ്ഞനുഗ്രഹിച്ച ഭൂപ്രകൃതി, തൊട്ടടുത്ത് ഹിമാലയം, വ്യത്യസ്തമായ ഭാഷ, സംസ്കാരം, സമൂഹം എന്നിവയെല്ലാമായിരുന്നു, നേപ്പാളിൽ എത്തിച്ചേർന്ന സമയത്ത് മനസ്സിലുണ്ടായിരുന്ന ചിന്തകൾ. കുട്ടിക്കാനം മരിയനിലെ അവസാന വർഷ MSW പഠനത്തിന്റെ ഭാഗമായാണ് ഫീൽഡ് വർക്കിനുവേണ്ടി ഞാനും എന്റെ സഹപാഠി ദീപ്തിയും നേപ്പാളിൽ എത്തിയത്. നേപ്പാൾ സ്കൂൾ ഓഫ് സോഷ്യൽ വർക്ക് എന്ന കോളജുമായി ബന്ധപ്പെട്ട് ഫീൽഡ്



വർക്ക്, ചില NGO സന്ദർശനം, അവിടുത്തെ ആളുകളെക്കുറിച്ചും, സംസ്കാരത്തെക്കുറിച്ചും മനസ്സിലാക്കൽ എന്നതൊക്കെയായിരുന്നു രണ്ടു മാസത്തെ സന്ദർശനത്തിന്റെ ലക്ഷ്യങ്ങൾ.

കഴിഞ്ഞ ഓഗസ്റ്റ് രണ്ടിന് നേപ്പാളിന്റെ തലസ്ഥാനമായ കാഠ്മണ്ഡുവിലെത്തിച്ചേർന്ന ഞങ്ങളെ സ്വാഗതം ചെയ്തത് 12 ദിവസത്തെ തുടർച്ചയായ ഹർത്താൽ ആയിരുന്നു. താമസ സ്ഥലത്തു നിന്നും പുറത്തുപോലും ഇറങ്ങാൻ പറ്റാത്ത അവസ്ഥ. കുറേ സമയം പ്രാർഥിച്ചു. കൊന്ത ചൊല്ലിയും ബൈബിൾ വായിച്ചും സമയം നീക്കി. ഇനി എന്ത് എന്ന ചോദ്യം മാത്രമായിരുന്നു, മനസ്സിൽ ബാക്കി. ആ ദിവസങ്ങളിൽ ഞാൻ കൂടുതൽ ധ്യാനിച്ച വചനഭാഗമിതായിരുന്നു, റോമാക്കാർക്കെഴുതിയ ലേഖനം 8-ാം അധ്യായം 28-ാം വാക്യം. 'ദൈവത്തെ സ്നേഹിക്കുന്നവർക്ക്, അവിടുത്തെ പദ്ധതിയനുസരിച്ച് വിളിക്കപ്പെട്ടവർക്ക്, അവിടുന്ന് സകലതും നന്മയ്ക്കായ് പരിണമിപ്പിക്കുന്നുവെന്നു നമുക്കറിയാമല്ലോ'.

പതിനാല് ദിവസത്തിനു ശേഷം ഹർത്താലും മറ്റെല്ലാ അവധികളും അവസാനിച്ചു, കോളജിൽ പോകാൻ ആരംഭിച്ചു. ക്ലാസ്സുകൾ ആരംഭിക്കുന്നത് രാവിലെ 7-ന് ആയിരുന്നു. കോളജിലേക്ക് ഒരു മണിക്കൂറോളം നടക്കണം. ആദ്യമൊക്കെ ബുദ്ധിമുട്ടായിരുന്നെങ്കിലും, പിന്നീട് ആ നടപ്പ് ആസ്വദിച്ചു തുടങ്ങി.

ആയിടയ്ക്കാണ് ഒരു ദിവസം സേഫ് അബോർഷൻ സെന്റർ എന്ന ബോർഡ് കണ്ണിലുടക്കിയത്. ആദ്യം വലിയ ശ്രദ്ധകൊടുത്തില്ലെങ്കിലും, കോളജ് വിട്ട് മൂന്നുമണിക്ക് ഞാൻ തിരിച്ചു വരുമ്പോൾ കാണുന്ന ഒരു വലിയ തിരക്ക് എന്നിൽ അത്ഭുതമുളവാക്കി. അതിനെക്കുറിച്ച് കൂടുതൽ അന്വേഷിച്ചു. നേപ്പാളിൽ അബോർഷൻ നിയമാനുസൃതമാണെന്നും, രാജ്യത്തിന്റെ പല ഭാഗങ്ങളിലും ഇത്തരത്തിൽ സേഫ് അബോർഷൻ സെന്റർ (SAC) പ്രവർത്തിക്കുന്നുണ്ടെന്നും അറിയാൻ സാധിച്ചു.

രാവിലെ ഏഴുമണിക്ക് സെന്ററിലെത്തി അബോർഷൻ ചെയ്തുകഴിഞ്ഞ് 10 മണിയോടെ ജോലിക്കു പോകുന്ന അമ്മമാരെ കാണാൻ എനിക്ക് സാധിച്ചു. അബോർഷൻ ചെയ്യുന്നു എന്നല്ലാതെ അബോർഷനിൽ എന്താണ് ചെയ്യുന്നത് എന്ന് പല അമ്മമാർക്കും അറിവില്ല. അന്നു മുതൽ ഞാൻ കോളജിലേക്കും തിരിച്ച് ഹോസ്റ്റലിലേക്കും നടക്കുന്ന സമയം ജപമാല ചൊല്ലി പ്രാർഥിക്കാൻ തുടങ്ങി. ആദ്യം ഒരുപാട് ബുദ്ധിമുട്ടായിരുന്നെങ്കിലും, അബോർഷൻ ചെയ്യപ്പെടുന്ന എന്റെ കുഞ്ഞനുജൻമാരെയും, അനുജത്തിമാരെയും ഓർക്കുമ്പോൾ ഞാൻ അറിയാതെ ജപമാല ചൊല്ലിപ്പോകുമായിരുന്നു.

ഒരു ദിവസം വൈകിട്ട് സുഹൃത്തുക്കളുമൊപ്പം നടക്കാനിറങ്ങി. അബോർഷൻ സെന്ററിനു മുൻപിലെത്തിയപ്പോൾ ഞാൻ കുരിശുവരച്ചു. കൂടെയുണ്ടായിരുന്ന സുഹൃത്തുക്കൾ അതേക്കുറിച്ച് അന്വേഷിച്ചു. അബോർഷനെക്കുറിച്ചും, അതിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ചുമെല്ലാം അവരോട് സംസാരിക്കാൻ

ദൈവം അനുവദിച്ചു. തിരിച്ചു ഹോസ്റ്റലിൽ ചെന്നപ്പോൾ ലാപ്ടോപ്പിൽ ഉണ്ടായിരുന്ന ജീസസ് യൂത്ത് പ്രോലൈഫ് മിനിസ്ട്രി യുടെ ഫോട്ടോകളും വിഡിയോകളുമെല്ലാം അവരെ കാണിച്ചു. പലർക്കും അതൊരു പുതിയ അറിവായിരുന്നു. അബോർഷനെക്കുറിച്ച് കേട്ടറിവുമാത്രമുണ്ടായിരുന്ന അവർക്ക് ആർക്കും എന്താണ് അബോർഷനിൽ നടക്കുന്നത് എന്ന ബോധ്യം ഇല്ലായിരുന്നു.

നാളുകൾ കടന്നുപോയി. ഒരു ദിവസം വ്യക്തിപരാമായ പ്രാർഥനയിൽ വന്ന ഒരു ചിന്തയാണ് അബോർഷൻ ചെയ്യപ്പെട്ടുകഴിഞ്ഞ കുഞ്ഞുങ്ങൾക്കുവേണ്ടി പ്രാർഥിക്കണം എന്നത്. ആ ദിവസങ്ങളിലാണ് ശുദ്ധീകരണ സ്ഥലത്തെ (Purgatory) ആത്മാക്കളെക്കുറിച്ച് കൂടുതൽ ചിന്തിച്ചത്. അവർക്കുവേണ്ടിയും പ്രാർഥിക്കേണ്ടത് ആവശ്യമാണെന്നു ശക്തമായ തോന്നൽ മനസ്സിലുണ്ടായി. ഒഴിവുസമയങ്ങളിൽ ശുദ്ധീകരണസ്ഥലത്തെക്കുറിച്ച് കുടുതൽ അറിയാനും, പഠിക്കാനും ശ്രമിച്ചു. വി. ജെത്രൂദ്, വി. ഫൗസ്റ്റീന, വി. ബ്രിജിറ്റ്, വി. മെറ്റിൽഡ, വി. പാദ്രേപിയോ തുടങ്ങിയ വിശുദ്ധർക്കെല്ലാം ശുദ്ധീകരണ സ്ഥലത്തെ ആത്മാക്കളോടുള്ള പ്രത്യേക താത്പര്യത്തെക്കുറിച്ച് അറിയാൻ സാധിച്ചു. Fr. O.P. Sullivan-ന്റെ Read it or Rue it & How to avoid Purgatory എന്നീ പുസ്തകങ്ങൾ വായിക്കാനും, ശുദ്ധീകരണ സ്ഥലത്തെ ആത്മാക്കൾക്കു വേണ്ടി പ്രാർഥിക്കുന്നത് നമ്മുടെ ഉത്തരവാദിത്വവും കടമയും ആണെന്ന് മനസ്സിലാക്കാനും സാധിച്ചു. കത്തോലിക്കാ തിരുസഭ തന്നെ നാം മരിച്ചു പോയ ആത്മാക്കൾക്കുവേണ്ടി പ്രാർഥിക്കണം എന്ന് ഉത്ബോധിപ്പിക്കുന്നുണ്ട്. വിശ്വാസത്തിന്റെ ആഘോഷമായ പരിശുദ്ധ കുർബാനയിൽ നാം അവർക്കുവേണ്ടി പ്രത്യേകം പ്രാർഥിക്കുന്നു. നവംബർ 2 സകല മരിച്ചവരുടേയും ദിനമായി സഭ ആചിരിക്കുന്നു.



ഈ പ്രത്യേകമായ പ്രാർഥനയെക്കുറിച്ച് മറ്റുള്ളവരും അറിയണം എന്ന തീവ്രമായ ആഗ്രഹം മനസ്സിലുണ്ടായി. അക്കാലത്ത് കൂട്ടുകാരുമായൊക്കെ സംസാരിക്കുന്നതും കണ്ടുമുട്ടുന്നതുമൊക്കെ ഫേസ്ബുക്കിലൂടെ ആയിരുന്നു. രണ്ടായിരത്തിലധികം Friends ഉള്ള എനിക്ക് എന്തുകൊണ്ട് ഇത്രയും വ്യക്തികളിലേക്കെങ്കിലും ഈ ഭക്തിയെക്കുറിച്ച് എത്തിച്ചുകൂടാ എന്ന ചിന്തയുണ്ടായി. അതേ തുടർന്നാണ് 'Mission to Empty Purgatory'(MTEP) എന്നൊരു Facebook page തുടങ്ങാനുള്ള ചിന്ത ഈശോ തന്നത്. ചെറിയ പ്രാർഥനകളും, വിശുദ്ധരുടെ ചിന്തകളും, ദൈവവചനങ്ങളും മറ്റും ആ പേജിൽ



പോസ്റ്റ് ചെയ്തു തുടങ്ങി. നവംബർ മാസത്തിൽ ശുദ്ധീകരണ സ്ഥലത്തിലെ ആത്മാക്കൾക്കുവേണ്ടിയുള്ള നൊവേനകളും മറ്റും പോസ്റ്റ് ചെയ്യാൻ സാധിച്ചു. ഏകദേശം നൂറോളം പേർ കുറച്ചു നാളുകൾക്കുള്ളിൽ തന്നെ ആ പേജിൽ അംഗങ്ങളായി. പലരുടെയും, അനുഭവങ്ങളും പ്രാർഥനകളുമെല്ലാം പങ്കുവയ്ക്കാവുന്ന ഒരു പേജ് ആയി മാറി MTEP. ഒക്ടോബർ മാസം തിരിച്ച് നാട്ടിലെത്തിയപ്പോൾ വിശ്വസിച്ചു പ്രാർഥിച്ച വചനം ഓർത്തു വീണ്ടും നന്ദി പറഞ്ഞു. ജറമിയായുടെ പുസ്തകത്തിൽ പറയുന്നതുപോലെ ഈശോയ്ക്ക് എന്നെക്കുറിച്ചുള്ള പദ്ധതി ഒരിക്കലും എന്റെ നാശത്തിനുള്ളതല്ല. മറിച്ച് ക്ഷേമത്തിനുള്ളതാണ്.

**വി. ജെർത്രൂദിന് (St. Gertrude) ഈശോനൽകിയ പ്രാർഥന; ഭക്തിയോടും, സ്നേഹത്തോടും കൂടി ഈ പ്രാർഥന ഒരു പ്രാവശ്യം ചെല്ലുമ്പോൾ 1000 ആത്മാക്കൾ ശുദ്ധീകരണ സ്ഥലത്തു നിന്നു മോചിതരാകുന്നു.

"നിത്യനായ ദൈവമേ, ഈ ദിവസം അർപ്പിക്കപ്പെടുന്ന എല്ലാ ദിവ്യബലികളോടും ചേർത്ത് അങ്ങയുടെ പ്രിയ പുത്രനായ ഈശോമിശിഹായുടെ തിരുരക്തം ശുദ്ധീകരണ സ്ഥലത്തെ എല്ലാ ആത്മാക്കൾക്കായും സഭയിലും എന്റെ കുടുംബത്തിലും ലോകമെങ്ങുമുള്ള പാപികൾക്കായും ഞാൻ സമർപ്പിക്കുന്നു" ■



## ജയിക്കാൻ പഠിക്കാം

ജിന്റോ മാത്യു

# ഉന്നത പഠനത്തിന് ഉന്നത സ്ഥാപനങ്ങൾ



നല്ല വിദ്യാഭ്യാസവും, ഉയർന്നതൊഴിലും നിർണയിക്കുന്നതിൽ പഠിക്കുന്ന വിഷയത്തോടൊപ്പമോ, അതിലധികമോ പ്രധാനപ്പെട്ടതാണ് പഠനത്തിനായി തിരഞ്ഞെടുക്കുന്ന സ്ഥാപനം. ദേശീയ തലത്തിലും അന്തർദേശീയ തലത്തിലും ശ്രദ്ധയാകർഷിച്ചിട്ടുള്ള ധാരാളം സ്ഥാപനങ്ങൾ നമ്മുടെ രാജ്യത്തുണ്ട്. പഠിക്കുമ്പോഴോ, പഠിച്ചിറങ്ങിയാൽ ഉടനെ തന്നെയോ നല്ല ജോലി ഉറപ്പാക്കുന്നു എന്ന പ്രത്യേകതയും ഇവയ്ക്കുണ്ട്. അത്തരം ചില സ്ഥാപനങ്ങളുടെ പ്രവേശന പരീക്ഷകളെക്കുറിച്ച് ചർച്ച ചെയ്യാം.

### ഐ.ഐ.ടി. ജോയിന്റ് എൻട്രൻസ് പരീക്ഷ (IIT.JEE)

എഞ്ചിനീയറിംഗ് പഠിപ്പിക്കുന്ന രാജ്യത്തെ ഏറ്റവും മികവുറ്റ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വിദ്യാർഥികളെ കണ്ടെത്തുന്ന പരീക്ഷയാണ് IIT.JEE. ഐ.ഐ.ടികൾ, IITM, IITDM തുടങ്ങിയ ഡീംഡ് യൂണിവേഴ്സിറ്റികൾ മുതൽ ദേശീയ ശ്രദ്ധയുള്ള ഒട്ടേറെ സ്ഥാപനങ്ങളിലെ വിദ്യാർഥികൾ ഈ പരീക്ഷയിലെ ടോപ്പ് റാങ്കുകാരാണ്. +1, +2 ക്ലാസുകളിലെ ശ്രദ്ധയോടെയുള്ള പഠനം ഈ പരീക്ഷ പാസാകാൻ നന്നായി സഹായിക്കും. www.jeemain.nic.in

### കോമൺ അഡ്മിഷൻ ടെസ്റ്റ് (CAT)

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് (IIM), ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (IIT), ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് (IISc), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (NIT), ഫാക്കൽറ്റി ഓഫ് മാനേജ്മെന്റ് സ്റ്റഡീസ് (FMS) തുടങ്ങി അന്തർദേശീയ ശ്രദ്ധയാകർഷിക്കുന്ന സ്ഥാപനങ്ങളിലേക്ക് കൂടാതെ മറ്റ് അറിയപ്പെടുന്ന സ്ഥാപനങ്ങളിലും ഉയർന്ന പഠന സ്ഥാപനങ്ങളിലേക്ക് വിദ്യാർഥികളെതിരഞ്ഞെടുക്കാൻ നടത്തുന്ന പരീക്ഷയാണ് CAT. സാധാരണയായി ഒക്ടോബർ, നവംബർ മാസങ്ങളിലാണ് നടക്കുന്നത്.

### നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ മാനേജ്മെന്റ്, ആനന്ദ് (IRMA)

ഗ്രാമീണ വികസനത്തിൽ (Rural Development) താൽപര്യമുള്ളവർക്ക് ചേർന്ന സ്ഥാപനമാണ് ഇർമ. ഗ്രാജുവേഷൻ പോസ്റ്റ് ഗ്രാജുവേഷൻ, റിസർച്ച് സാധ്യതകളുണ്ട്. എൻട്രൻസ് സെപ്റ്റംബറിൽ. www.irma.ac.in

### ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസ് (TISS)

ഒരു പേരുകൊണ്ടുതന്നെ ഗുണം നിർണയിക്കപ്പെടുന്ന ചുരുക്കം ചില സ്ഥാപനങ്ങളിൽ ഒന്നാണ് TISS. സോഷ്യൽ വർക്കിൽ ഡിഗ്രി, പി.ജി, എംഫിൽ, റിസർച്ച് പ്രോഗ്രാമുകൾ, ലേബർ സ്റ്റഡീസ്, ഹെൽത്ത് സിസ്റ്റം, ഡെവലപ്മെന്റ് സ്റ്റഡീസ്, എജ്യുക്കേഷൻ, ഹാബിറ്റാറ്റ് സ്റ്റഡീസ്; ഹ്യൂമൻ ഇക്കോളജി, മീഡിയ ആൻഡ് കൾച്ചറൽ സ്റ്റഡീസ്, റൂറൽ മാനേജ്മെന്റ് തുടങ്ങിയ വിഷയങ്ങളിൽ ലോകത്തിലെതന്നെ എണ്ണപ്പെട്ട സ്ഥാപനമാണ് TISS. ധാരാളം സ്കോളർഷിപ് പ്രോഗ്രാമുകളും സ്പോൺസർഷിപ് പ്രോഗ്രാമുകളും ഇവിടെയുണ്ട്. ഡിസംബർ, ജനുവരി മാസങ്ങളിലാണ് എൻട്രൻസ്. www.Tiss.edu

### ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറിൻ ട്രേഡ് (IIFT)

ഫോറിൻ ട്രേഡ് മാനേജ്മെന്റ് താൽപര്യമുള്ള ഡിഗ്രിക്കാർക്കുള്ള ഏറ്റവും നല്ല സ്ഥാപനമാണ് IIFT. ഡീംഡ് യൂണിവേഴ്സിറ്റിയാണ്. ധാരാളം ഇന്റർനാഷണൽ സ്റ്റഡി എക്സ്ചേഞ്ച് പ്രോഗ്രാമുകൾ സ്ഥാപനത്തിന്റെ പ്രത്യേകതയാണ്. എൻട്രൻസ് നവംബറിൽ. www. iift.edu

### നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗഷേൻ (NTTF)

1963-ൽ സ്ഥാപിതമായ ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ടുകളിലെ തുടക്കക്കാരിൽ ഒന്നാണ് NTTF. പോസ്റ്റ് ഗ്രാജുവേറ്റ് ഡിഗ്രി, പിജി ഡിപ്ലോമ, ഡിപ്ലോമ, സർട്ടിഫിക്കറ്റ് കോഴ്സുകൾ തുടങ്ങി എല്ലാ ടെക്നിക്കൽ വിഷയങ്ങളിലും ഇവിടെ പഠിക്കാനാവും. കേരളത്തിലെ സെന്ററുകളടക്കം 30-ഓളം പരിശീലന സ്ഥാപനങ്ങളുണ്ട്. ടൂൾ ആൻഡ് ഡൈ മേക്കിങ്ങിലാണ് NTTF പ്രശസ്തമായിരിക്കുന്നത്. മേയിലാണ് എൻട്രൻസ് www. nttftrg.com ■

## ചോദിക്കൂ പറയാം

ഡോ. സൂസി ജോസ്



# മടി മാറും, മനസ്സുവച്ചാൽ

ഒരു ശരാശരി മലയാളിയുടെ അലസത മുഴുവൻ എനിക്കുണ്ട്. കഠിനപ്രയത്നം ചെയ്യണമെന്ന ആഗ്രഹമൊക്കെ ഉണ്ടെങ്കിലും അതൊന്നും പ്രവൃത്തിപഥത്തിൽ എത്തിക്കാൻ എനിക്കാവുന്നില്ല. എന്റെ ചുറ്റുമുള്ളവർ, കണ്ടുമുട്ടുന്നവർ ഒക്കെ രാപകലില്ലാതെ അധ്വാനിക്കുന്നതും, ഉന്നതസ്ഥാനീയരായി മാറുന്നതുമൊക്കെ കാണുമ്പോൾ എനിക്കും എന്തുകൊണ്ടങ്ങനെ ആയിക്കൂടാ എന്ന ചിന്ത ഉള്ളിലുണ്ടാവും. എന്നാൽ അടുത്തനിമിഷം ആ ആഗ്രഹം അണഞ്ഞുപോവുകയും ചെയ്യും. ജീവിതത്തിലൊരു മാറ്റമുണ്ടാക്കണമെന്ന ആഗ്രഹം എങ്ങനെ സഫലമാക്കാനാവും?



ശരാശരി മലയാളിയുടെ അലസതയെപ്പറ്റി പല വ്യാഖ്യാനങ്ങളും നാം കേട്ടിട്ടുണ്ടെങ്കിലും അതുപോലെതന്നെ ഉന്നതസ്ഥാനീയരായ ആദരണീയരായ മലയാളികളും നമുക്ക് സുപരിചിതരാണ്. അലസതയും മടിയുമൊക്കെ മലയാളിയുടെ മാത്രം പ്രത്യേകതയൊന്നുമല്ല. ജീവിതത്തെ വളരെ ലാഘവബുദ്ധിയോടെ കാണുന്ന ഏതൊരു മനുഷ്യന്റെയും കൂടെപ്പിറപ്പാണത്. ഇതൊരു ശാശ്വതമായ അവസ്ഥാവിശേഷമല്ല. ജീവിതത്തിലെ ചില പ്രത്യേക കാലഘട്ടത്തിലൂടെ കടന്നുപോകുമ്പോൾ അലസന്മാരും കാര്യശേഷി കുറഞ്ഞവരുമായിരുന്ന എത്രയോപേർ പിന്നീട് ജീവിതവിജയം കൈവരിച്ചതായി നാം കണ്ടിട്ടുണ്ട്. നിഷേധാത്മകമായ നിലപാടുകൾ വെടിഞ്ഞ് ക്രിയാത്മകമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യാൻ തയ്യാറായാൽ ശരാശരി നിലവാരം പുലർത്തുന്നവരായാൽപോലും ഏതൊരാൾക്കും ജീവിതവിജയം നേടാനാകും. എഫേസോസ് 5:16-ൽ പറയുന്നു: “സമയം പരമാവധി ഉപയോഗിക്കുക”. ഉചിതമായ രീതിയിൽ സമയം ഉപയോഗിക്കാൻ ശീലിച്ചാൽ ജീവിതത്തിൽ നഷ്ടപ്പെട്ടുപോയി എന്നു കരുതുന്ന പലതും നമുക്ക് തിരിച്ചുപിടിക്കാനാവും.

“എനിക്ക് എന്നിൽത്തന്നെ ആശ്രയിക്കാനാവാത്തതുകൊണ്ട് ദിവസത്തിൽ ഇരുപത്തിനാലുമണിക്കൂറും ദൈവത്തെ ആശ്രയിക്കുന്നു”. മദർ തെരേസയുടെ വാക്കുകളാണിവ. നാം ഇതിന് നേരെ വിപരീതമായ ദിശയിലേക്കാണ് യാത്ര ചെയ്യുന്നത്. അതുകൊണ്ടു കൂടിത്തന്നെയാണ് എത്രയൊക്കെ ആഗ്രഹിച്ചിട്ടും ശ്രമിച്ചിട്ടും നാം വീണ്ടും സ്റ്റാർട്ടിങ് പോയിന്റിൽ തന്നെയായിരിക്കുന്നതും. നമ്മിൽ പലരും എപ്പോഴും സ്വന്തം കഴിവിൽ അഹങ്കരിക്കുന്നവരും ദൈവത്തെ ആശ്രയിക്കാതെ എല്ലാകാര്യവും സ്വയം ചെയ്യാൻ ശ്രമിക്കുന്നവരുമാണ്. ദിവസത്തിൽ ഇരുപത്തിനാലുമണിക്കൂറും ദൈവമേയെന്ന് ഓർക്കാനായില്ലെങ്കിൽപോലും അവിടുത്തെ മറന്ന് ഒന്നിലും വ്യാപരിക്കാതിരുന്നാൽ എത്രയോ മെച്ചമാകുമായിരുന്നു നമ്മുടെ സ്ഥിതി. മറ്റുള്ളവരുടെ വളർച്ച കാണുമ്പോൾ എന്തെങ്കിലുമൊക്കെ ആയിത്തീരണം എന്ന ഒരാഗ്രഹം ഉള്ളിലുണ്ടാകുന്നുണ്ടല്ലോ! അപ്പോൾ തന്നിൽത്തന്നെ ആശ്രയിക്കാതെ ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് ഒന്നു പരിശ്രമിച്ചുനോക്കൂ. നാം എപ്പോഴും സൗകര്യപൂർവം മറന്നുകളയുന്ന ഒന്നാണ് ദൈവം.

ഇനി നമ്മുടെ യാത്രാവേളകളിൽ ബോധപൂർവം ദൈവത്തെക്കൂടി ഉൾപ്പെടുത്തി നോക്കൂ. ദൈവഹിതത്തിന് അനുയോജ്യമായ വിധത്തിലുള്ള നേട്ടങ്ങൾ നമുക്കുണ്ടാക്കാനാകും ദൈവം നമ്മോടൊപ്പം കൂട്ടിനുണ്ടായാൽ. ഈയൊരവബോധം എപ്പോഴും ഉള്ളിലുണ്ടാകണം. അതോടൊപ്പം നന്നായി പ്രാർഥിക്കുകയും, നന്നായി കഠിനാധ്വാനം ചെയ്യുന്നവരുമായി അടുത്തിടപഴകാനും, അവരുടെ ശൈലികളിൽ അനുകരണീയമായ അംശങ്ങൾ ഉണ്ടെങ്കിൽ അത് നമ്മുടെ ജീവിതത്തിൽ സ്വീകരിക്കാനും ശ്രമിക്കണം. അലസതയും നിരാശയുമൊക്കെ വഴിമാറി പോകുന്നത് കാണാനാകും. ശൈശവത്തിലേയും കൗമാരത്തിലേയുമൊക്കെ നിസ്സംഗതയും അലസതയുമൊക്കെ ആ ജീവിതകാലഘട്ടത്തിന്റെ ഒരു പ്രത്യേകത മാത്രമാണ്. ജീവിതത്തെ ഗൗരവപൂർവം കാണുകയും ജീവിതവിജയത്തിനായി ആഗ്രഹിക്കുകയും പ്രയത്നിക്കുകയും ചെയ്യുന്ന സമയദശയിലൂടെ പിന്നീട് ഓരോ വ്യക്തിയും കടന്നുപോകേണ്ടതായിട്ട് വരുന്നു. അപ്പോൾ എത്ര അലസനായിരുന്നാലും ജീവിതവീക്ഷണവും ശൈലിജന്യ സ്ഥിതിവിശേഷങ്ങളും മാറിമറിയുന്നതായിട്ട് അനുഭവവേദ്യമാകും. ഇന്നുമുതൽ ഉണർന്ന് പ്രവർത്തിക്കാൻ സന്നദ്ധനാകുക. ദൈവകരം പിടിച്ച് മുന്നേറുക. സന്തോഷവും സംതൃപ്തിയും ജീവിതത്തിൽ കൈവരിക്കാനാവും ■

*ആശംസകളോടെ, സൂസിചേച്ചി*



## വാർത്താവിചാരം

സണ്ണി കോക്കാപ്പിള്ളിൽ

### നാടോടികളും മനുഷ്യരല്ലേ?

വീട്ടിലേക്കുള്ള യാത്രയിൽ കോഴിക്കോട്ട് ട്രെയിൻ ഇറങ്ങി സ്റ്റേഷനിൽ നിന്നും രാത്രിയിൽ ബസ്സ്റ്റാൻഡിലേക്കു പോകുമ്പോൾ റോഡിന്റെ സൈഡിലുള്ള നടപ്പാതയിൽ തുണിവിരിച്ച് കിടന്നുറങ്ങുന്ന നാടോടി കുടുംബങ്ങൾ ഹൃദയം നുറുങ്ങുന്ന വേദനയാണ് സമ്മാനിക്കാറുള്ളത്. പ്രത്യേകിച്ചും, തണുപ്പും കൊതുകുകടിയും സഹിക്കവയ്യാതെ ചെറിയ കുഞ്ഞുങ്ങൾ നിലവിളിക്കുന്നതു കാണുമ്പോൾ ആരുടെ മനസ്സാണ് നോവാത്തത്! അന്തിയുറങ്ങാൻ ഒരു കൂരയില്ലാത്തതുകൊണ്ടാണല്ലോ ഓരോ രാത്രികളും അവർക്ക് ബീഭത്സമായിത്തീരുന്നത്.

ഇവരിൽ സ്ത്രീകൾക്കു മാത്രമല്ല, കുഞ്ഞുങ്ങൾക്കും യാതൊരു സുരക്ഷിതത്വവുമില്ല.



അതുകൊണ്ടാണല്ലോ മലപ്പുറം തിരൂരിൽ ഒരു മനുഷ്യപ്പിശാച് മൂന്നു വയസ്സുള്ള ഒരു പെൺകുഞ്ഞിനെ എടുത്തുകൊണ്ടുപോയി പീഡിപ്പിച്ചത്. സ്ഥിരമായി ജയിലിൽ തളയ്ക്കേണ്ട കൊടും കുറ്റവാളികൾ സമൂഹത്തിലുണ്ട്. ഇത്തരക്കാർ ഏതു നീചകൃത്യം ചെയ്യാനും മടിക്കുകയില്ല. സ്വർഗത്തെപ്പോലെ നരകവും എന്നുമുള്ളതുകൊണ്ട് എല്ലാ വ്യക്തികളും മാനസാന്തരത്തിലേക്കു വരുമെന്ന് നാം പ്രതീക്ഷിക്കരുത്. നാശത്തിന്റെ സന്തതികളെ കരുതിയിരിക്കുകതന്നെ വേണം.

തിരൂർ സംഭവത്തിന്റെ പശ്ചാത്തലത്തിൽ നാടോടികൾക്കു തങ്ങാനായി ഒരു കോടി രൂപ മുടക്കി രാത്രിഷെൽട്ടർ കോഴിക്കോട്ടു പണിയുമെന്ന മന്ത്രി എം.കെ. മുനീറിന്റെ പ്രഖ്യാപനം ഏറെ സന്തോഷം പകരുന്ന ഒന്നാണ്. ഒന്നു കിടന്നുറങ്ങാനെങ്കിലും നാടോടിക്കുഞ്ഞുങ്ങൾക്ക് അവസരം ഉണ്ടാകട്ടെ. അന്നന്നത്തെ ആവശ്യത്തിനപ്പുറം മറ്റൊരു പ്രത്യാശയുമില്ലാത്തവരാണ് നാടോടികൾ. യഥാർഥ സന്തോഷം ആരും കാണിച്ചുകൊടുക്കാത്തതിനാൽ അവരിലെ ഭൂരിപക്ഷം സ്ത്രീപുരുഷന്മാരും മദ്യത്തിൽ അഭയം തേടുന്നു. ചെറിയ കുഞ്ഞുങ്ങളുടെ സ്ഥിതി ദയനീയമാണ്. പകൽ മുഴുവൻ മാന്യജനങ്ങളുടെ ആട്ടു കേൾക്കാൻ വിധിക്കപ്പെട്ടവർ. രാത്രിയിൽ ഏതെങ്കിലും മനുഷ്യാധമന്മാർ ചാടിവീഴുമോ എന്നോർത്തു കിടക്കണം. ജനിച്ചുപോയവർക്ക് ജീവിക്കാതിരിക്കാൻ പറ്റില്ലല്ലോ.

സുവിശേഷ തീക്ഷ്ണതയുമായി ചിലർ ഉത്തരേന്ത്യയിലേക്കും വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലേക്കും കടന്നുപോകുന്നതു കാണാം. കാണാക്കാഴ്ചകൾ കാണാം. ഒത്തെങ്കിൽ ഈശോയെ സാക്ഷ്യപ്പെടുത്തുകയും ചെയ്യാമായിരിക്കും. കേരളത്തിലെ നഗരങ്ങളിലും ഗ്രാമങ്ങളിലും ആയിരക്കണക്കിനു നാടോടികൾ വെയിലും മഴയുമേറ്റു കിടക്കുന്നു. മാനസിക പ്രശ്നങ്ങളും ദുഃശീലങ്ങളും കുറ്റകൃത്യങ്ങളുമൊക്കെയായി അവരെയങ്ങ് അലയാൻ വിട്ടാൽ മതിയോ? മനുഷ്യപുത്രനു തലചായ്ക്കാനിടമില്ല. കത്തോലിക്കന് ഇതറിയേണ്ട കാര്യവുമില്ലല്ലോ. ക്രിസ്മസും ഈസ്റ്ററും കടന്നുപോയിക്കൊണ്ടിരിക്കും. എങ്കിലും, ആരെയോ നോക്കി മനുഷ്യപുത്രൻ ഗാഗുൽത്തായിൽ നിന്നു വിലപിക്കുന്നു: 'എനിക്കു ദാഹിക്കുന്നു.'

### കൂടംകുളം ഇന്ത്യയെ കുളമാക്കുമോ?

2012 ഫെബ്രുവരിയിൽ സെർജി ഷൂടോവ് എന്ന സർക്കാർ ഉദ്യോഗസ്ഥൻ റഷ്യയിൽ അറസ്റ്റിലായത് കൂടംകുളത്തുകാരുടെ നെഞ്ചിടിപ്പ് വർധിപ്പിച്ചിരിക്കുന്നു. റഷ്യൻ ആണവോർജ വകുപ്പായ

**പട്ടാളക്കാർ നൽകിയ മധുരം നുണഞ്ഞുകൊണ്ട് ബാല്യസഹജമായ നിഷ്കളങ്കതയോടെ അകലേക്കു നോക്കിയിരിക്കുന്ന 12 കാരന്റെ മുഖഭാവം ഓമനത്തം തുളുമ്പുന്നതാണ്**





റൊസാറ്റത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്റ്റീം ജനറേറ്റർ കമ്പനിയായ സിയോ പൊദോൾസ്ക് എന്ന സ്ഥാപനത്തിലെ പ്രൊക്യൂർമെന്റ് ഡയറക്ടർ ആയിരുന്നു സെർജി ഷൂടോവ്. കമ്പനി നിർമിക്കുന്ന ആണവനിലയങ്ങൾക്കാവശ്യമായ ഉപകരണങ്ങൾക്ക് വേണ്ട ലോഹങ്ങൾ അംഗീകൃത മാനദണ്ഡങ്ങൾ പാലിക്കാതെ നിലവാരം കുറഞ്ഞവ വാങ്ങിക്കുകയും കമ്മീഷൻ തട്ടുകയും ചെയ്തു എന്നതാണ് അദ്ദേഹം ചെയ്ത കുറ്റം. ഈ സ്ഥാപനത്തിൽ നിർമിക്കപ്പെട്ട മെഷീനറികൾ കൂടംകുളം ആണവനിലയത്തിൽ ഉപയോഗിച്ചിട്ടുണ്ട് (മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2013 മാർച്ച് 10).

കൂടംകുളം ആണവനിലയ നിർമാണത്തിൽ ഗുരുതരമായ പല വീഴ്ചകളും ഉണ്ടായിട്ടുണ്ടെന്നു പറയപ്പെടുന്നു. അതുകൊണ്ടാണുപോലും 2012 ജൂണിൽ കമ്മീഷൻ ചെയ്യുമെന്നു പറഞ്ഞിട്ട് പല പ്രാവശ്യം നീട്ടിവയ്ക്കേണ്ടിവരുന്നത്. ആണവനിലയങ്ങളുടെ സുരക്ഷയെക്കുറിച്ച് വലിയ ചർച്ചകൾ ലോകത്തെങ്ങും നടക്കുന്നു. അതിനിടയിലാണ് നിർമാണത്തിലെ ഗുരുതരമായ പാളിച്ചകളും. സമീപദേശത്തെ ജനങ്ങൾക്ക് ഇനി എന്തു സുരക്ഷയാണുള്ളത്? മാത്രമല്ല, ആണവമാലിന്യങ്ങൾ എവിടെ നിക്ഷേപിക്കുമെന്ന് ഇതുവരെയും തീരുമാനമെടുത്തിട്ടുകൂടിയില്ല. കൂടംകുളം ആണവനിലയം പൂർണമായി പ്രവർത്തനക്ഷമമാകുമ്പോൾ ഓരോ വർഷവും പുറംതള്ളപ്പെടുന്നത് 150 ടൺ ആണവാവശിഷ്ടങ്ങളാണ്. ആയിരക്കണക്കിനു വർഷങ്ങൾ സുരക്ഷിതമായി സൂക്ഷിക്കേണ്ടതാണിവ മുഴുവനും.

ഏകദേശം 17000-യിരത്തിൽപരം കോടി രൂപ കൂടംകുളത്ത് ചെലവഴിച്ചതായി പറയപ്പെടുന്നു. ഇത്രയും തുകയ്ക്ക് സൗരോർജ പാനലുകൾ വിതരണം ചെയ്തിരുന്നെങ്കിൽ അനുവികിരണത്തെ ഭയപ്പെടാതെ കഴിയാമായിരുന്നു. പക്ഷേ, റഷ്യൻ കമ്പനികളും ജീവിച്ചുപോകണമല്ലോ. ഇന്ത്യൻ ആണവ ലോബിയുടെ വിശാലമനസ്ക്കതയെ എങ്ങനെ അഭിനന്ദിക്കാതിരിക്കും?

## ഒടുങ്ങാത്ത ക്രൂരതകളുടെ ദുരിതക്കാഴ്ചകൾ

www.nofirezone.org എന്ന വെബ്സൈറ്റ് ഇന്ന് ലോകമനസ്സാക്ഷിയെ ഞെട്ടിപ്പിക്കുന്ന ദൃശ്യങ്ങൾ പുറത്തുവിട്ടിരിക്കുന്നു. ശ്രീലങ്കയിലെ തമിഴ് വംശജർ അനുഭവിച്ചുകൊണ്ടിരിക്കുന്ന കൊടിയ ദുരിതാനുഭവങ്ങളുടെ വിശദാംശങ്ങളാണ് അതിലുള്ളത്. തമിഴ്പുലികളുടെ നേതാവ് വേലുപ്പിള്ള പ്രഭാകരന്റെ ഇളയ പുത്രനായ ബാലചന്ദ്രന്റെ മരണത്തിനു തൊട്ടുമുൻപും പിൻപുമുള്ള ചിത്രങ്ങളാണ് മനുഷ്യമനസ്സാക്ഷിയെ മരവിപ്പിക്കുന്ന കാഴ്ചയായി മാറിയത്. ഏതോ പട്ടാളക്കാരൻ മൊബൈൽ ഫോണിൽ പകർത്തിയ ചിത്രങ്ങളാണിത്.

പട്ടാളക്കാർ നൽകിയ മധുരം നുണഞ്ഞുകൊണ്ട് ബാല്യസഹജമായ നിഷ്കളങ്കതയോടെ അകലേക്കു നോക്കിയിരിക്കുന്ന 12 കാരന്റെ മുഖഭാവം ഓമനത്തം തുളുമ്പുന്നതാണ്. തൊട്ടടുത്ത നിമിഷത്തിൽ നെഞ്ചിൽ വെടിയേറ്റു മരിച്ചുകിടക്കുന്ന ചിത്രവും കാണുമ്പോഴാണ് മനുഷ്യന്റെ അതിരില്ലാത്ത ക്രൂരതകൾ ഏതുതരത്തിലുള്ള യുദ്ധമായാലും കുഞ്ഞുങ്ങളോടു വേണമോയെന്നു ചോദിച്ചുപോകുന്നത്. കുഞ്ഞുങ്ങൾ മാലാഖമാരാണ്. മാലാഖമാരെ വെടിവച്ചു കൊല്ലുന്നത് ആരായിരിക്കും?

## അരുണാചൽ പ്രദേശിനെ കണ്ടു പഠിക്കുക

ഇന്ത്യയുടെ മിക്ക ഭാഗങ്ങളിലും രാത്രിയാത്രയെ ഭയപ്പാടോടെയാണ് സ്ത്രീകൾ കരുതുന്നത്. ഏതു നിമിഷത്തിലും ഒരു മനുഷ്യാധമൻ ചാടിവീഴുമോയെന്ന് ഭയപ്പെടണം. ഇതുകാരണം പല സ്ത്രീകളുടെയും ജീവിതം വെല്ലുവിളി നിറഞ്ഞതാകുന്നു. എന്നാൽ ബഹുഭൂരിപക്ഷവും കത്തോലിക്കർ നിറഞ്ഞ അരുണാചൽപ്രദേശിൽ ഏതു പാതിരാത്രിക്കും എവിടെയും തനിച്ചു സഞ്ചരിക്കാൻ സ്ത്രീകൾക്കു കഴിയുന്നു. ഒരു വ്യക്തിയും ഇരുട്ടിന്റെ മറവിൽ സ്ത്രീയുടെ മേൽ ചാടിവീഴാൻ അവിടെ പതിയിരിക്കാറില്ല. ദൈവവിശ്വാസവും മൂല്യബോധവുമുള്ള ഗോത്രവർഗക്കാരാണ് അവർ. ഇന്ന് ടി.വി.-യും കമ്പ്യൂട്ടറുമൊക്കെ മിക്ക വീടുകളിലുമുണ്ട്. പരിഷ്കൃത ജീവിതത്തിലേക്കു കടന്നുവന്നിട്ട് ഏതാനും ദശകങ്ങളേ ആയിട്ടുള്ളൂ. നൂറുശതമാനം കത്തോലിക്കർ വസിക്കുന്ന ഒരു ഗ്രാമം കേരളത്തിലുണ്ടെങ്കിൽ അവിടെയും സ്ത്രീയുടെ സുരക്ഷിതത്വം നമുക്ക് ഉറപ്പുകൊടുക്കാൻ കഴിയുമോ? യഥാർഥ ക്രിസ്തീയ ജീവിതത്തിലേക്ക് നാം ഇനിയുമെത്രയോ ദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു! (സൺഡേ ശാലോം, മാർച്ച് 10, 2013) ■

## കലപില



അരുൺ ആന്റണി

# ഡേവിഡ് & ഗോലിയാത്ത്

ബൈബിൾ കഥകൾ സിനിമയാകുന്നത് മലയാളത്തിൽ ഒരു പുതുമയല്ല. എന്നാൽ, ബൈബിളിലെ ആശയങ്ങൾക്ക് ആധുനിക ലോകത്തിന്റെ പരിവേഷം ചാർത്തി അവതരിപ്പിക്കുന്നത് അപൂർവതയാണ്. അത്തരം ഒരു അപൂർവ സൃഷ്ടിയാണ് രാജീവ്നാഥിന്റെ 'ഡേവിഡ് & ഗോലിയാത്ത്' എന്ന ചലച്ചിത്രം.

തിന്മയുടെ മേൽ നന്മയുടെ വിജയമാണ് പഴയനിയമത്തിൽ ദാവീദിന്റെ വിജയഗാഥ പറഞ്ഞു വയ്ക്കുന്നത്. ഈ വിജയത്തിൽ ദൈവത്തിന്റെ കരുതലും അനുഗ്രഹവും തെളിഞ്ഞു കാണാം. പഴയ നിയമത്തിലെ ദാവീദിനെ




പോലെ സിനിമയിലെ ദാവീദും ദുർബലനാണ്; ഗോലിയാത്ത് അതിശക്തനും! ഇവിടെ 'ശക്തി' എന്നത് പണവും അറിവും സ്വാധീനവും ഒക്കെയാണ്. ചരിത്രത്തിലെ പോലെ ശക്തന്റെ മനസ്സിൽ തിന്മയുടെ അംശങ്ങൾ കാണാം, അത് അത്യാഗ്രഹത്തിന്റെയും സാർഥതയുടെയും, ദുരഭിമാനത്തിന്റെയും ഒക്കെ രൂപത്തിലാണ്. ദാവീദ് ദുർബലനാണ്; എങ്കിലും അവനിൽ നന്മയുണ്ട്, ദൈവചിന്തയുണ്ട്, ദൈവാശ്രയത്വവുമുണ്ട്. ഇവിടെയും ഒരു ചെറിയ യുദ്ധമുണ്ട്, മനസ്സുകൾക്കിടയിൽ, ചോരപൊടിയാത്ത ഒരു യുദ്ധം. വീണ്ടും ചരിത്രം ആവർത്തിക്കുന്നു. ദൈവം ദാവീദിനോട് കൂടെ!

ആശയപരമായി 'ദാവീദും ഗോലിയാത്തും' എന്നും ഒരു ക്ലാസിക്കാണ്, ഒരു മഹാസാഗരമാണ്. ശക്തമായ ഈ ആശയം സംവദിക്കുവാൻ ശ്രമിക്കുന്നുണ്ടെങ്കിലും ഒരു സിനിമയുടെ 'ഫോർമുല' യിൽ ഈ ചലച്ചിത്രം പലയിടത്തും പരാജയപ്പെടുന്നു. എങ്കിലും, കാത്തിരിക്കുക ഈ നല്ല പരിശ്രമം ഒന്നാസ്വദിക്കുവാൻ.

# ജീസസ് യൂത്ത് ഔദ്യോഗിക ഫെയ്സ്ബുക്ക് പേജ് ശ്രദ്ധേയമാകുന്നു.

ഫെയ്സ്ബുക്കിൽ ജീസസ് യൂത്തിൽ നിന്നുള്ള അന്തർദേശീയ വിവരങ്ങൾ ലഭ്യമാകുന്ന ഔദ്യോഗിക പേജാണ് 'Jesus Youth International'. പേജ് 'ലൈക്ക്' ചെയ്യുകവഴി ജീസസ് യൂത്ത് മുന്നേറ്റത്തിൽ നിന്നുള്ള പുത്തൻ വാർത്തകൾ നമ്മുടെ വിരൽതുമ്പിൽ ലഭ്യമാകുന്നു. കൂടുതൽ വിവരങ്ങൾക്ക് സന്ദർശിക്കുക, 'ലൈക്ക്' ചെയ്യുക.

www.facebook.com/jesusyouthinternational

facebook

കെയ്റോസ് വിശേഷങ്ങൾ
ഓരോദിവസവും അറിയാനും
വിവിധ പ്രവർത്തനങ്ങളിൽ പങ്കുചേരാനും
**facebook.com/Readkairos**
ലൈക്ക് ചെയ്യുക.